
www.malankaralibrary.com

# തപശക്തിയിൽ ജ്വലിച്ചുനിന്ന ബനഡിക്ട് മാർ ഗ്രിഗോറിയോസ്



ബഥനി ശബ്ദം സ്മരണിക

www.malankaralibrary.com

# തപശക്തിയിൽ ജ്വലിച്ചുനിന്ന ബനഡിക്ട് മാർ ഗ്രിഗോറിയോസ്

www.malankaralibrary.com

BETHANY SABDHAM

1994 November No. 55

Editor : Fr. John Elavinakuzhiyil O.I.C

Publisher : Bro. G. Gracious Karimpanamannil O.I.C

Printed at : Bethany Press, Kottayam-10

Distributors : BETHANY BOOK STALL

Tiruvalla, S. Bathery, Trivandrum and Nedumangadu.

www.malankaralibrary.com

# അനുസ്മരണ

ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ നിര്യാണം മലങ്കര സഭയെയും ഭാരത സഭയെയും ആകമാനം സ്പർശിച്ചിട്ടുണ്ട്. കേരള ജനതയിലും അദ്ദേഹത്തെ അടുത്തറിഞ്ഞ മിത്രങ്ങളിലും ഒരു നഷ്ടബോധം അത് ഉളവാക്കിയിട്ടുണ്ട്. അദ്ദേഹത്തിൻെറ ഉന്നതമായ ജീവിതാദർശങ്ങളും അതുല്യമായ സിദ്ധികളും ബഹുലമായ കർമ്മപരിപാടികളും ഏവരെയും ആകർഷിച്ചിട്ടുണ്ട്. ബഹുമുഖമായ ഒരു വ്യക്തിത്വത്തിൻെറ ഉടമയായിരുന്നു അദ്ദേഹമെന്നുള്ളത് വ്യാപകമായി അംഗീകരിക്കപ്പെട്ടിട്ടുമുണ്ട്. സന്യാസത്തോടും സന്യാസജീവിതത്തോടുമുള്ള അദ്ദേഹത്തിൻെറ ആഭിമുഖ്യം അദ്ദേഹത്തിൻെറ ജീവിതത്തെ ആഴമായി സ്വാധീനിച്ച ഒരു ഘടകമായിരുന്നുവെന്നുള്ളത് കൂടുതൽ ശ്രദ്ധയാകർഷിക്കേണ്ട ഒരു വിഷയമാണ്. ആ വിഷയത്തിന് ഒരാമുഖമാണ് ബഥനി സന്യാസികൾ അവതരിപ്പിക്കുന്ന ഈ ചെറുപ്രസിദ്ധീകരണം.

അഭിവന്ദ്യ ഗ്രിഗോറിയോസ് തിരുമേനി ബഥനി സമൂഹത്തിലെ ഒരു സന്യാസിയും ആശ്രമാംഗവുമായിരുന്നു. ഒരു പക്ഷെ, അദ്ദേഹത്തിൻെറ വ്യക്തിഗത ഗുണങ്ങൾ പുഷ്ടിപ്പെടുന്നതിന് ആവശ്യമായിരുന്ന അടിസ്ഥാന സങ്കേതങ്ങൾ അദ്ദേഹത്തിൻെറ സന്യാസജീവിതപരിശീലനമായിരുന്നുവെന്നു പറയാം. ആഴമായ പ്രാർത്ഥനാജീവിതവും അചഞ്ചലമായ ദൈവഭക്തിയും സുകൃതാഭ്യാസങ്ങളും ലളിതജീവിതശൈലിയും സന്യാസവിരക്തിയും സമ്പൂർണ്ണ പരിത്യാഗവും എല്ലാം ഉരുവായ ഗർഭഭൂമി അദ്ദേഹത്തിൻെറ ആദ്യകാല സന്യാസമായിരുന്നുവെന്ന് മനസ്സിലാക്കാനുള്ളതേയുള്ളൂ. സന്യാസസമൂഹജീവിതത്തിൽ തുടരുവാനുള്ള സാദ്ധ്യതയും സന്ദർഭവും അദ്ദേഹത്തിനു സാഫല്യമായില്ലെന്നുള്ളത് സത്യമാണ്. എന്നാൽ അദ്ദേഹം ആർജ്ജിച്ച സന്യാസ ജീവിതശൈലിയും പാഠങ്ങളും അദ്ദേഹത്തിൻെറ ബഹുമുഖമായ ജീവിതത്തിൽ സദാ പ്രകടമായിരുന്നുവെന്നത് ഏവർക്കും വ്യക്തമായിരുന്നു. സന്യാസസമൂഹ

www.malankaralibrary.com

ജീവിതത്തിൽ പങ്കുചേരുന്നതിനും സമൂഹത്തിൻെറ തനതായ പ്രവർത്തനമണ്ഡലങ്ങളിൽ ഉൾപ്പെടുന്നതിനും അഭിവന്ദ്യ തിരുമേനിക്ക സാദ്ധ്യമായില്ലെങ്കിലും, തികച്ചും ശക്തമായ സന്യാസചൈതന്യം ഉൾക്കൊള്ളുന്നതും പ്രസരിക്കുന്നതുമായ ഒരു ലളിതജീവിതശൈലിയായിരുന്നു അഭിവന്ദ്യതിരുമേനി സ്വായത്തമാക്കിയിരുന്നത്. സന്യാസത്തിൽ പരമ്പരാഗതമായി ഉൾക്കൊണ്ടിരുന്ന ജീവിതമൂല്യങ്ങൾ അഭിവന്ദ്യ പിതാവ് എല്ലായിടത്തും എല്ലായ്പ്പോഴും ശ്ലാഘിച്ചിരുന്നു. അവയോടുള്ള പ്രതിബദ്ധത അനന്യസാധാരണമായി പുലർത്തുകയും ചെയ്തിരുന്നു. ബഥനി സന്യാസസമൂഹം പ്രതിഷ്ഠിച്ചിരിക്കുന്ന സന്യാസജീവിതാദർശം തൻേറതായ ജീവിതാന്തസ്സിൽ ആത്മാർത്ഥമായി ആവിഷ്ക്കരിക്കുന്നതിന് അഭിവന്ദ്യ ഗ്രിഗോറിയോസ് തിരുമേനിക്ക് കഴിഞ്ഞിട്ടുണ്ടെന്ന് അഭിമാനത്തോടെ നമുക്കു സാക്ഷ്യപ്പെടുത്താവുന്നതാണ്.

**+ സിറിൽ മാർ ബസ്സേലിയോസ്**
ബത്തേരി ബിഷപ്പ്

www.malankaralibrary.com

# എഡിറ്റോറിയൽ

ഗ്രീഗോറിയോസ് ഒരു മഹത്തായ നാമം. വേദപുസ്തക നാമമല്ലെങ്കിലും കർത്താവു തന്റെ ശിഷ്യർക്കു കൊടുത്ത നാമം. ''ഉണർവ്വുള്ളവരായിരിക്കുവിൻ''. അതാണല്ലോ ആ വാക്കിന്റെ അർത്ഥവും. അതുതന്നെയായിരുന്നല്ലോ ശിഷ്യരുടെ ധർമ്മവും. ആ നാമം ഉൾക്കൊണ്ടുകൊണ്ട് ഏകാന്തതയിൽ തപസ്സാരംഭിച്ചു; പിന്നീട് സഭയിൻ ജീവിതത്തിൽ നിറഞ്ഞുനിന്ന ഒരു മഹാത്മാവായിരുന്നു നിസ്സായിലെ വി. ഗ്രീഗോറിയോസ്. ആ താപസ്സൻ മിശിഹായെ തന്റെ ജീവിതത്തിൽ എപ്രകാരം മാതൃകയാക്കിയോ, ആ മാതൃക സ്വീകരിച്ചുകൊണ്ട് സന്യാസത്തിലൂടെ ആശീർവ്വദിക്കപ്പെട്ടവനായിരുന്ന ബനഡിക്ട് അച്ചൻ ഉണർന്നിരിക്കുന്നവനായ മാർ ഗ്രീഗോറിയോസ്സായി മാറി.

ആഷ്രമതത്തിന്റെ മഹത്തായ സംസ്കാരത്തെ ഉൾക്കൊണ്ടുകൊണ്ട് ക്രൈസ്തവ സന്യാസത്തിനു ബഥനിയിലൂടെ രൂപം കൊടുത്ത മാർ ഈവാനിയോസ് വലിയ മെത്രാപ്പോലീത്തായുടെ പിൻഗാമിയായി കടന്നുവരാൻ ബനഡിക്ടച്ചനെ ഒരുക്കിയത് അദ്ദേഹത്തിൽ നിറഞ്ഞുനിന്നിരുന്ന സന്യാസ ആഭിമുഖ്യമായിരുന്നു.

പ്രാർത്ഥനയിലൂടെ പിതാവായ ദൈവത്തോട് ഐക്യപ്പെട്ടിരുന്ന് എല്ലാവർക്കും നന്മചെയ്ത യേശുവിന്റെ ലളിതജീവിതം ഭാരതീയ ക്രൈസ്തവ സന്യാസത്തിൽ മാർ ഈവാനിയോസ് പിതാവ് അനുഭവിച്ചു. എങ്കിൽ ആ പ്രാർത്ഥനാനുഭവം 'ആശീർവ്വദിക്കപ്പെട്ടവനിലൂടെ' മലങ്കര സഭയിൽ സംജാതമാക്കാൻ സാധിക്കുമെന്നും അദ്ദേഹം മനസ്സിലാക്കി.

തിരുവചന പ്രധാനമായ ധ്യാനജീവിതത്തിലൂടെയും തിരുസഭയുടെ ആരാധനയിലുള്ള ഭാഗഭാഗിത്വത്തിലൂടെയും 'ആശീർവ്വദിക്കപ്പെട്ടവനായിരുന്ന' ബനഡിക്ടച്ചൻ തന്റെ പേരിന് എന്നും അർഹനായിരുന്നു. അദ്ദേഹം 'ഉണർന്നിരുന്നവനായിരുന്നു' അതിനാൽ താൻ ഗ്രീഗോറിയോസ് എന്ന നാമം സ്വീകരിച്ചു.

www.malankaralibrary.com



ബഥനിയിലൂടെ തനിക്കു ലഭിച്ച ഈ ഉണർവ്വിന്റെ അനുഭവം ഒരു മെത്രാനായശേഷവും സ്വജീവിതത്തിലൂടെ എന്നും പ്രതിജ്വലിച്ചിരുന്നത് ഏവർക്കും സാക്ഷ്യമായിരുന്നല്ലോ. നിശയുടെ നിശ്ശബ്ദതയിലും യേശുവുമായി താൻ നടത്തിയ സംഭാഷണം അദ്ദേഹത്തെ എന്നും ശക്തനാക്കിയിരുന്നു.

ശത്രുക്കളെ സ്നേഹംകൊണ്ടു പരാജയപ്പെടുത്തി ക്ഷമാശീലം കൊണ്ട് അവരെ നേടിയെടുക്കണമെന്ന തന്റെ ഗുരുവിൽ നിന്നും പഠിച്ച ആ താപസ്സനിൽ മോശയുടെ ധീരതയെയും, ഏലിയായുടെ ചൈതന്യത്തെയും, സോളമന്റെ ജ്ഞാനത്തെയും അതിലംഘിക്കത്തക്ക നിപുണത എന്നും നിറഞ്ഞുനിന്നിരുന്നു. ആ പിതാവിനെ ഓർക്കുക എന്നത് അദ്ദേഹത്തെ സ്നേഹിക്കുന്ന ഏതു വ്യക്തിയുടെയും അവകാശവും കടമയുമാണ്.

സഭയുടെ അടിസ്ഥാനഘടകമായ കൊച്ചുകുടുംബത്തിൽ നിന്നും ആരംഭിച്ച്, ബഥനി കുടുംബത്തിലൂടെ വളർന്ന്, സഭയിലൂടെ നന്മചെയ്തു കടന്നുപോയി താൻ സ്നേഹിച്ചവരിൽ എന്നും ജീവിക്കുന്ന ആ സഭാസ്നേഹിയെപ്പറ്റി ഈ ചെറു ഗ്രന്ഥത്തിലൂടെ അനുഭവസ്ഥർ പങ്കുവയ്ക്കുന്നു. ഇതിൽ ജീവചരിത്രമുണ്ട്; ദർശനമുണ്ട്, നിരീക്ഷണവുമുണ്ട്.

ആ വന്ദ്യ താപസ്സന്റെ ജീവിതമാതൃക ഏവർക്കും സ്വീകാര്യമാകട്ടെ. വന്ദ്യപിതാവിന്റെ പാവനസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

**ഫാ. ജോൺ ഇലവിനാക്കുഴിയിൽ ഒ. ഐ. സി.**
(എഡിറ്റർ)

www.malankaralibrary.com

# ധന്യനായ മാർ ഗ്രീഗോറിയോസ്

ഫാ. ജറോം പീടികപറമ്പിൽ ഒ. ഐ. സി.
(സുപ്പീരിയർ ജനറൽ)

സഭാ, സാംസ്കാരിക, സാമൂഹിക, മത മണ്ഡലങ്ങളിൽ അരന്തൂറ്റാണ്ടോളം വെട്ടിത്തിളങ്ങിയ ഒരു വെള്ളിനക്ഷത്രത്തിന്റെ തിരോധാനമാണ് 1994 ഒക്ടോബർ 10–ാം തീയതി മാർ ഗ്രീഗോറിയോസ് പിതാവിന്റെ നിര്യാണത്തിലൂടെ സംഭവിച്ചത്. അദ്ദേഹം കാലംചെയ്തുവെങ്കിലും ആ പൊൻ താരക പ്രഭ ഇന്നും ഈ മണ്ഡലങ്ങളിൽ നിറഞ്ഞു നില്ക്കുന്നു. ആ മഹാനുഭാവന്റെ ഓർമ്മകൾക്ക മുൻപിൽ ആയിരം ആദരാഞ്ജലികൾ അർപ്പിക്കുന്നു.

മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ദേശീയമായും അന്തർദേശീയമായും മത, രാഷ്ട്രീയ, ഭാഷാവേലികെട്ടുകൾക്കപ്പുറം ആദരിക്കപ്പെട്ട വ്യക്തിപ്രഭാവനായിരുന്നു. കാരണം അദ്ദേഹം ഒരു മതാചാര്യനും, ഒരു സഭാപിതാവുമായിരുന്നെങ്കിലും അദ്ദേഹത്തിന്റെ വ്യക്തിത്വം മതത്തിനും, രാഷ്ട്രത്തിനും, സഭയ്ക്കും അതീതമായിരുന്നു എന്നു പറയുന്നതിൽ അതിശയോക്തിയില്ല.

മാർഗ്രീഗോറിയോസ് പിതാവിനെപ്പററി ചിന്തിക്കുന്നവർക്ക് വിവിധതലങ്ങളിൽ അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ ദർശിക്കാം. അദ്ദേഹം സ്പർശിക്കാത്ത മണ്ഡലങ്ങളില്ലായിരുന്നു. എല്ലാ മേഖലകളിലും അദ്ദേഹത്തിന്റേതായ സംഭാവനയും ദർശിക്കുവാൻ കഴിയും. ഒരു മതാചാര്യൻ, ഒരു പുരോഹിത ശ്രേഷ്ഠൻ, ഒരു സാമൂഹ്യ പരിഷ്ക്കർത്താവ്, ഒരു ആദ്ധ്യാത്മിക നവോത്ഥാരകൻ, ഒരു വിദ്യാഭ്യാസ വിചക്ഷണൻ, ഒരു സാമ്പത്തിക പരിതന്ത്രജ്ഞൻ, ഒരു പരിസ്ഥിതി ഗവേഷകൻ, ഒരു കാർഷിക വിദഗ്ധൻ അതിലൊക്കെ ഉപരി ഒരു സന്യാസ ശ്രേഷ്ഠൻ അഥവാ ഒരു താപസ ശ്രേഷ്ഠനായ മുനീന്ദ്രൻ എന്നീ വിശേഷണങ്ങൾ അനുയോജ്യമാംവിധം മാർ ഗ്രീഗോറിയോസ് തിരുമേനിയിൽ ലയിച്ചു ചേർന്നിട്ടുണ്ട്.

www.malankaralibrary.com



എന്താണ് ഇതൊക്കെ അദ്ദേഹത്തെ ആക്കിതീർത്ത ഘടകമെന്ന് ചിന്തിക്കേണ്ടതുണ്ട്. അതായത് മറ്റെല്ലാററിലുമുപരി അദ്ദേഹത്തിന്റെ സന്യാസ ജീവിത ശിക്ഷാക്രമവും, സന്യാസ ജീവിതനിഷ്ഠയുമായിരുന്നു എന്നതാണ് സത്യം. ഈ ശിക്ഷാക്രമവും നിഷ്ഠയും അദ്ദേഹം സന്യാസ പരിശീലനത്തിലൂടെ നേടിയെടുത്ത സമ്പത്താണ്. ഇത് ബഥനി ആശ്രമ കളരിയിൽ നിന്നും ബഥാന്യരായ ഗുരുഭൂതന്മാരിൽനിന്നും ഒരു ബഥാന്യനെന്ന നിലയിൽ അഭ്യസിച്ച ജീവിതക്രമമാണ്. ആയതിനാൽ അദ്ദേഹത്തെ അദ്ദേഹമാക്കിതീർത്തത് തന്റെ ബഥാനിയൻ ജീവിത ശൈലിയിലൂടെയാണ്.

നമ്മുടെ കർത്താവീശോമിശിഹായെ, അവിടുത്തെ പ്രാർത്ഥനാപരവും കർമ്മപരവുമായ ജീവിതത്തെ, ദേശീയമായ രീതിയിൽ ലളിത ജീവിതത്തിലൂടെ അനുകരിക്കുക എന്ന ബഥാന്യൻ ജീവിത തത്വം മരണം വരെ അഭംഗുരം പരിപാലിച്ച 'ബഥാന്യ'നായിരുന്നു മാർ ഗ്രീഗോറിയോസ് വലിയ മെത്രാപ്പോലീത്താ. അദ്ദേഹം ബഥനിക്ക് ഒരു പുത്രനും, ഒരു പിതാവും, ഒരു ഗുരുവും, ഒരു ശിഷ്യനും, ഒരു സഹോദരനും, ഒരു സ്നേഹിതനുമായിരുന്നു. അദ്ദേഹത്തിന്റെ ബഥാനിയൻ നിഷ്ഠ മറ്റെല്ലാ ബഥാനിയർക്കും അനുകരണീയമാണ്.

പ്രാർത്ഥനയും പ്രവർത്തനവും ഒരുപോലെ സമന്വയിപ്പിച്ചു കൊണ്ടുള്ള ക്രിസ്താനുകരണം അക്ഷരശ്ശാ മാർ ഗ്രീഗോറിയോസ് പിതാവ് നിർവ്വഹിച്ചിരുന്നു. ഒരു പുരോഹിതനും, ഒരു മെത്രാപ്പോലീത്തായുമാകുന്നതിനു മുൻപു മുതലേ ബനഡിക്റ്റ് എന്ന ബഥനി സന്യാസിയിലൂടെ അത് അനുവർത്തിക്കപ്പെട്ടു.

കർമ്മ നിരതനായ മാർ ഗ്രീഗോറിയോസ് തിരുമേനി ഒരേ സമയം തന്നെ കർമ്മയോഗിയും ഭക്ത താപസനും ജ്ഞാനേന്ദ്രിയനുമായിരുന്നു. കാരണം ഈശ്വര സാക്ഷത്ക്കാരത്തിനായി ഭക്തിമാർഗ്ഗവും, കർമ്മമാർഗ്ഗവും, ജ്ഞാനമാർഗ്ഗവും ഒന്നുപോലെ അനുവർത്തിച്ച സന്യാസിയായിരുന്നു അദ്ദേഹം. ഭക്തി, കർമ്മ, ജ്ഞാന മാർഗ്ഗങ്ങളുടെ ലക്ഷ്യം വിവിധമല്ല ഒന്നാണെന്നറിഞ്ഞ ഋഷീശ്വരനായിരുന്ന അദ്ദേഹം. അവയെ സമന്വയിപ്പിക്കുവാൻ ശ്രമിച്ച് വിജയം കൈവരിച്ച ആശ്രമശ്രേഷ്ഠൻ കൂടിയാണദ്ദേഹം. അറിവിന്റെ നിറകുടമായിരുന്ന മാർ ഗ്രീഗോറിയോസ് തിരുമേനി ഭക്തനും കർമ്മ നിരതനും കൂടിയായിരുന്നു. ഇതാണ് യഥാർത്ഥത്തിലുള്ള ബഥാനിയൻ ക്രിസ്താനുകരണം.

www.malankaralibrary.com



അദ്ദേഹത്തിന്റെ ലളിത ജീവിതം എവിടെയും ഏതു കാലത്തും പ്രശംസാർഹമാണ്. അദ്ദേഹത്തിന്റെ മുഖ പ്രസന്നതയും സൗമ്യതയും നമ്രഭാവവും ഒക്കെ തന്റെ ലാളിത്യത്തിന്റെ ജീവിത ശൈലി, വർത്തനരീതി, സംസാര പാടവം ഇവയൊക്കെ കുബേര കുചേല, പണ്ഡിത പാമര ഭേദമന്യേ ഏവരാലും ആകർഷിക്കപ്പെട്ടതായിരുന്നു.

ബഥാനിയൻ പൈതൃകമാകുന്ന ആതിഥേയത്വവും ആതിഥ്യ മര്യാദയും ജീവിതശൈലിയാക്കി മാററുവാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. അതിഥികളെ സ്വീകരിക്കുന്നതിൽ, അവർക്ക് ശുശ്രൂഷ ചെയ്യുന്നതിൽ അദ്ദേഹം എപ്പോഴും മുൻപന്തിയിലായിരുന്നു. അതിഥികളിൽ ഈശ്വരനെ കണ്ടുകൊണ്ട് അതൊരു ഈശ്വര പൂജയാക്കി മാററുവാൻ അദ്ദേഹം ശ്രമിച്ചിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തന മേഖലകളിൽ, ഭവനങ്ങളിൽ, അരമനയിൽ, ജാതിമതഭേദമന്യേ, സാമ്പത്തിക വിദ്യാഭ്യാസ പരിഗണനകൾ കൂടാതെ ആർക്കും എപ്പോഴും കടന്നുചെല്ലാമായിരുന്നു. എല്ലാവക്കും എല്ലാമായിരുന്നു അദ്ദേഹം. അതുപോലെ എല്ലാവരേയും എല്ലാമായി കാണാനുള്ള സമഭാവന അദ്ദേഹത്തിനുണ്ടായിരുന്നു. ഇതു തന്നെ അദ്ദേഹത്തിന്റെ ബഥാനിയത്വത്തോടുള്ള വിധേയത്വമാണ് കാണിക്കുന്നത്.

ഏതു ജീവിതതിരക്കിനിടയിലും തന്റെ ജഗത് ഗുരുവുമായുള്ള ബന്ധം വിസ്മരിക്കാത്ത കർത്തൃ ശൈലി അഭിവന്ദ്യ പിതാവ് അനുകരിച്ചിരുന്നു. ഏതു ജോലിതിരക്കിനിടയിലും തന്റെ യാമനമസ്കാരങ്ങൾക്കും അനുദിന ധ്യാനത്തിനും സമയം കണ്ടെത്തി ആദ്ധ്യാത്മീക ശക്തിയാർജ്ജിച്ചിട്ടുള്ള ഒരു ബഥാന്യനായിരുന്നു അദ്ദേഹം. നിശയുടെ ഏകാന്തതയിൽ പലപ്പോഴും പ്രാർത്ഥനാനിരതനായിരുന്നിട്ടുള്ള ബനഡിക്ട് തിരുമേനിയെ, അദ്ദേഹത്തെ അടുത്തറിഞ്ഞിട്ടുള്ള ആർക്കും വിസ്മരിക്കുവാനൊക്കുകയില്ല. അദ്ദേഹത്തിന്റെ പ്രാത്ഥനാജീവിതം ബഥാനിയൻ ജീവിതശൈലിയുടെ അടിസ്ഥാനമായിരുന്നു.

എല്ലാതരത്തിലും തലത്തിലും അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി ഒരു തികഞ്ഞ ബഥാനിയനായിരുന്നു. അദ്ദേഹത്തിന്റെ ബഥാനിയൻ നിഷ്ഠ നമുക്ക് മാർഗ്ഗദർശിയായിരിക്കട്ടെ. അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥം ബഥനിയുടെ വളർച്ചയ്ക്ക് ഉതകുമാറാകട്ടെ. ബഥനിയുടെ അഭിമാനമായ ആ പുണ്യശ്ലോകന് ബഥാനിയരൊന്നായ് ആദരാഞ്ജലികളർപ്പിക്കാം.

www.malankaralibrary.com

# ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് ഒ.ഐ.സി

ഫാ. മത്തായികടവിൽ ഒ. ഐ. സി.

1916 ഫെബ്രുവരി ഒന്നിന് കല്ലൂപ്പാറ തങ്ങളത്തിൽ ഇടിക്കുളയുടെയും അന്നമ്മയുടെയും മകനായി ജനിച്ചു. വീട്ടുകാരും നാട്ടുകാരും കുഞ്ഞുകുട്ടി എന്നാണ് നവജാത ശിശുവിനെ വിളിച്ചിരുന്നത്. 1916 ഫെബ്രുവരി 28 ന് പരുമലപള്ളിയിൽ അടിമ വയ്ക്കുകയും അവിടെവച്ച് തന്നെ മാമ്മോദീസ സ്വീകരിക്കുകയും ചെയ്തു. മാമ്മോദീസായുടെ അവസരത്തിൽ വർഗ്ഗീസ് എന്ന പേരു നല്കപ്പെട്ടു.

പുതുശ്ശേരി സൗത്ത് എൽ. പി. സ്കൂൾ, പുതുശ്ശേരി എം. ഡി യു.പി. സ്കൂൾ, സെൻറ്ജോൺസ് ഹൈസ്കൂൾ എന്നിവിടങ്ങളിലായിട്ടാണ് കുഞ്ഞുകുട്ടിസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയത്. 1932 – ൽ സ്കൂൾ ഫൈനൽ പാസ്സായ ഉടൻ കോട്ടയത്ത് ഒരിൻഷ്വറൻസ് കമ്പനിയിൽ ജോലിക്കു പോയി. കുടുംബത്തിലെ മൂത്ത മകൻ എന്നനിലയിൽ കുടുംബഭാരം പിതാവിനോടൊത്ത് പങ്കുവയ്ക്കാനുള്ളശ്രമം അധികനാൾ തുടരാനായില്ല. ശൈശവംമുതൽ മനസ്സിൽ മൊട്ടിട്ടു നിന്ന വൈദികപദം പ്രാപിക്കുന്നതിനായി ജോലി ഉപേക്ഷിച്ച് വീട്ടിലേക്കും അവിടെനിന്നും വെണ്ണിക്കുളം ബഥനി ആശ്രമത്തിലേക്കും, അത് പിന്നീട് നാലഞ്ചിറ ആശ്രമത്തിലേക്കും നീണ്ടു. 1933 മെയ്മാസത്തിൽ ആയാതനായി (Aspirant) ആശ്രമപ്രവേശനം സിദ്ധിച്ചു. രണ്ടുവർഷത്തെ തുടർച്ചയായ സന്യാസ ശിക്ഷണത്തിനു ശേഷം 1935 ആഗസ്റ്റ് 15ന് ആശീർവ്വദിയ്ക്കപ്പെട്ടവൻ എന്നർത്ഥമുള്ള ബനഡിക്ട് എന്ന പേരോടെ സന്യാസപദം സ്വീകരിച്ചു.

സന്യാസവ്രതം സ്വീകരിച്ചശേഷം കുറച്ചുകാലം ഭാഷാപഠനം നടത്തി. മലയാളം, ഇംഗ്ലീഷ്ഭാഷകൾക്കു പുറമെ ലത്തീൻ സുറിയാനി ഭാഷകളിലും അസാമാന്യപാടവം നേടി. തുടർന്ന് വൈദിക പരിശീലനത്തിനായി പ്രസിദ്ധമായ കാൻഡി സെമിനാരിയിലേക്ക്

www.malankaralibrary.com



1938–ൽ അയയ്ക്കപ്പെട്ടു. പഠനം പൂർത്തിയാക്കിയ ബനഡിക്ട് ബ്രദർ 1944 ആഗസ്റ്റ് 24ന് ബിഷപ്പ് ബർണാർഡ് റോത്തോയിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. കാൻഡി സെമിനാരിയിൽ ദൈവശാസ്ത്രപഠനം നടത്തിക്കൊണ്ടിരുന്ന അവസരത്തിൽ തന്നെ 1941 ജനുവരി 27ന് പൂർണ്ണമായും തന്നെ തന്നെ ദൈവത്തിനായി സമർപ്പിച്ചുകൊണ്ടുള്ള നിത്യവ്രതവാഗ്ദാനം നടത്തി.

വൈദികാഭിഷേകം സ്വീകരിച്ച ബനഡിക്ടച്ചൻ താമസിക്കാതെ നാലാഞ്ചിറ ആശ്രമത്തിലെത്തി സന്യാസാർത്ഥികൾക്ക് ക്ലാസ്സും സമീപഇടവകകളിൽ വികാരിയായും ഒന്നരവർഷം ചിലവഴിച്ചു. തുടർന്ന് ഉപരിപഠനത്തിനായി 1946–ൽ പ്രസിദ്ധമായ തൃശ്ശിനാപ്പള്ളി സെൻറ്ജോസഫസ് കോളേജിലേക്കയച്ചു. ധനതത്വശാസ്ത്രം ഐശ്ചികമായി എടുത്തു പഠിച്ച ബനഡിക്ടച്ചൻ മദ്രാസ് പ്രസിഡൻസിയിൽനിന്നും ഒന്നാം റാങ്കോടെയാണ് M.A പാസ്സായത്. പഠനം പൂർത്തിയാക്കി തിരിച്ചെത്തിയ ബനഡിക്ടച്ചനെ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ നിർദ്ദേശമനുസരിച്ച് ചങ്ങനാശ്ശേരി SBകോളേജിൻെറ പ്രിൻസിപ്പാൾ ഫ്രാൻസീസ് കാളാശ്ശേരിഅച്ചൻെറ സഹായിയായി അയച്ചു. ഏതാനും നാൾ അവിടെ പ്രവർത്തിച്ച പരിചയം സിദ്ധിച്ച ബനഡിക്ടച്ചനെ മാർ ഈവാനിയോസ് കോളേജിൻെറ പ്രഥമ പ്രിൻസിപ്പാളായി നിയമിച്ചു.

1949-ൽ പ്രിൻസിപ്പാളായി ബനഡിക്ടച്ചൻ നിയമിതനായതു മുതൽ 1953-ൽ മെത്രാനായി അഭിഷേകം സ്വീകരിച്ചതുവരെയുള്ള കാലം കോളേജിൽ പ്രിൻസിപ്പാളായും, വൈസ് പ്രിൻസിപ്പാളായും ഹോസ്റ്റൽ വാർഡനായും അതോടൊപ്പം ആശ്രമവിദ്യാർത്ഥികളുടെ ആത്മീയ ഗുരുവായും ശുശ്രൂഷ ചെയ്തുകൊണ്ടിരുന്നു. ഇക്കാലയളവിൽ മുണ്ടേല, പരുത്തിക്കുഴി, കാഞ്ഞിരംപാറ, വെഞ്ഞാറമൂട് വെമ്പായം തുടങ്ങിയവിവിധ മിഷൻദേവാലയങ്ങളിൽ ശുശ്രൂഷക്ക് നേതൃത്വം നല്കിയിരുന്നു.

1953 നവംബർ30–നാണ് തിരുവനന്തപുരം അതിരൂപതയുടെ സഹായമെത്രാനായി ബനഡിക്ടച്ചൻ വാഴിക്കപ്പെട്ടത്. മെത്രാഭിഷേക ചടങ്ങുകൾക്ക് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ മാർ സേവേറിയോസ്, മാർതോമസ് തറയിൽഎന്നീ പിതാക്കന്മാർ

www.malankaralibrary.com



നേതൃത്വം നല്കി. 1953 ജൂലൈ 15ന് മാർ ഇവാനിയോസ് മെത്രാപ്പോലീത്ത കാലംചെയ്തതോടെ തിരുവനന്തപുരം അതിരൂപതയുടെ അഡ്മിനിസ്ട്രേറ്റർ ആയി ചുമതല ഏറ്റെടുത്തു. 1955 ജനുവരി 18ന് മാർ സേവേറിയോസ് തിരുമേനി കാലം ചെയ്തതോടെ തിരുവനന്തപുരം അതിരൂപതയുടെ മെത്രാപ്പോലീത്തായും മലങ്കര കത്തോലിക്കാസഭയുടെ തലവനായും ചുമതലയേറ്റെടുത്തു.

മലങ്കര മെത്രാപ്പോലീത്ത എന്ന നിലയിലുള്ള നാലുപതിററാണ്ടുകാലത്തെ തന്റെ ജീവിതം സംഭവബഹുലമായിരുന്നു. സഭാനേതൃത്വത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുവാൻ അഭിവന്ദ്യഗ്രീഗോറിയോസ്തിരുമേനിക്ക് കഴിഞ്ഞിട്ടുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിൽ മുതൽ നടന്ന എല്ലാ സുപ്രധാന സമ്മേളനങ്ങളിലും പിതാവ് പങ്കെടുത്തിട്ടുണ്ട്. ഇതുവഴിയെല്ലാം സഭയുടെ നയരൂപീകരണത്തിൽ തനതായ വ്യക്തിമുദ്ര പതിപ്പിക്കുന്നതിന് പിതാവിന് സാധിച്ചു. ' To the pastors I shall give they heart' എന്ന പേരിൽ മാർപ്പാപ്പ പ്രസിദ്ധീകരിച്ച അപ്പസ്തോലിക പ്രബോധനത്തിന് ഒരു ഉപാസന (homage) എന്ന നിലയിൽ അടുത്തകാലത്ത് ലോക പ്രസിദ്ധരായ 18 പേർ ചേർന്നു തയ്യാറാക്കിയ ഒരു ഗ്രന്ഥത്തിൽ ഇൻഡ്യയിൽനിന്നും എഴുതിയ രണ്ടുപേരിൽഒരാളായിരുന്നു മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത (മദർതെരേസായായിരുന്നു രണ്ടാമത്തെ ആൾ) എന്നത് അദ്ദേഹത്തിന്റെ വ്യക്തിത്വം വ്യക്തമാക്കുന്നു (ഈ ലേഖനം തിരുവല്ലാ ആശ്രമത്തിൽ താമസിച്ചാണ് എഴുതിതീർത്തത്). സഭാതലത്തിൽ വിവിധ കമ്മീഷനുകളിൽ അംഗമായി പ്രവർത്തിക്കുന്നതിനും പിതാവിനു സാധിച്ചിട്ടുണ്ട്. ഭാരതത്തിൽ **CBCI, KCBC** എന്നിവയുടെ അദ്ധ്യക്ഷസ്ഥാനത്തിരുന്നുകൊണ്ട് ഭാരതത്തിലും കേരളത്തിലും സഭയ്ക്ക് നല്കിയ നേതൃത്വം അവിസ്മരണീയമായിരുന്നു. സഭയെ ദേവാലയത്തിന്റെ മതിൽകെട്ടിൽ നിന്നും പുറത്തു ജനമദ്ധ്യത്തിലെത്തിക്കുന്നതിൽ പിതാവ് വളരെ ശ്രദ്ധയുള്ളവനായിരുന്നു. അതോടൊപ്പം ലോകത്തിൽ ജനങ്ങളുടെ ഇടയിൽ പ്രവർത്തിച്ചപ്പോഴും തന്റെ വിശ്വാസത്തിന് വിരുദ്ധമായ ഒന്നും ചെയ്യുവാൻ അവിടുന്ന് തയ്യാറാകയോ തന്റെ അധീനതയിലുള്ളവരെ അതിനനുവദിക്കുകയോ ചെയ്തിരുന്നില്ല. 'ലോകത്തിലായിരുന്നെങ്കിലും ലോകത്തിന്റേതല്ലാത്ത' എന്ന പൗലോസ് ശ്ലീഹായുടെ ദർശനം ആ ജീവിതത്തിന്റെ മുഖമുദ്രയായിരുന്നു.

www.malankaralibrary.com



ഭാരതത്തിലെ ക്രൈസ്തവസഭപീഡിപ്പിക്കപ്പെടുകയോ വിശ്വാസത്തിനു ക്ഷതമേല്ക്കുന്ന സംഭവങ്ങൾ സഭയിൽ ഉണ്ടാകുകയോ ചെയ്യുന്ന ഏതവസരത്തിലും അനന്തപുരിയിലെ പട്ടം അരമന കർമ്മനിരതമാകും. പ്രതിഷേധത്തിന്റെ അലയടി അവിടെ നിന്നു മുയർന്നാൽ അതിനുതാമസിയാതെ മറുപടിയും ലഭിക്കുമായിരുന്നു. എന്നാൽ അതെസമയത്ത് അതെക്കുറിച്ച് അക്രൈസ്തവരുടെ ഭാഗത്തു് നിന്നും നേരിയ ഒരു പരിഭവം പോലും ഉണ്ടാകാത്ത വിധ മായിരിക്കും കാര്യങ്ങൾ നടക്കുക. മന:സംഘർഷം എവിടെയെ ങ്കിലും ഉണ്ടായാൽ നിറഞ്ഞ ചിരിയുമായി ആളുകളുടെ ഇടയിലൂടെ പിതാവ് നടന്നു നീങ്ങുന്ന നിമിഷങ്ങളിൽ തന്നെ സംഘർഷ ഭൂമി സമാധാനത്തിന്റെ നീരുറവപുറപ്പെടുവിക്കുന്ന പുണ്യഭൂമി യായി മാറുമായിരുന്നു.

ക്രൈസ്തവസഭകളുടെ ഐക്യവും മതസൗഹാർദ്ദവും ആ മന സ്സിലെ വലിയ ആഗ്രഹങ്ങളും സ്വപ്നങ്ങളുമായിരുന്നു. അത് നേടിയെടുക്കുവാൻ ഏത് ത്യാഗത്തിനും ആ പുണ്യമനുഷ്യൻ തയ്യാ റായിരുന്നു. പഞ്ചാബിൽ തീവ്രവാദം പിരിമുറുകിയിരുന്ന അവ സരത്തിൽ പ്രധാനമന്ത്രിയായിരുന്ന V.P സിംഗിന്റെ ആവശ്യപ്ര കാരം മതസൗഹാർദ്ദത്തിനുള്ള കമ്മീഷനിൽ അംഗമായിരുന്നുകൊണ്ട് അമൃത്സറും മററും സന്ദർശിച്ചിരുന്ന വെന്നുള്ളത് പലർക്കുമറിയില്ല.

പാവപെട്ടവന്റെ പ്രയാസങ്ങളിൽ അവന് താങ്ങും തണ ലുമായിരിക്കാനാണ് താൻ വിളിക്കപ്പെട്ടത് എന്നബോധ്യം ആ മന സ്സിൽ നിറഞ്ഞുനിന്നിരുന്നു. അതുകൊണ്ടാണ് എവിടെപോയാലും പാവപ്പെട്ടവന്റെ വികസനത്തെകുറിച്ച് ചിന്തിക്കുകയും അതിനായി പുത്തൻ ആശയങ്ങളും അത് പ്രാവർത്തികമാക്കുന്നതിനുള്ള നിർ ദ്ദേശങ്ങളുമായി കടന്നുവരാൻ പിതാവിനെ പ്രേരിപ്പിച്ചത്.

1994 ജൂൺമാസം വരെയും ആ ജീവിതം കർമ്മനിരതമായി രുന്നു. വൈദികാഭിഷേകം സ്വീകരിച്ചിട്ട് അമ്പതുവർഷം പൂർത്തി യാകുന്നതിനു രണ്ടുമാസം ബാക്കിനില്ക്കേയാണ് ക്ഷീണം പ്രകടമാകു ന്നത്. 1993 ആഗസ്റ്റുമാസം മുതൽ വിവിധസ്ഥലങ്ങളിൽ ജൂബിലി ആഘോഷത്തിൽ പങ്കുചേർന്ന് ഓടിനടക്കുകയായിരുന്നു. 1994 മെയ് മാസത്തിൽ ബഥനി ആശ്രമംവക ജൂബിലി ആഘോഷത്തിൽ ആലുവായിലും വന്നു സംബന്ധിച്ചിരുന്നു. അന്ന് ആശ്രമാംഗങ്ങ ളുമായി വളരെയധികം സമയം ചിലവഴിക്കുകയും ചെയ്തു.

www.malankaralibrary.com



1994 മെയ് 24ന് M C Y M സെൻട്രൽ കമ്മിററി സംഘടിപ്പിച്ച അനുമോദന സമ്മേളനം വളരെ അവിസ്മരണീയമായിരുന്നു. വൈദികപദവിയിൽ 50 ഉം 40 ഉം വഷം പൂർത്തിയാക്കുന്ന മാർ ഗ്രീഗോറിയോസ് പിതാവിനെയും മാർ തീമോത്തിയോസ് പിതാവിനെയും ഷഷ്ടിപൂർത്തിയിലെത്തി നില്ക്കുന്ന യൂത്ത്കമ്മീഷൻ ചെയർമാൻ മാർ ബസ്സേലിയോസ് പിതാവിനെയും അനുമോദിക്കുന്ന സമ്മേളനം പൗലോസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്താ മൂന്നു പേരെകുറിച്ചും എഴുതിയ കവിതകരം ചൊല്ലികൊണ്ട് ഉദ്ഘാടന കർമ്മം നിവ്വഹിച്ചു. അടൂരും, അഞ്ചലിലും ദീഘമായ പരിപാടികരംക്കുശേഷം തിരുവല്ലായിൽ വന്നിട്ട പ്രോഗ്രാം കഴിഞ്ഞ് ഉടനെ തിരുവനന്തപുരത്തു പോകണമെന്നു പറഞ്ഞ പിതാവ് മലങ്കര സഭയിലെ എല്ലാരൂപതകളിൽനിന്നും മിഷൻമേഖലകളിൽനിന്നും വന്ന സഭയുടെ പ്രതീക്ഷയായ യുവജന നേതാക്കളോടും പിതാക്കന്മാരോടുമൊപ്പം ദീർഘസമയം ചിലവഴിച്ചിട്ട് രാത്രി 9.30 നാണ് തിരുവനന്തപുരത്തിന് മടങ്ങിയത്. ഇത്ര ദീഘമായി ജോലിചെയ്തിരുന്ന ഗ്രീഗോറിയോസ് പിതാവു് ജൂൺ മാസത്തിൽ രണ്ട് ആഴ്ച പനിപടിച്ചു കിടന്നു. അതിനുശേഷം ആദ്യമായി സംബന്ധിച്ചത് തിരുവനന്തപുരം അതിരൂപതയിൽ താമസിക്കുന്ന ആശ്രമാംഗങ്ങളുടെ യോഗത്തിലാണ്. ബഥനി മിഷൻബോർഡ് മൂന്നുരൂപതകളിലും പ്രത്യേകം പ്രത്യേകം ക്രമീകരിച്ച യോഗങ്ങളിലൊന്നായിരുന്നു അത്. 1994 ജൂൺ 21 ന് നാലാഞ്ചിറ ആശ്രമത്തിൽ കൂടിയ ആ യോഗത്തിൽ മിഷനെകുറിച്ചുള്ള മാർ ഈവാനിയോസ് പിതാവിൻെറയും ബഥനിയുടെയും ദർശനത്തെക്കുറിച്ച് പിതാവ് പറഞ്ഞു.

> ''സന്യാസ സഭ സ്ഥാപിക്കാൻവേണ്ടിയല്ല ഈവാനിയോസ് പിതാവ് ഇറങ്ങി പുറപ്പെട്ടത്. മറിച്ച് ദൈവാനുഭവത്തിൽനിന്നുമാണ് സന്യാസസമൂഹവും മററ് പ്രവത്തനങ്ങളുമുണ്ടായത്. മാർ ഈവാനിയോസ് പിതാവിന് മാവേലിക്കരയിലെ വീടുമുതൽ ദൈവാനുഗ്രഹമുണ്ടായിരുന്നു. 2000 വർഷം മുമ്പ് തോമ്മാശ്ലീഹായിൽനിന്നും വിശ്വാസം സ്വീകരിച്ച മലങ്കര സഭ സുവിശേഷ ദൗത്യം നിവ്വഹിക്കാത്തതിൻെറ വേദന ആ മനസ്സിൽ നിറഞ്ഞുനിന്നിരുന്നു. സന്യാസിസമൂഹം തുടങ്ങുക എന്നതിനെക്കാരം അർപ്പണ

www.malankaralibrary.com



മനോഭാവമുള്ള ഒരു പററം വിദ്യാർത്ഥികളുമായി കൽക്കട്ടയ്ക്ക് പോയതിന്റെ പിന്നിലുണ്ടായിരുന്നത് ഈ മിഷൻ ചൈതന്യമാണ്. സുവിശേഷവല്ക്കരണത്തിന് വൈദികരുടെ സ്ഥാനം വ്യക്തമായി അറിഞ്ഞിരുന്ന പിതാവ് അവരുടെ ആത്മീയ നവീകരണത്തിനും അതുവഴി സഭയുടെ നവീകരണത്തിനുമാണ് പദ്ധതിയിട്ടത്. സ്കൂളുകളും സ്ഥാപനങ്ങളും പിന്നീട് വരുമെന്ന് പിതാവ് പറയുമായിരുന്നു. മാർ ഈവാനിയോസ് തിരുമേനിയുടെ ഈ ദർശനമാണ് മലങ്കര സഭയിലെ വൈദികരുടെ വളർച്ചയിൽ ഒരു Normative Value ആയി നിലകൊള്ളുന്നത്. കഠിനമായി മിഷൻ പ്രവർത്തനം സ്വപ്നം കണ്ടിരുന്നതിനാലാണ് വിവാഹിതരായ വൈദികരെ ഒഴിവാക്കി സന്യാസമെന്ന ദർശനത്തിലേക്കു കടന്നുവന്നത്. ''ദൈവസേവനത്തെക്കാറം അത്യുത്തമമാണ് ദൈവസമ്പാദനം'' എന്ന ചിന്ത പിതാവ് ഉയർത്തിപ്പിടിച്ചു. സന്യാസത്തിന്റെ ഒരു പ്രവർത്തനമായി മിഷൻ കാണുന്നതിനുപകരം മിഷൻ പ്രവർത്തനത്തെ ശക്തിപ്പെടുത്തുന്ന ഒരു ഘടകമായിട്ടാണ് സന്യാസത്തെ പിതാവു കണ്ടത്. ഇതനുസരിച്ചുള്ള പ്രവർത്തനങ്ങളാണ് ബഥനിയിലൂടെ പിതാവ് ആവിഷ്കരിച്ചു നടപ്പിലാക്കിയത്. ഇൻഡ്യയുടെ മാനസാന്തരമാണ് ബഥനിയുടെ ദൗത്യം, സംഘടിത പ്രവർത്തനത്തിന് സന്യാസം, അനിവാര്യമായി പിതാവ് കണ്ടു. മിഷനിൽനിന്നുമാണ് നമ്മുടെ സമൂഹം ഉണ്ടായത്. അല്ലാതെ നമ്മറം മിഷൻ നടത്തിയെന്നു പറയുന്നത് ഒരു വിലകുറഞ്ഞ പ്രസ്താവനയാണ്. പിതാവിന്റെ പ്രവർത്തനം സ്ഥായിയായ ഒരാദ്ധ്യാത്മീക ചൈതന്യം സഭയിൽ ഉണ്ടാകുന്നതിന് കാരണമായി. ബഥനിയുടെ ആരംഭത്തോടെ മലങ്കരയിൽ മിഷൻ പ്രവത്തനത്തിനു തുടക്കം കുറിക്കുകയായിരുന്നു. പിന്നീട് എല്ലാവരെയും ഐക്യത്തിലേക്കു കൊണ്ടുവരിക എന്ന ദൗത്യമായിരുന്നു പിതാവിനുണ്ടായിരുന്നത്. ഇൻഡ്യയിൽ മിഷൻ വളരുന്നതിന് മലങ്കരസഭ ഒന്നാകുകയാണ് വേണ്ടതെന്ന് പിതാവ് മനസ്സിലാക്കി. അതിനാണ് കത്തോലിക്കാസഭയിൽ ചേർന്നത്. നാമിത് മനസ്സിലാക്കിയിട്ടില്ല. റമ്പാച്ചന്മാരുടെ 'കുഴൽകണ്ണാടി'യിലെ

www.malankaralibrary.com



ഒരു ഭാഗം ഇത് ഭംഗിയായി അവതരിപ്പിക്കുന്നുണ്ട്. ''കത്തോലിക്കാസഭയാകുന്ന ഒരു വലിയ സമുദ്രത്തിലേക്ക് പുലിക്കോടനും, ചേപ്പാടനും ചാടുന്നു'' ഒരു തോട്ടിലേക്കോ കുളത്തിലേക്കോ അല്ല. നമ്മുടെ ഇടവകകളും മലങ്കരസഭയും സാർവ്വത്രികസഭയുമായി ജീവിതത്തിൽ പ്രകടിപ്പിക്കേണ്ട കൂട്ടായ്മ നാം മനസ്സിലാക്കുന്നില്ല. കത്തോലിക്കാസഭയുടെ വലിയ ചക്രവാളം നാം നേടിപിടിക്കണം. സഭയുടെ മുഖ്യധാരയോട് നാം ചേർന്നനില്ക്കണം. യേശുവിലേക്കു തിരിഞ്ഞ് ശക്തി സംഭരിച്ചു നാം പ്രവർത്തിക്കണം. നമ്മുടെ ആദ്യ അംഗങ്ങളുടെ മിഷൻ പ്രവർത്തനം നാമിന്ന് തുടരണം. ഒരു വിധത്തിൽ പറഞ്ഞാൽ മലങ്കര സഭയെന്നത് സന്യാസ സഭ തന്നെയാണ്. മലങ്കരസഭയെ മുന്നോട്ടുകൊണ്ടുപോകുകയെന്ന മഹത്തായ ദൗത്യം ആരിലൂടെ തുടങ്ങിയോ, അവരുടെ ദൗത്യമാണ്.''

''ഈ പ്രഭാഷണത്തിനുശേഷം കേവലം മൂന്നാഴ്ച കഴിഞ്ഞപ്പോഠം പിതാവിന്റെ രോഗം കാൻസറാണ് എന്ന് സ്ഥിരീകരിക്കപ്പെട്ടു. രോഗം സ്ഥിരീകരിക്കപ്പെട്ടശേഷം മൂന്നുമാസം മാത്രമാണ് പിതാവു ജീവിച്ചിരുന്നത്. രോഗത്തിന്റെ തീവ്രതയറിഞ്ഞിട്ടും സന്തോഷത്തോടെ അതെല്ലാം ഏറ്റെടുത്ത് പ്രത്യാശയോടെ ജീവിച്ച പിതാവിന്റെ ജീവിതത്തിലെ ഏററവും ധന്യനാളുകളായിരുന്നു അത്. 1994 ഒക്ടോബർ 10–ാം തീയതി ആ വന്ദ്യപിതാവ് കാലം ചെയ്തു. നിശ്ശബ്ദനായി യേശുവിന്റെ പീഡാനുഭവത്തെയും മരണത്തെയും ഉയിർപ്പിനെയും അനുസ്മരിപ്പിച്ചുകൊണ്ട് ജീവിതംവഴിയായി വലിയ സാക്ഷ്യം നല്കി ആ പിതാവ് നമ്മെ കടന്നുപോയിരിക്കുന്നു. പിതാവിന്റെ സ്വപ്നങ്ങളും ലക്ഷ്യങ്ങളും ഫലപ്രാപ്തിയിലെത്തിക്കാനുള്ള കടപ്പാട് നമുക്ക് ഏറെറടുക്കാം.

www.malankaralibrary.com

# ദൈവവിളി പ്രാർത്ഥനയിലൂടെ

ഫാ. പക്കോമിയോസ് ഒ. ഐ. സി.

തങ്ങളത്തിൽ ഇടിക്കുള അന്നമ്മ ദമ്പതികളുടെ ദ്വിതീയ പുത്രനായിരുന്നു കുഞ്ഞുകുട്ടി. പ്രഥമ പുത്രൻ പിറന്ന് മൂന്നു ദിവസം പിന്നിട്ടതോടെ പരലോകം പ്രാപിച്ചു. പുത്രനഷ്ടത്തിൽ ദുഃഖിതരായ മാതാപിതാക്കൾ മനം ഉരുകി പ്രാർത്ഥിച്ചു. പ്രാർത്ഥന ദൈവം കേട്ടു. ഒരാൺകുഞ്ഞിനെത്തന്നെ ദൈവം അവർക്കു നല്കി. മാമോദീസായിൽ വർഗ്ഗീസ് എന്ന പേരു നല്കി. കുഞ്ഞുകുട്ടി എന്ന് ഓമന പേരിൽ വിളിച്ചിരുന്നു. ഇടവകപള്ളി മൂന്നു മൈലോളം ദൂരത്തിലായിരുന്നു എങ്കിലും പത്താമത്തെ വയസ്സിൽ കുഞ്ഞുകുട്ടി പള്ളി ശുശ്രൂഷകൾ പരിശീലിക്കുകയും ഞായറാഴ്ചതോറും പള്ളിയിൽ പോകുകയും ശുശ്രൂഷകളിൽ പങ്കെടുക്കുകയും ചെയ്തിരുന്നു സണ്ടേസ്കൂൾ ക്ലാസിലും പതിവായി സംബന്ധിച്ചിരുന്നു. കുഞ്ഞുകുട്ടിയെ മാമോദീസാ മുക്കിയ പള്ളിവികാരിക്ക് കുഞ്ഞുകുട്ടിയോട് പ്രത്യേക സ്നേഹവാത്സല്യം ഉണ്ടായിരുന്നു അദ്ദേഹം വൈദികാഭിഷിക്തനായി ആദ്യം മാമോദീസാ നല്കിയത് കുഞ്ഞുകുട്ടിക്കായിരുന്നു. കുഞ്ഞുകുട്ടിയുടെ സൽസ്വഭാവവും പള്ളി ശുശ്രൂഷയിലെ ശുഷ്കാന്തിയും പഠനത്തിലുള്ള ബുദ്ധി സാമർത്ഥ്യവും വികാരിയച്ചനെ സംതൃപ്തനാക്കിയിരുന്നു.

## ബഥനിയോടുള്ള ബന്ധം

ബഥനി ആശ്രമസ്ഥാപകനായ ആബോ ഗീവർഗ്ഗീസ് 1925—ൽ ബഥനിയുടെ മെത്രാനായി വാഴിക്കപ്പെട്ടു, അനന്തരം ബഥനി പള്ളികൾ പല സ്ഥലങ്ങളിലും സ്ഥാപിച്ചപ്പോൾ കല്ലൂപ്പാറയിലും ബഥനിപള്ളി സ്ഥാപിച്ചു. ഒരു സഭാ സ്നേഹി സംഭാവന ചെയ്ത കടമാൻകുളം കുന്നിൻ മുകളിലായിരുന്നു പള്ളി. ഈ കുന്നിൻെറ താഴ്‌വരയിൽ വടക്കുഭാഗത്തായിരുന്നു കുഞ്ഞുകുട്ടിയുടെ വീട്. വീട്ടിനടുത്തു ബഥനിപ്പള്ളി സ്ഥാപിച്ച് ആരാധന നടത്തി തുടങ്ങിയതു മുതൽ കുഞ്ഞുകുട്ടി ബഥനി

www.malankaralibrary.com



പള്ളിയിൽ പതിവായിപ്പോവുകയും ആരാധനയിലും പള്ളി ശുശ്രൂഷകളിലും പതിവായി പങ്കെടുക്കുകയും ചെയ്തിരുന്നു. ഞായറാഴ്ചകളിൽ വിശുദ്ധ കുർബാന അർപ്പിക്കുന്നതിനായി തലേദിവസം ഉച്ചയ്ക്കുശേഷം ബഥനിയിലെ ഒരു വൈദികൻ അവിടെ എത്തുമായിരുന്നു. അപ്പോൾ കുഞ്ഞുകുട്ടിയും അച്ചൻെറ കൂട്ടിന് പള്ളിയിൽ വരുകയും ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്യുക പതിവായിരുന്നു. ഇങ്ങനെ ബഥനി അച്ചൻമാരുമായുള്ള പരിചയം ബഥനിയുമായുള്ള ബന്ധത്തിന് ആരംഭമിട്ടു. ബഥനി അച്ചൻമാരുടെ ലളിത ജീവിതവും ആത്മാവിൽ ദൈവാനുഭവം ഉളവാക്കുന്ന ആരാധനാ രീതിയും അടുത്തറിഞ്ഞപ്പോൾ കുഞ്ഞുകുട്ടി അതിൽ ആകൃഷ്ടനായി.

## നിഷ്കളങ്കവിശ്വാസം

1930 സെപ്റ്റംബർ 20-ാം തീയതി, ചിരകാല പ്രതീക്ഷിതമായിരുന്ന പുനരൈക്യം നടന്നു. ഏതാനും ദിവസങ്ങൾ കഴിഞ്ഞ് കടമാൻകുളം ബഥനിപ്പള്ളിയ്ക്കു സ്ഥലം നല്കിയ വ്യക്തിയും ബഥനിപ്പള്ളിയോട് ബന്ധപ്പെട്ടു കഴിഞ്ഞിരുന്ന സ്ഥലത്തെ രണ്ടു പ്രമുഖ വ്യക്തികളും കൂടെ പുനരൈക്യത്തിൽ പ്രതിഷേധം പ്രകടിപ്പിക്കുവാൻ ഈവാനിയോസ് പിതാവിൻെറ അടുക്കൽ എത്തി. പിതാവ് അവരെ സ്വീകരിച്ചു സംസാരിച്ചു. അവരാകട്ടെ പിതാവിൻെറ കത്തോലിക്കാ സഭാ പുനരൈക്യത്തിൽ പ്രതിഷേധിച്ച് സംസാരിക്കുകയും പള്ളി വിട്ടുകൊടുക്കയില്ലെന്ന് അറിയിക്കുകയും ചെയ്തു. പിതാവ് പ്രശാന്തതയോടെ അവരുടെ പ്രതിഷേധ സംസാരങ്ങളെല്ലാം ശ്രദ്ധിച്ചു. അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. പിന്നീട് പിതാവ് അവരോട് സംസാരിച്ചു. കൂനൻകുരിശ് സത്യത്തോടുകൂടെ ഉണ്ടായ ഭിന്നിപ്പിനുശേഷം നടന്നിട്ടുള്ള പുനരൈക്യ പരിശ്രമങ്ങൾ പരാജയപ്പെട്ടതും ഇപ്പോൾ പുനരൈക്യം സാധിച്ച ചരിത്രങ്ങളും പറഞ്ഞു കേൾപ്പിച്ചു. വിശ്വാസ പ്രമാണത്തിൽ നാം ഏറ്റു പറയുന്ന കതോലികവും ശ്ലൈഹീകവും ആയ ഏക വിശുദ്ധ സഭ കത്തോലിക്കാ സഭ മാത്രമാണെന്ന് അവരെപ്പറഞ്ഞു മനസ്സിലാക്കി. പള്ളി സ്ഥലവും തിരികെ കൊടുത്തേക്കാം എന്നു പറഞ്ഞു പിതാവിൻെറ സഭയെപ്പററിയുള്ള വിവരണങ്ങളും പള്ളി തിരികെകൊടുക്കാം

www.malankaralibrary.com



എന്നുള്ള പ്രസ്താവനയും അവരെ പ്രശാന്തരാക്കി. ദാഹിച്ചു വരണ്ടിരുന്ന നാവിൽ ശീതളപാനീയമെന്നപോലെ അവർക്കതനുഭവപ്പെട്ടു. അവർ മൂവരും അപ്പോഠം ത്തന്നെ പുനരൈക്യപ്പെടുവാൻ തയ്യാറാണെന്ന് പിതാവിനോട് സമ്മതിച്ചു പറഞ്ഞു. പിതാവ് അവരെ പള്ളിയിൽ കൂട്ടിക്കൊണ്ടുപോയി സത്യപ്രതിജ്ഞ ചെയ്യിച്ച കത്തോലിക്കാസഭയിൽ സ്വീകരിക്കുകയും ചെയ്തു. അങ്ങനെ കടമാൻകുളം ബഥനിപ്പള്ളി കത്തോലിക്കാപ്പള്ളിയായി പരിണമിച്ചു, ഇതിൽ കടമാൻകുളത്തുള്ള ചിലരെല്ലാം എതിർത്തതിൽ കുഞ്ഞുകുട്ടിയുടെ കുടുംബവും ഉൾപ്പെട്ടിരുന്നു. അക്കാലത്ത് ഒരു ദിവസം അഭിവന്ദ്യ ഈവാനിയോസ് പിതാവ് കടമാൻകുളം പള്ളി സന്ദർശിച്ചപ്പോഠം കുഞ്ഞുകുട്ടിയും പള്ളിയിലെത്തി പിതാവിനെ പ്രതിഷേധം അറിയിച്ചു. കേവലം പതിനാലു വയസ്സു മാത്രമുള്ള കുഞ്ഞുകുട്ടിയുടെ പ്രതിഷേധം കടമാൻകുളത്തെ മൂന്ന് പ്രമുഖ വ്യക്തികളെ പിതാവ് പുനരൈക്യപ്പെടുത്തിയതിലായിരുന്നു, കുഞ്ഞുകുട്ടി ചോദിച്ചു. ''പിതാവെ ഞങ്ങഠം ക്രിസ്ത്യാനികളല്ലെ ? യാക്കോബായ സഭ സത്യസഭയല്ലെ ?'' പിതാവ് വാത്സല്യ പൂർവ്വം കുഞ്ഞുകുട്ടിയെ അടുത്തു വിളിച്ച് അവിടെ നിന്നിരുന്ന ഫാദർ ബർസ്സീബാ ഒ. ഐ. സി യെ ഏല്പിച്ചിട്ടു പറഞ്ഞു. ''അച്ചനെല്ലാം പറഞ്ഞുതരും.'' പിന്നീട് ബർസ്സീബായച്ചൻ പലപ്പോഴായി കുഞ്ഞുകുട്ടിക്ക് കത്തോലിക്കാ സഭയെക്കുറിച്ചു പറഞ്ഞു കൊടുക്കുകയും പുസ്തകങ്ങഠം കൊടുത്ത് വായിപ്പിക്കുകയും ചെയ്തിരുന്നു. ബുദ്ധിശാലിയായിരുന്ന കുഞ്ഞുകുട്ടി കത്തോലിക്കാ പുസ്തകങ്ങഠം വായിച്ചു പഠിക്കുകയും കത്തോലിക്കാ സഭയാണ് സത്യസഭയെന്ന് ബോധ്യപ്പെടുകയും ചെയ്തു.

## വിശ്വാസ തീക്ഷ്ണത

കത്തോലിക്കാ വിശ്വാസ സത്യങ്ങഠം ബോധ്യമായപ്പോഠം കത്തോലിക്കാ സഭാംഗമായിത്തീരുവാൻ കുഞ്ഞുകുട്ടി ആത്മാർത്ഥമായി ആഗ്രഹിച്ചു. എന്നാൽ കുഞ്ഞുകുട്ടിയുടെ മാതാപിതാക്കളും മററ് കുടുംബാംഗങ്ങളും പുനരൈക്യത്തെ പ്രതിഷേധിച്ചിരുന്നതുകൊണ്ട് ബാലനായ കുഞ്ഞുകുട്ടിക്ക് അപ്പോഴത്ത് സാധിച്ചില്ല. ബഥനി ആശ്രമസ്ഥർ പുനരൈക്യത്തിനുവേണ്ടി എല്ലാം ഉപേക്ഷിച്ച് പെരുനാട്ടിൽനിന്നും വെണ്ണിക്കുളത്തുവന്നു താമസി

www.malankaralibrary.com



ച്ചിരുന്നു. ബഥനി വൈദികരുമായുള്ള മുൻബന്ധം അനുസ്മരിച്ച് കുഞ്ഞുകുട്ടി വെണ്ണിക്കുളം ആശ്രമത്തിൽ പലപ്പോഴും പോയിരുന്നു. സ്വദേശികളും സ്വന്തക്കാരുമായി നാലുപേർ ആശ്രമത്തിലുണ്ടായിരുന്നു. സ്കൂൾ ഫൈനൽ പരീക്ഷ പാസ്സായ കുഞ്ഞുകുട്ടി കുടുംബത്തിലുള്ളവരുടെ താത്പര്യപ്രകാരം ഒരു ജോലിയിൽ പ്രവേശിക്കുവാൻ പരിശ്രമിച്ചിരുന്നു. അങ്ങനെ ലഭിച്ച ഒരു ജോലിയിൽ ഞായറാഴ്ചയും പ്രവർത്തിദിനമാക്കണമെന്ന് മാനേജർ ആവശ്യപ്പെട്ടപ്പോൾ ഒരു മാസത്തോളം ചെയ്തിരുന്ന ജോലിയുടെ ശമ്പളംപോലും ചോദിച്ചുവാങ്ങാതെ ജോലിയുപേക്ഷിച്ചുപോന്നു. അനന്തരം ഒരു ദിവസം വെണ്ണിക്കുളത്ത് ആശ്രമത്തിൽചെന്ന് സുപ്പീരിയറച്ചനെക്കണ്ട് ആശ്രമത്തിൽ ചേരുവാനുള്ള ആഗ്രഹം അറിയിച്ചു. ഒരു ബന്ധുവായിരുന്ന അച്ചന് കുഞ്ഞുകുട്ടിയുടെ കുടുംബാംഗങ്ങളെയെല്ലാം അറിയാമായിരുന്നതുകൊണ്ട് അപ്പോൾ അതിന് സമ്മതം നല്കിയില്ല. പിന്നീടു പലപ്രാവശ്യം കുഞ്ഞുകുട്ടി ആവശ്യപ്പെട്ടപ്പോൾ അച്ചൻ കുഞ്ഞുകുട്ടിയെ സഭയിൽ ചേർത്തു.

## ബഥനിയിലേക്ക്

കുഞ്ഞുകുട്ടി ജോലിക്ക ഹാജരാകാതിരുന്നപ്പോൾ കുഞ്ഞുകുട്ടിയെ ജോലിക്കുകിട്ടുവാൻ താത്പര്യപ്പെട്ട് കൂടുതൽ ശമ്പളം വാഗ്ദാനം ചെയ്തുകൊണ്ട് മാനേജർ എഴുത്തയച്ചു. ചുരുങ്ങിയ ദിവസത്തെ പരിചയംകൊണ്ട് കുഞ്ഞുകുട്ടിയുടെ സ്വഭാവവിശുദ്ധി, ജോലിയിലുള്ള വിശ്വസ്തത, കൃത്യനിഷ്ഠ, ബുദ്ധി സാമർത്ഥ്യം ഇവയെല്ലാം മാനേജർ മനസ്സിലാക്കിയിരുന്നു. എഴുത്ത് കുഞ്ഞുകുട്ടിയുടെ മാതുലൻെറ കൈവശമാണ് ലഭിച്ചത്. എഴുത്തുമായി അദ്ദേഹം കടമാൻകുളത്തു ചെന്നപ്പോൾ കുഞ്ഞുകുട്ടി വീട്ടിലില്ലായിരുന്നു. കുഞ്ഞുകുട്ടിയെ വീട്ടിലേക്കു പറഞ്ഞയക്കണമെന്ന് അറിയിച്ചിട്ടദ്ദേഹം പോയി. കത്തോലിക്കാ സഭാ പുനരൈക്യത്തോട് പ്രതിഷേധം പ്രകടിപ്പിച്ചിരുന്ന വീട്ടിലുള്ളവരോടൊപ്പം കഴിഞ്ഞുകൂടുന്നത് വളരെ പ്രയാസമായി അനുഭവപ്പെട്ടപ്പോൾ എത്രയുംവേഗം വീടും നാടും ഉപേക്ഷിച്ച് ആശ്രമത്തിൽ ചേരുവാൻ കുഞ്ഞുകുട്ടി അതിയായി ആഗ്രഹിച്ചു. തിരുവനന്തപുരത്തു നാലാഞ്ചിറയിൽ ബഥനിആശ്രമത്തിനുവേണ്ടി വസ്തു

www.malankaralibrary.com



വാങ്ങിക്കുകയും ആശ്രമം പണിയുകയും ചെയ്യുന്നുണ്ടെന്നും ആശ്രമം പണിപൂർത്തിയായാലുടൻ വെണ്ണിക്കുളത്തുനിന്ന് ആശ്രമസ്ഥരെല്ലാം നാലാഞ്ചിറയിലേക്കു പോകുമെന്നും അറിഞ്ഞിരുന്ന കുഞ്ഞുകുട്ടി നാലാഞ്ചിറയ്ക്കു പോകുവാൻ തീരുമാനിച്ചു. 1933 മെയ് മാസം 15–ാം തീയതി തിങ്കളാഴ്ച അതിരാവിലെ വീട്ടിൽ നിന്നും പുറപ്പെട്ടു. ഇരവിപേരൂരുള്ള അമ്മാച്ചനെ കാണാൻ പോകുന്നുവെന്നാണ് വീട്ടിലെല്ലാവരും മനസ്സിലാക്കിയിരുന്നത് കുഞ്ഞുകുട്ടി അന്നുവൈകിട്ട് അഞ്ചുമണിയോടുകൂടെ നാലാഞ്ചിറയിൽ എത്തി. അപ്പോൾ അന്നവിടെ ഈ ലേഖകൻ മാത്രമാണുണ്ടായിരുന്നത്. ആഗതനെ സസന്തോഷം സ്വീകരിച്ചു. ആശ്രമത്തിന്റെ കെട്ടിടം പണി പൂർത്തിയായതോടെ മെയ്മാസം അവസാനം വെണ്ണിക്കുളത്തുനിന്നും ആശ്രമസ്ഥരെല്ലാം നാലാഞ്ചിറ വന്നുചേർന്നു. നാലാഞ്ചിറ ആശ്രമത്തിൽ ആദ്യം സ്വീകരിച്ച സന്യാസിയായിരുന്നു കുഞ്ഞുകുട്ടി. ആശ്രമത്തിൽ വർഗീസ് എന്നുവിളിച്ചിരുന്നു. ഓമനപ്പേര് വിളിക്കുക പതിവില്ലായിരുന്നു. വീട്ടിൽ പറയാതെ പോന്നെങ്കിലും നാലാഞ്ചിറ എത്തിയശേഷം ആശ്രമത്തിൽനിന്നും വിവരമറിയിച്ചിരുന്നു. നാലാഞ്ചിറ ആശ്രമത്തിൽ മകനുണ്ടെന്നറിഞ്ഞ പിതാവ് സ്വന്തപ്പെട്ട ഒരാളിനേയുംകൂട്ടി മകനെ തിരികെ കൊണ്ടുപോകുവാൻവന്നു. മകനെ കണ്ട് നിർബന്ധിച്ചെങ്കിലും തിരികെപ്പോകുവാൻ മനസ്സായില്ല. തന്റെ ദൈവവിളിയിലുള്ള വീട്ടുകാരുടെ തടസ്സം മാറികിട്ടുന്നതിനായി പ്രാർത്ഥനയിൽ അഭയപ്പെടുകയായിരുന്നു ചെയ്തിരുന്നത്. വെണ്ണിക്കുളത്തുനിന്നുവന്ന അർത്ഥികളോടൊപ്പം ആറുമാസത്തെ അർത്ഥികാല പരിശീലനത്തിനുശേഷം 1933 നവംബർ 21–ാം തീയതി നവശിഷ്യ പരിശീലനം (നൊവിഷ്യേററ്) ആരംഭിച്ചു. ഒരു നവസന്യാസിയിൽ ഉണ്ടായിരിക്കേണ്ട എല്ലാ സദ്ഗുണങ്ങളും ബ്രദർ വർഗ്ഗീസിൽ ഉണ്ടായിരുന്നു. നവശിഷ്യരിൽ ഇളയവനായിരുന്നെങ്കിലും മററുള്ളവരെക്കാൾ എല്ലാ കാര്യങ്ങളിലും മുൻപന്തിയിലായിരുന്നു. അവർക്കെല്ലാം ഒരു ഉത്തമ മാതൃകയുമായിരുന്നു. നവശിഷ്യ ഗുരുവിനും ആശ്രമ സുപ്പീരിയറിനും ആശ്രമത്തിൽ മറ്റെല്ലാവർക്കുംതന്നെ സംപ്രീതനും സമ്മതനും ആയിരുന്നു. നവശിഷ്യ പരിശീലനകാലം പൂർത്തിയായപ്പോൾ കൂടെയുള്ളവരെ സന്യാസവ്രതാനുഷ്ഠാനത്തിന് അനുവദിച്ചു. എന്നാൽ ബ്രദർ വർഗ്ഗീസിനെ മാററിനിർത്തി; കാരണം

www.malankaralibrary.com



കുടുംബക്കാരുടെ പ്രതിഷേധം ആയിരുന്നു. കുടുംബത്തിന്റെ പ്രതീക്ഷയായിരുന്ന കുഞ്ഞുകുട്ടിയെ കത്തോലിക്കാ സഭയിൽ ചേർക്കുകയും ആശ്രമത്തിൽ സ്വീകരിക്കുകയും ചെയ്തതിൽ വീട്ടുകാർ അപ്പോഴും പ്രതിഷേധിച്ചുകൊണ്ടിരുന്നു. അതുകൊണ്ട് അവരുടെ സമ്മതം വാങ്ങിച്ചുകൊണ്ട് വന്നിട്ടുമതി സന്യാസവ്രതം ചെയ്യുന്നതെന്ന് വന്ദ്യപിതാവ് കൽപ്പിച്ചു.

## അനുവാദത്തിനുവേണ്ടി വീട്ടിലേക്ക്

തിരുവല്ലായിൽ ആശ്രമം പുനഃരാരംഭിക്കുവാൻ ആശ്രമസ്ഥരിൽ ആറുപേരെ അയച്ചപ്പോൾ അവരോടൊപ്പം ബ്രദർ വർഗ്ഗീസിനേയും പറഞ്ഞയച്ചു. തിരുവല്ലായിൽ തിരുമൂലപുരം ആശ്രമത്തിൽവന്ന് അവർ താമസിച്ചു. പിറേറ ദിവസംതന്നെ ഒരു ശെമ്മാശന്റെകൂടെ ബ്രദർ വർഗ്ഗീസിനെ വീട്ടിലേക്കയച്ചു. മകൻ തിരിച്ചെത്തിയതിൽ മാതാപിതാക്കൾ സന്തോഷിച്ചു. ആശ്രമസ്ഥനാകുവാൻ അവരുടെ അനുവാദം ആവശ്യപ്പെട്ടപ്പോൾ അത് അനുവദിക്കയില്ലെന്ന് അവർ ശഠിച്ചു. അനുവാദം ലഭിക്കാതെ ബ്രദർ വർഗ്ഗീസ് ശെമ്മാശന്റെകൂടെ തിരികെപോന്നു. തന്റെ ദൈവവിളിക്ക് പ്രാർത്ഥനയല്ലാതെ മററു മാർഗ്ഗമില്ലെന്നു മനസ്സിലാക്കിയ ബ്രദർ മനസ്സ് മടുക്കാതെ മനമുരുകി പ്രാർത്ഥിച്ചു. പ്രാർത്ഥനാവസരങ്ങളിൽ ബ്രദറിന്റെ നയനങ്ങളിൽനിന്നും ബാഷ്പകണങ്ങൾ പൊഴിഞ്ഞിരുന്നു, ദീർഘസമയം പ്രാർത്ഥിച്ചു. നിരന്തരമായി പ്രാർത്ഥിച്ച ഏതാനും ദിവസങ്ങൾക്കുശേഷം സാന്ദർഭികമായി മാർ ഈവാനിയോസ് പിതാവിനെ കാണുകയും വിവരങ്ങൾ അറിയിച്ച് അപേക്ഷിക്കുകയുംചെയ്തു. എങ്കിലും പിതാവ് അനുവദിച്ചില്ല. എന്നിട്ടും ബ്രദർ നിരാശപ്പെട്ടില്ല. പ്രതീക്ഷയോടെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ആശ്രമത്തിലെ എല്ലാകാര്യങ്ങളിലും ആത്മാർത്ഥമായി സഹകരിച്ചും സഹായിച്ചും ഇരുന്നു. തിരുവല്ലായിലെ ആശ്രമസ്ഥരും ആശ്രമവും തൽക്കാലം രൂപതാ സമൂഹമായിരിക്കുമെന്ന് പിതാക്കൻമാർ നിശ്ചയിച്ച് അറിയിച്ചിരുന്നു. ബ്രദർ വർഗ്ഗീസിന്റെ നവശിഷ്യ ഗുരുവായിരുന്ന ഫാദർ ജോൺ ഒ. ഐ. സി. ആയിരുന്നു തിരുമൂലപുരം ആശ്രമത്തിന്റെ സുപ്പീരിയർ, ബ്രദർ വർഗ്ഗീസിന്റെ ദൈവവിളി നഷ്ടപ്പെടാതിരിപ്പാൻ ഈ ആശ്രമത്തിന്റെ അംഗമായി വ്രതം ചെയ്യിക്കാം എന്ന്

www.malankaralibrary.com



ആശ്രമസ്ഥർ ആലോചിച്ച് തീരുമാനിച്ചു. വിവരം മാർ ഈവാനിയോസ് പിതാവിനെ അറിയിക്കുകയുംചെയ്തു. അപ്പോൾ ബ്രദർ വർഗ്ഗീസിനെ തിരുവനന്തപുരത്തേയ്ക്ക് അയയ്ക്കുവാൻ പിതാവ് കല്പന അയച്ചു. അതനുസരിച്ച് ബ്രദറിനെ നാലാഞ്ചിറ ആശ്രമത്തിലേക്കയച്ചു. ബ്രദർ വർഗ്ഗീസ് പിതാവിനെ പോയിക്കണ്ടു.

## സന്യാസവ്രതാനുഷ്ഠാനം

പിതാവിന്റെ കല്പനപ്രകാരം സന്യാസവ്രതാനുഷ്ഠാനത്തിനുള്ള എട്ടുദിവസത്തെ ധ്യാനം ആശ്രമത്തിൽ വച്ച് നടത്തുകയും 1935 ആഗസ്റ്റ് 15 ാം തീയതി വന്ദ്യപിതാവ് ബ്രദർ വർഗ്ഗീസിന് ആശീർവദിക്കപ്പെട്ടവൻ എന്നർത്ഥമായ 'ബനഡിക്ട്' എന്ന പേരു നൽകി സന്യാസവ്രതം എടുപ്പിക്കുകയും ചെയ്തു. ദൈവത്തിന് സ്വയം പ്രതിഷ്ഠിതനാകുവാൻ സാധിച്ചതിൽ ബ്രദറിന്റെ ഹൃദയം അത്യധികം ആനന്ദിച്ചു. ദൈവത്തിനു ഹൃദയംഗമമായ കൃതജ്ഞതാസ്തോത്രം അർപ്പിക്കുകയും ചെയ്തു.

## വൈദികപഠനവും പട്ടാഭിഷേകവും

യുവസന്യാസിയുടെ ജീവിതവും വൈദികവൃത്തിക്കുള്ള പഠനവും അതീവതാല്പര്യത്തോടെ നിർവ്വഹിച്ചിരുന്നപ്പോഴും പ്രാർത്ഥനയ്ക്കും ആത്മീയഭ്യാസങ്ങൾക്കും അയവു വരുത്തിയിരുന്നില്ല. മൈനർ സെമിനാരിയിലെ ലത്തീൻ പഠനം കഴിഞ്ഞപ്പോൾ മേജർ സെമിനാരിപഠനത്തിനായി കാൻഡി പേപ്പൽ സെമിനാരിയിലേയ്ക്ക് ബ്രദർ ബനഡിക്ട് ഒ.ഐ.സി അയയ്ക്കപ്പെട്ടു. അവിടെയും എല്ലാവർക്കും ഒരു നല്ല മാതൃകാവിദ്യാർത്ഥി ആയിരുന്നു. പഠനത്തിൽ സതീർത്ഥ്യരിൽ മുൻപനായിരുന്നു. ഒരു ബഥാനിയനായിത്തന്നെ കഴുത്തിൽ തടിക്കുരിശും ധരിച്ചിരുന്നു. തന്നിമിത്തം 'വൃദ്ധൻ ബിഷപ്പ്' എന്ന് സതീർത്ഥ്യർ വിളിച്ചിരുന്നു. വൈദികപഠനംപൂർത്തിയാക്കി 1944 ആഗസ്റ്റ് 24–ാം തീയതി വൈദികാഭിഷേകം സ്വീകരിച്ചു. അതിനുശേഷം നാലാഞ്ചിറ ആശ്രമത്തിൽ എത്തി മിഷൻ പ്രവർത്തനങ്ങൾ ചെയ്തിരുന്നു. അഭിവന്ദ്യ ഈവാനിയോസ് പിതാവിന്റെ സെക്രട്ടറിയായും ജോലിചെയ്തിരുന്നു.

## ഉപരിപഠനം

ബഹുമാനപ്പെട്ട ബനഡിക്ടച്ചനെ ഉപരിപഠനത്തിനായി അയയ്ക്കണമെന്നുള്ള ആശ്രമസ്ഥരുടെ നിർബന്ധ പ്രകാരം 1946 ജൂൺ

www.malankaralibrary.com



മാസത്തിൽ തൃശ്ശിനാപ്പള്ളി സെൻറ്ജോസഫ് കോളേജിലേക്ക് അയക്കപ്പെട്ടു. സാമ്പത്തിക ശാസ്ത്രത്തിൽ M.A ഓണേഴ്സിൽ പ്രസിഡൻസിയിൽ ഫസ്റ്റ് റാങ്കോടുകൂടി പാസ്സായി തിരിച്ചെത്തി.

## പ്രിൻസിപ്പൽ പദവിയിലേക്ക്

നാലാഞ്ചിറയിൽ കോളേജിനുവേണ്ടിയുള്ള കെട്ടിടങ്ങളുടെ പണികൾ പൂർത്തിയായിരുന്നതുകൊണ്ട് 1949 ൽ കോളേജ് ആരംഭിക്കുമ്പോൾ അവിടെ കോളേജിൻെറ പ്രഥമ പ്രിൻസിപ്പലായി നിയമിക്കപ്പെട്ടു. കോളേജ് ഭരണത്തിലുള്ള പരിചയം നേടുന്നതിനായി ചങ്ങനാശ്ശേരി S·B കോളേജിൽ താമസിച്ച് പ്രിൻസിപ്പലിനോടൊപ്പം പ്രവർത്തിച്ചു പരിശീലനം നേടി. കോളേജിൽ സഹപ്രവർത്തകർക്കും വിദ്യാർത്ഥികൾക്കും ബനഡിക്ടച്ചൻ സമാദരണീയനായിരുന്നു. പ്രാർത്ഥനയും ആത്മീയാഭ്യാസങ്ങളും സജീവമായിതന്നെ അവിടെയും തുടർന്നിരുന്നു. ലളിതജീവിതത്തിലും ഒരു മാതൃകതന്നെയായിരുന്നു. പ്രാർത്ഥനയും പരിത്യാഗജീവിതവും നിരന്തരമായി അഭ്യസിച്ചിരുന്നതിൻെറ ഫലമായി തൻെറ പ്രവർത്തനങ്ങളിലെല്ലാം ദൈവാനുഗ്രഹം പ്രകടമായിരുന്നു.

## പൗരോഹിത്യത്തിൻെറ പൂർണ്ണതയിൽ

1952–ൽ മെത്രാൻസ്ഥാനത്തേയ്ക്കു നാമനിർദേശംചെയ്യപ്പെട്ടപ്പോൾ ഏററം വിനീതനായി ദൈവാശ്രയത്തോടെ ദൈവഹിതത്തിന് സ്വയം സമർപ്പിച്ചു. തൻെറ ഗുരുവും മുൻഗാമിയുമായിരുന്ന അഭിവന്ദ്യ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ തൃക്കരങ്ങളാൽ അഭിഷിക്തനാകാനുള്ള ഭാഗ്യം ലഭിച്ചു. രൂപതാ ഭരണത്തിൽ അവിശ്രമം അദ്ധ്വാനിക്കുകയും സഭാമക്കളുടെ ആത്മീകവും ഭൗതികവുമായ നന്മയ്ക്കും ഐശ്വര്യത്തിനും വേണ്ടി നിരന്തരം പരിശ്രമിക്കുകയും ചെയ്തിരുന്നു. ഇക്കാലങ്ങളിലെല്ലാം പ്രാത്ഥനയ്ക്കും ധ്യാനത്തിനും തിരുമേനി സമയം കണ്ടെത്തിയിരുന്നു. ദിവ്യകർമ്മാനുഷ്ഠാനങ്ങൾ ഓരോന്നും അതിൻെറ പൂർണ്ണതയിൽ എത്രയും ഭക്തിനിർഭരമായിത്തന്നെ നിർവ്വഹിച്ചിരുന്നു. ഇവയെല്ലാം പ്രാർത്ഥനയിലൂടെ പ്രാപിച്ച ദൈവകൃപയുടെ ഫലമല്ലാതെ മറെറാന്നുമല്ല.

www.malankaralibrary.com



## ഉപസംഹാരം

പ്രാർത്ഥനയിലൂടെ ലഭിച്ച പുത്രൻ ദൈവഭക്തിയിൽ വളർത്തപ്പെട്ടു പത്തുവയസ്സു മുതൽ പള്ളിശുശ്രൂഷകരം പരിശീലിപ്പിക്കപ്പെട്ടു. ബഥനി വൈദികരുടെ ലളിത ജീവിതത്തിലും ആരാധനാനുഷ്ഠാന രീതിയിലും ആകർഷിക്കപ്പെട്ടു. ബഥനിയിലൂടെ ദൈവവിളി സ്വീകരിക്കപ്പെട്ടു. ദൈവവിളിയിലുണ്ടായ പ്രതിസന്ധികളിൽ പ്രാർത്ഥനയിലൂടെ ദൈവവിളിസ്ഥിരീകരിക്കപ്പെട്ടു. വൈദിക പഠനത്തിലും വൈദികാഭിഷേകാനന്തരമുള്ള പ്രേഷിത പ്രവർത്തനങ്ങളിലും പ്രാർത്ഥനയിലും ധ്യാനത്തിലും ആത്മീയാഭ്യാസങ്ങളിലും കൂടി ആത്മീയതയിൽ ജ്വലിച്ചു. ദൈവവചന പ്രഘോഷണങ്ങരം പരിശുദ്ധാത്മ പ്രേരിതവും അറിവിൻെറ നിറവും ആയിരുന്നു. ദീർഘയാത്രയിലും വിശ്രമമില്ലാത്ത ജോലിത്തിരക്കിലും ഏറെ ക്ഷീണിതനായിരുന്നാലും ദിവ്യകാരുണ്യസന്നിധിയിൽ ഒരു മണിക്കൂർ എങ്കിലും പ്രാത്ഥിച്ചശേഷമെ അന്തിയുറങ്ങിയിരുള്ളു. പ്രാർത്ഥനാ ജീവിതം നയിച്ചിരുന്ന പിതാവ് തൻെറ അന്ത്യനിമിഷങ്ങളിലും പ്രാർത്ഥിച്ചുകൊണ്ടും പിതാക്കന്മാർ ചൊല്ലിക്കൊടുത്ത പ്രാർത്ഥനകരം ഏറ്റുചൊല്ലികൊണ്ടും ദിവംഗതനായി. വന്ദ്യപിതാവിൻെറ പ്രാർത്ഥന ബഥനിക്കും മലങ്കരസഭാമക്കരംക്കും അനുഗ്രഹവും ഐശ്വര്യവും ആയിഭവിക്കട്ടെ.

www.malankaralibrary.com

# "അഭിവന്ദ്യാ എന്നിൽ വസിച്ചാലും"

**ഡോക്ടർ എസ്. കെ. രാമചന്ദ്രൻ നായർ**
മെഡിക്കൽ കോളജ്

അഭിവന്ദ്യാ അവിടുന്ന്
എന്നിൽ അധിവസിച്ചാലും
അന്തിതിരശ്ശീല
അഴിഞ്ഞു വീഴുമ്പോൾ
അന്ധകാരത്തിൽ തിമിരം
അധികരിക്കുമ്പോൾ
അഭിവന്ദ്യനേ നീ
എന്നിലധിവസിക്കാൻ വരിക.
അന്യരായ സഹായികൾ
പരാജിതരാവുമ്പോൾ
സ്വാസ്ഥ്യവും സുഖവും
എന്നെ കൈവെടിയുമ്പോൾ
അശരണരുടെ അഭയ സ്ഥാനമേ,
സഹായമേ
ആരാദ്ധ്യനേ നീ
എന്നോടൊത്തധിവസിച്ചാലും
ജീവിതാന്ത്യത്തിലേക്ക്
ഞാൻ അടിവച്ചടുക്കുമ്പോൾ
ലൗകികഭോഗങ്ങളുടെ നിറം മങ്ങി
ഐശ്വര്യം അസ്തമിക്കുമ്പോൾ
അനിത്യതയും ജീർണ്ണതയും
ചുററിലും ചൂഴുമ്പോൾ
നിത്യനേ, ജീർണ്ണാതീതനേ
നീയെന്നിലധിവസിച്ചാലും.

www.malankaralibrary.com



ഒരു നൈമിഷിക ദർശനമോ
ചെറിയ ആമന്ത്രണമോ മാത്രമല്ല
ഞാൻ അങ്ങയോടർത്ഥിക്കുന്നത്
ചിരപരിചിതനായിചിരിച്ച് ക്ഷമയോടെ
സ്വതന്ത്രമായി, സ്വശിഷ്യരോ
ടൊത്തെന്ന പോലെ വരിക.
വന്നുകണ്ട മടങ്ങിപ്പോകാനല്ല
എന്നെന്നേക്കുമായി എന്നിലധിവസിക്കാൻ വരിക.
രാജാധിരാജനായി
ഭയാനകമായ ജയാരവത്തോടെയല്ല
നന്മയുടെയും ദയയുടെയും
കൃപാപൂർണ്ണമായ ചിറകടിശബ്ദത്തോടെ
തപ്തരെ തണുപ്പിക്കാൻ
കണ്ണുനീർത്തുള്ളികളോടെ
അർത്ഥികളുടെ നേർക്ക്
ഹൃദയാലുത്വത്തോടെ
പാപികളുടെ സുഹൃത്തേ
എന്നോടൊത്തു വസിക്കാൻ വരിക
യൗവന ദശയിൽ
അങ്ങ് എന്നെ നോക്കിചിരിച്ചപ്പോഴ്
വിപ്ലവകാരിയെന്ന
അഹന്തയോടെ ഞാൻ മുഖം തിരിച്ചു
പലവട്ടം ഞാൻ കുതറിമാറി
എങ്കിലും ഒരു വട്ടംപോലും നീ കൈവിട്ടില്ല.
ഇന്നു ഞാൻ അന്ത്യത്തോട്
അടുക്കുമ്പോഴ്
ദയാമയാ നീ
എന്നിലധിവസിച്ചാലും
അനുഗ്രഹിക്കാൻ
അവിടുന്ന് അടുത്തുള്ളപ്പോഴ്

www.malankaralibrary.com



എനിക്ക് ശത്രുക്കളെ ഭയമില്ല
അസുഖങ്ങൾക്ക് ഭാരമില്ല

കണ്ണുനീർത്തുള്ളികൾക്ക് കയ്പില്ല
മരണത്തിന് നോവിക്കാനാവില്ല

പട്ടടക്ക് വിജയമില്ല
അങ്ങെന്നിലധിവസിച്ചാൽ ഞാൻ നിത്യം വിജയിക്കും.

അടയാനാരംഭിക്കുന്ന
എന്റെ കണ്ണുകൾക്കു മുമ്പിൽ

അങ്ങയുടെ കുരിശു കാട്ടുക
നിരാശയുടെ തമസ്സിലും

തെളിയുന്ന ചക്രവാളങ്ങൾ
ചൂണ്ടികാട്ടുക.

സ്വർഗ്ഗത്തിന്റെ
പ്രഭാതം വിടരുന്നതും.

ഭൂമിയിലെ നിരർത്ഥകമായ
നിഴലുകൾ നീങ്ങുന്നതും

അങ്ങയുടെ പ്രഭയിൽ
ഞാൻ കാണുന്നു.

ജീവിതത്തിലും മരണത്തിലും
പ്രഭോ അങ്ങെന്നിലധിവസിച്ചാലും.

www.malankaralibrary.com




അമ്മയ്ക്കെന്നോടുള്ള സ്നേഹം നിസ്സീമമാണ്



പുനരൈക്യശേഷമുള്ള പ്രഥമ ജാതൻ
ഗുരുവായ ജോണച്ചനും റഫായേലച്ചനുമൊത്ത്

www.malankaralibrary.com



മത ഐക്യമാണ് ഭാരതത്തിനാവശ്യം

## മേലദ്ധ്യക്ഷൻമാരുടെ കൂടിക്കാഴ്ച



പിതാവേ അവരൊന്നാകുവാൻ....

www.malankaralibrary.com



രോഗശയ്യയിലും പ്രസന്നവദനനായി



വേദനയിൽ ആശ്വാസം പകരുന്ന സഹശുശ്രൂഷകർ

www.malankaralibrary.com

# വേർപാടിൽ ദുഃഖിക്കുന്ന സഹോദരങ്ങൾ





www.malankaralibrary.com

# സഹനബലിയായ മാർ ഗ്രീഗോറിയോസ്

ഫാ. ജേക്കബ് പെരുമ്പ്രാൽ, ഒ.ഐ.സി

ആദ്ധ്യാത്മികം, സാമൂഹികം, വിദ്യാഭ്യാസം, രാഷ്ട്രീയം, കൃഷി, എന്നീ രംഗങ്ങളിൽ കേരളത്തിലാകമാനം മായാത്ത മുദ്ര പതിച്ച ഒരു മഹാവ്യക്തിയാണ് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ്, ഒ. ഐ. സി. അദ്ദേഹത്തിന്റെ ദേഹവിയോഗം കേരളത്തിനും ഭാരതത്തിനും ആഗോളസഭയ്ക്കും പ്രത്യേകിച്ച് മലങ്കര സഭയ്ക്കും പ്രഥമ ദൃഷ്ട്യാ ഒരു തീരാനഷ്ടം തന്നെയാണ്. അദ്ദേഹത്തിന്റെ പാവനസ്മരണയുടെ മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

അനന്യസാധാരണമായ സിദ്ധികളുള്ള ഒരു വ്യക്തിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിൽ വളരെ തെളിഞ്ഞു നിന്ന സഹനം എന്ന സിദ്ധിയെക്കുറിച്ചു മാത്രം അല്പമൊന്ന് വിചിന്തനം ചെയ്യാം. ബഥനി സന്യാസി സമൂഹത്തിലെ പ്രത്യേക പരിശീലനത്തിലൂടെ അദ്ദേഹത്തിനു ലഭിച്ച സിദ്ധിയാണ് സഹനം. ബഥനിയിൽ പ്രാർത്ഥനയുടെ അടിസ്ഥാനത്തിൽ ലാളിത്യം, സഹനം, തപസ് എന്നിവയ്ക്ക് പ്രാധാന്യം നല്കിയിരുന്നു. പരിശീലനകാലത്ത് അവ അദ്ദേഹത്തെ അത്യധികം ആകർഷിച്ചു. യേശുക്രിസ്തുവിന്റെ തിരുവചനങ്ങൾ അദ്ദേഹം ചിന്തിച്ചു ധ്യാനിക്കുവാൻ തുടങ്ങി. ക്രിസ്തുവിന്റെ ജീവിതം അദ്ദേഹത്തിന്റെ പഠനവിഷയമായി. ആ ജീവിതം മുഴുവൻ സഹനത്തിന്റെ- കുരിശിന്റെ—ജീവിതമായിരുന്നു. ക്രിസ്തുവിന്റെ ശിഷ്യനായിത്തീരുക എന്നതാണ് ക്രിസ്തീയ സന്യാസത്തിന്റെ അടിസ്ഥാനം. യേശു ശിഷ്യന്മാരോട് അരുളിചെയ്തു. ''ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ. സ്വന്തം ജീവൻ രക്ഷിക്കുവാൻ ആഗ്രഹിക്കുന്നവൻ അതു നഷ്ടപ്പെടുത്തും; എന്നാൽ, ആരെങ്കിലും എനിക്കുവേണ്ടി സ്വജീവൻ നഷ്ട

www.malankaralibrary.com



പ്പെടുത്തിയാൽ അവൻ അതു കണ്ടെത്തും''. (മത്താ. 16/24-25). ഈ തിരുവാക്യങ്ങൾ ജീവിതത്തിൽ ആവോളം അനുവർത്തമാക്കാൻ പരിശ്രമിച്ച പുണ്യാത്മാവാണ് മാർ ഗ്രിഗോറിയോസ് തിരുമേനി. അദ്ദേഹത്തിന്റെ ജീവിതത്തിൽ ഉടനീളം കുരിശുകളുണ്ടായിരുന്നു. പക്ഷേ മററുള്ളവർ അതു മനസ്സിലാക്കിയിരുന്നില്ല. കാരണം അദ്ദേഹം എല്ലാം സഹിച്ചതു് പുഞ്ചിരിയോടുകൂടിയും, യേശുക്രിസ്തുവിനുവേണ്ടിയുമായിരുന്നു. സ്വർഗ്ഗാരോഹണത്തിനു മുമ്പ് യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു. ''നിങ്ങൾക്കു ദുഃഖമുണ്ടാകും; എന്നാൽ, നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും'' (യോഹ. 16/20). ജീവിതത്തിന്റെ അവസാന നിമിഷംവരെ ഈ സത്യം മാർ ഗ്രിഗോറിയോസ് തിരുമേനിയിൽ തെളിഞ്ഞു കാണാമായിരുന്നു.

1953 ജനവരി 29-ാം തീയതി അദ്ദേഹത്തിന്റെ മെത്രാഭിഷേകവേളയിൽ പരിശുദ്ധാത്മാവിനാൽ പ്രേരിതനായി അദ്ദേഹം ദൈവജനത്തോടു പ്രസംഗിക്കുകയുണ്ടായി. ആ പ്രസംഗത്തിലെ ഹൃദയസ്പർശിയായ ഏതാനും വാക്കുകൾ ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ: ''ഇന്നുമുതൽ നിങ്ങളുടെ ദുഃഖം എന്റെ ദുഃഖവും നിങ്ങളുടെ ആവശ്യം എന്റെ ആവശ്യവും നിങ്ങളുടെ സന്തോഷം എന്റെ സന്തോഷവുമായിരിക്കും'. അദ്ദേഹം തുടർന്നുപോകുകയാണ്: 'എനിക്കു സാധുക്കളോടു് അധികം സ്നേഹമുണ്ടു്. ഞാനൊരു പാവപ്പെട്ടവനായിരുന്നു. പട്ടിണിയുടെ വിഷമത നേരിട്ടറിയുവാൻ എനിക്കു സാധിച്ചിട്ടുണ്ടു്. എന്റെ ആയുഷ്കാലം മുഴുവൻ സാധുക്കളുടെ ഉയർച്ചയ്ക്കുവേണ്ടി വിനിയോഗിക്കും എന്നു ഞാൻ പ്രതിജ്ഞ ചെയ്യുന്നു.'' അദ്ദേഹത്തിന്റെ പ്രസംഗങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും മേല്പറഞ്ഞ കാര്യങ്ങൾ വളരെയധികം നിറവേററിയിട്ടുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. അതിനൊരു ഉദാഹരണമാണ് അദ്ദേഹത്തിന്റെ ശവസംസ്കാരകർമ്മം കഴിഞ്ഞു് പട്ടം കത്തീഡ്രലിൽവച്ചു നടന്ന അനുശോചനയോഗത്തിൽ അബ്ദുൾ ഗഫാർമൗലവി (പാളയംപള്ളി ഇമാം) പറഞ്ഞതു്. ഇമാം പറഞ്ഞു: 'പല മത നേതാക്കളും സ്നേഹസന്ദേശം പ്രചരിപ്പിക്കുന്നതിനു പകരം വിദ്വേഷം പ്രചരിപ്പിക്കുകയാണ്. അഭിവന്ദ്യ മാർ ഗ്രീഗോറിയോസ് അങ്ങനെ അല്ലായിരുന്നു. എല്ലാ മതാനുയായികളേയും സ്നേഹത്തോടും കരുണയോടുംകൂടിയാണ് അദ്ദേഹം വീക്ഷിച്ചിരുന്നതു്. ഞാൻ തിരുവനന്തപുരം പാളയംപള്ളി ഇമാം ആയി വന്നപ്പോൾ പട്ടത്ത് ആർച്ച് ബിഷപ്പ്സ് ഹൗസിൽ പോയി നേരിട്ട് മാർ ഗ്രീഗോറിയോസ് തിരുമേ

www.malankaralibrary.com



നിയെ കണ്ടു. അപ്പോൾ അദ്ദേഹം എന്നോടു പറഞ്ഞു: 'ഇമാം, നിങ്ങളുടെ സമൂഹം വിദ്യാഭ്യാസപരമായി വളരെ പിന്നോക്കമാണ്. സാധുക്കളും പഠിക്കാൻ ബുദ്ധിമുട്ടുള്ളതുമായ വിദ്യാർത്ഥികളുണ്ടെങ്കിൽ രണ്ടുമൂന്നുപേരുടെ ലിസ്റ്റ് എല്ലാ വർഷവും തന്നുകൊള്ളൂ. ഞാനവർക്കു കോളേജിൽ (മാർ ഈവാനിയോസ് കോളേജിൽ) സീററു കൊടുത്തുകൊള്ളാം. അന്നുമുതൽ ഇന്നുവരെ ആ മഹാനുഭാവൻ ഞാൻ പറഞ്ഞ സാധുക്കളായ വിദ്യാർത്ഥികൾക്ക് അഡ്മിഷൻ കൊടുക്കുന്നുണ്ട്''. സാധുക്കളുടെ ബുദ്ധിമുട്ടുകൾ സഹിച്ചറിഞ്ഞ വ്യക്തിയാണ് മാർ ഗ്രിഗോറിയോസ്. സാധുക്കളെ സഹായിക്കാൻ അദ്ദേഹം എപ്പോഴും സന്നദ്ധനായിരുന്നു.

അനേകം വൈദിക വിദ്യാർത്ഥികളെ അദ്ദേഹം വൈദിക പദവിയിലേക്ക് ഉയർത്തിയിട്ടുണ്ട്; സന്യാസികളുടെ വ്രതാനുഷ്ഠാന കർമ്മങ്ങളിൽ അദ്ദേഹം നേതൃത്വം നൽകിയിട്ടുമുണ്ട്. ഇവ രണ്ടും ദീർഘമായ ശുശ്രൂഷകളാണ്. മൂന്നും നാലും മണിക്കൂറുകൾ അദ്ദേഹം അപ്പോൾ നില്ക്കേണ്ടി വന്നിട്ടുണ്ട്. കൂടുതൽ സമയം നില്ക്കുമ്പോൾ നടുവിനു വേദന ഉണ്ടാകുമല്ലോ. പക്ഷേ, അതൊന്നും അദ്ദേഹം ആരോടും പറഞ്ഞിരുന്നില്ല. എല്ലാം സന്തോഷത്തോടെ മൗനമായി സഹിച്ചിരുന്നു. ഒരിക്കൽ ഈ ലേഖകൻ അദ്ദേഹത്തോട് അഭ്യർത്ഥിച്ചു ''ദീർഘമായ ശുശ്രൂഷാ വേളയിൽ ചിലപ്പോഴൊക്കെ, പിതാവേ, അങ്ങ് ഇരിയ്ക്കുന്നതു് നല്ലതാണ്. മററു സഭകളിലെ മെത്രാന്മാർ ഇപ്രകാരമുള്ള ശുശ്രൂഷാവേളകളിൽ ഇടയ്ക്കിടയ്ക്ക് ഇരിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്.'' അപ്പോൾ അദ്ദേഹം എന്നെ ഒരു പുഞ്ചിരിയോടുകൂടി ഒന്നു നോക്കുക മാത്രമാണ് ചെയ്തതു്. ദീർഘമായ ശുശ്രൂഷാവേളകളിൽ അദ്ദേഹത്തിനു ക്ഷീണവും വേദനയും ഉണ്ടായിട്ടുണ്ട്. പക്ഷേ, അതു് അദ്ദേഹം ആരെയും അറിയിക്കാതെ സഹിച്ചിരുന്നു. സഹനത്തിൻെറ മൂർത്തീഭാവമായ യേശുവിനെയാണ് അപ്പോഴെല്ലാം അദ്ദേഹം തൻെറ മുമ്പിൽ കണ്ടിരുന്നതു്.

നല്ല ആരോഗ്യമുണ്ടായിരുന്ന അദ്ദേഹം പെട്ടെന്നു് രോഗബാധിതനായി. ബോൺ കാൻസറായിരുന്നു രോഗം. അതികഠിനമായ വേദനയാണ് അതുവഴി അദ്ദേഹത്തിനു് അനുഭവിക്കേണ്ടി വന്നതു്. ആവലാതിപ്പെടാതെ, ശാന്തമായി അദ്ദേഹം അതെല്ലാം സഹിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ അദ്ദേഹത്തെ സന്ദർശിക്കാൻ വന്ന ഉന്നതരായ വ്യക്തികളെ അതിവേദന

www.malankaralibrary.com



യുടെ വേളയിൽപ്പോലും പുഞ്ചിരിയോടെയാണ് അദ്ദേഹം അഭിവാദനം ചെയ്തിരുന്നത്. വിശുദ്ധ പൗലോസ് ശ്ലീഹായുടെ വാക്കുകൾ അദ്ദേഹത്തെ ധൈര്യപ്പെടുത്തിയിരുന്നു. വിശുദ്ധ പൗലോസ് പറയുന്നു: ''ഞങ്ങളുടെ ക്ലേശങ്ങൾ-വേദനകൾ-നിസ്സാരവും ക്ഷണികവുമാണ്. അവയുടെ ഫലമോ അനുപമമായ മഹത്വവും'' (2 cor. 4/17).

ക്ഷമയോടും സന്തോഷത്തോടും കൂടി നമ്മുടെ വേദനകളും ദുഃഖങ്ങളും സഹിക്കുമ്പോൾ യേശുവിന്റെ പീഡകളിൽ നാം പങ്കുകാരാകുകയാണ്. എത്ര വലിയ ഭാഗ്യമാണിത്! അതിൽ നാം ആഹ്ലാദിക്കണമെന്ന് വിശുദ്ധ പത്രോസ് ശ്ലീഹാ നമ്മോടാവശ്യപ്പെടുന്നു (1 Peter 4/12–16). 'സഹനമാണ് സ്നേഹത്തിന്റെ ഏറ്റം മികച്ച ചിഹ്നം,' എന്ന് കുരിശിന്റെ വിശുദ്ധ യോഹന്നാൻ നമ്മെ പഠിപ്പിക്കുന്നു. ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹം വന്ദ്യപിതാവ് തന്റെ സഹനത്തിലൂടെ തെളിയിച്ചു.

വിശുദ്ധിയിലേക്കും മോക്ഷത്തിലേക്കും നമ്മെ ആനയിക്കുന്ന വലിയ ഒരുപാധിയാണ് സഹനം. വിശുദ്ധ ഫ്രാൻസിസ് സാലസ് പറയുന്നതു ശ്രദ്ധിക്കുക: ''സഹനം കൂടാതെ വിശുദ്ധിയില്ല.'' മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ രോഗശയ്യയിൽ അടുത്ത് അദ്ദേഹത്തെ ശുശ്രൂഷിക്കയും സഹായിക്കയും ചെയ്തുകൊണ്ടിരുന്നത് തിരുവനന്തപുരം മെഡിക്കൽ കോളജ് സൂപ്രണ്ട് ഡോ. എസ്. കെ. രാമചന്ദ്രൻനായരായിരുന്നു അദ്ദേഹത്തിനു ശരിക്കറിയാമായിരുന്നു, വന്ദ്യപിതാവിന്റെ രോഗത്തിന്റെ ഗൗരവവും വേദനയുടെ കാഠിന്യവും, മരണത്തോടു മല്ലടിച്ച് വേദനയെല്ലാം ശാന്തമായി സഹിച്ച മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ജീവിതം അദ്ദേഹത്തെ ആഴമായി സ്പർശിച്ചു. പട്ടം കത്തീഡ്രലിൽവച്ചു നടന്ന അനുശോചന യോഗത്തിൽ പ്രസംഗത്തിനിടയ്ക്ക് അദ്ദേഹം ഒന്നുരണ്ടു പ്രാവശ്യം ദുഃഖംകൊണ്ട് പൊട്ടിക്കരയുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രസംഗത്തിലെ ഏതാനും വാക്കുകൾ ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ: 'തിരുമേനി യഥാർത്ഥത്തിൽ ഒരു വിശുദ്ധനായിരുന്നു. അദ്ദേഹത്തെ സഭ, വിശുദ്ധനായി നാമകരണം ചെയ്താലും ഇല്ലെങ്കിലും, തിരുമേനിയെപ്പോലെ ജീവിതത്തിന്റെ അവസാന നിമിഷംവരെ ദൈവത്തെ സ്മരിച്ച് ദൈവത്തിൽനിന്ന്

www.malankaralibrary.com



അനന്തമായ ജ്ഞാനവും അപരിമേയമായ ആനന്ദവും ശാന്തിയും വെളിച്ചവും സ്വീകരിച്ചു മരിച്ച മറെറാരു വ്യക്തിയെ ഇനിയും എനിക്കു കാണേണ്ടിയിരിക്കുന്നു.'

മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ പാവനമായ ജീവിതത്തിന്റെ മുമ്പിൽ നമുക്കു നമ്രശിരസ്ക്കരാകാം. ആ ജീവിതത്തിലൂടെ നമുക്കു കാണിച്ചു തന്ന മഹത്തായ മാതൃക നമ്മുടെ ജീവിതത്തിലും പ്രാവർത്തികമാക്കാൻ ശ്രമിക്കാം. നല്ലവനായ ദൈവം അതിനു നമ്മെ അനുഗ്രഹിക്കട്ടെ.

—0—

# മാനുഷിക സാഹോദര്യത്വം ഉൾക്കൊണ്ട സന്യാസി

## (ഒരു ലഘു അനുസ്മരണം)

**(T. K. Koshy Retd, P. V. C. Gandhi University)**

ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ മാർ ഗ്രീഗോറിയോസ് തിരുമേനിയെ അനുസ്മരിക്കുമ്പോൾ, ധന്യമായ, പരപ്പേറിയ, സുദീർഘമായ, സംഭവ ബഹുലമായ ആ ജീവിതത്തിലെ എത്രയെത്ര മധുരിക്കുന്ന സ്മരണകളാണ് പലർക്കും പങ്കിടാനുണ്ടാവുക.

1947–49 കാലയളവിൽ ത്രിശ്ശിനാപ്പള്ളിയിൽ സെൻറ് ജോസഫ്സ് കോളേജിൽ **B. A. (Hon)**ക്കു പഠിക്കുന്ന ഒരു സന്യാസിയെയാണ് ഓർമ്മയിൽ വരിക. അന്ന് ഞാനും അവിടെതന്നെ **B. A.** ക്കു പഠിക്കുകയാണ്. തിരുവല്ലായിൽനിന്നും അന്ന് ത്രിശ്ശിനാപള്ളിക്കു പോകുന്നതു് കൊട്ടാരക്കര വന്ന് ട്രയിൻ കയറിയാണ്. അന്നൊക്കെ കാഷായ വസ്ത്രവും തടികുരിശും ധരിച്ച ബനഡിക്ട ച്ചനും ഞാനും ഒന്നിച്ചാണ് കൊട്ടാരക്കരനിന്നും പലപ്പോഴും പോകു

www.malankaralibrary.com



ന്നതു്. വളരെ സന്തോഷമായും രസകരമായും പലതിനെപ്പററിയും സംസാരിക്കും. കുറച്ചു കഴിയുമ്പോൾ അച്ചൻ പറയും ഇനിയും നമുക്കൊരു കൊന്ത ചൊല്ലാം. അദ്ദേഹം കൊന്തയെടുത്തു് പ്രാർത്ഥിക്കാൻ തുടങ്ങും. അങ്ങനെ ഞങ്ങൾ ത്രിശ്ശിനാപള്ളിയിലെത്തും.

അന്നു് ഞാൻ ന്യൂഹോസ്റ്റലിലാണ് താമസിച്ചിരുന്നതു്. അച്ചൻ ബെല്ലർമിൻനിലും. രാവിലെ 6½ക്കു് ബനഡിക്ടു് സന്യാസിയുടെ കുർബ്ബാന കോളേജ് ചാപ്പലിലാണ്. ഞങ്ങൾ കുറച്ചു പേർ അതിനു് പതിവായി പോയിരുന്നു. ഏതെങ്കിലും ദിവസം ആരെയെങ്കിലും കണ്ടില്ലെങ്കിൽ അന്വേഷിച്ചു കണ്ടുപിടിച്ചു് 'എന്താ കുർബ്ബാനയ്ക്കു വരാതിരുന്നതെന്നു' ചോദിക്കും. സ്നേഹപൂർവ്വമായ ആ പ്രോത്സാഹനംകൊണ്ടു മിക്കവാറും എല്ലാവരും പതിവായി വി. കുർബ്ബാനയിൽ സംബന്ധിക്കുമായിരുന്നു. അങ്ങനെ സഹപാഠികളുടെ ആത്മീയകാര്യങ്ങളിൽ സന്യാസിയായ അദ്ദേഹം അതീവ ശ്രദ്ധാലുവായിരുന്നു.

നാലുമണിയാകുമ്പോൾ കളിസ്ഥലത്തു് എത്തും. എല്ലാ കോർട്ടിലും ഓരോ കളികളിക്കും. അവസാനം ന്യൂഹോസ്റ്റലിനു് സമീപമുള്ള വോളിബോൾ കോർട്ടിൽ വന്നു് അവിടെയും ഒരു ഗയിം കളിക്കും. മുൻ കേന്ദ്രമന്ത്രിയായിരുന്ന ഏ സി. ജോർജ്ജും ഞാൻതാമസിച്ചിരുന്ന ന്യൂഹോസ്ററലിലായിരുന്നു. ഏ. സി ജോർജിനു് വോളിബോൾ കളിയിൽ വലിയ താൽപര്യമായിരുന്നു. അവരുടെ കൂടെയും ഒരു ഗയിം കളിച്ചു് ബനഡിക്ടച്ചൻ തിരികെ പോകും. കോളേജിലുള്ള എല്ലാ വിദ്യാർത്ഥികളെയും ഒരു വിധത്തിൽ അല്ലെങ്കിൽ മറെറാരു തരത്തിൽ അദ്ദേഹം ബന്ധപ്പെടുകയും അവരുടെയെല്ലാം സ്നേഹാദരങ്ങൾക്കും പാത്രീഭൂതനാവുകയും ചെയ്തിരുന്നു. സദാ പുഞ്ചിരിക്കുന്ന, ഐശ്വര്യം തിളങ്ങുന്ന ആ താപസമുഖവുമായി ഒരു വിദ്യാർത്ഥിയായിരുന്നിട്ടുപോലും അദ്ദേഹം കാമ്പസ് മുഴവൻ നിറഞ്ഞുനിന്നിരുന്നു. അന്നൊക്കെ അദ്ദേഹത്തിൻെറ സഹപാഠികൾ പറയുമായിരുന്നു 'ഏതോ ഉന്നതസ്ഥാനത്തേക്കു് നിശ്ചയിക്കപ്പെട്ടിരിക്കുന്ന ഒരു വലിയ മനുഷ്യനാണ് ഈ കൊച്ചു മനുഷ്യൻ' എന്നു്. അങ്ങനെ വിദ്യാർത്ഥിയായിരിക്കുമ്പോഴെ സ്വന്തം വ്യക്തിപ്രാഭവം പ്രകടിപ്പിച്ച ധന്യനായ ആ മഹാപുരുഷൻെറ സഹപാഠികളായി അദ്ദേഹത്തിൻെറ സ്നേഹവാൽസല്യങ്ങൾ അനുഭവിച്ചറിയുവാൻ അവസരം കിട്ടിയ ഞങ്ങളൊക്കെ ധന്യരാണ്. ആ

www.malankaralibrary.com



ധന്യജീവിതത്തിൻെറ മധുരസ്മരണകഠം ഞങ്ങഠംക്കു് എന്നെന്നും ഉത്തേജനമായിരിക്കും,

തിരുവനന്തപുരം അതിരൂപതയുടെ ഭരണം അദ്ദേഹം ഏററെടുത്തപ്പോഠം മുതൽ അദ്ദേഹം കാലം ചെയ്തതുവരെയുള്ള സംഭവബഹുലവും ഉജ്ജ്വലവുമായ ആ ജീവിതം ഒരു തുറന്ന പുസ്തകം പോലെ എല്ലാവർക്കും സുപരിചിതമാണല്ലോ. രാഷ്ട്രീയ, സാമൂഹ്യ, സാമ്പത്തിക മണ്ഡലങ്ങളിൽ ഇത്ര ശക്തമായ വ്യക്തിമുദ്ര പതിപ്പിച്ച മറെറാരു മതമേലദ്ധ്യക്ഷനെ ചൂണ്ടികാണിക്കുക പ്രയാസമാണ്. കക്ഷിരാഷ്ട്രീയങ്ങഠംക്കതീതമായി എല്ലാവരാലും ബഹുമാനിക്കപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്യുകയെന്നതു് ഉജ്ജ്വലമായ അദ്ദേഹത്തിൻെറ വ്യക്തിപ്രാഭവത്തിൻെറ പ്രതിബിംബനമാണ്. He is a secular religious Head എന്നു് വൈസ്പ്രസിഡൻറ് ശ്രീ. കെ. ആർ. നാരായണൻ പറഞ്ഞതു് അദ്ദേഹത്തിൻെറ വിശാലമായ മതവീക്ഷണത്തെ സൂചിപ്പിച്ചുകൊണ്ടാണ് Religious fundamentalism വും മതപരമായ പ്രശ്നങ്ങളുടെ പേരിൽ രൂക്ഷമായ സംഘട്ടനങ്ങളും, അവ രാഷ്ട്രീയവൽക്കരിക്കുന്നതിനുള്ള പ്രവണതയും വളർന്നുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ 'എനിക്കു് എതിരല്ലാത്തവൻ എനിക്കു് സ്നേഹിതനാണ്'' എന്ന വാക്യപ്രകാരം എല്ലാവരോടും, എല്ലാ മതങ്ങളോടും തുല്യ ബഹുമാനവും ആദരവും കാണിച്ച് ഉദാത്തമായ ഒരു മാതൃക നൽകി അദ്ദേഹം ഒരു പുതിയ സമീപനംതന്നെ സ്വീകരിച്ചിരുന്നു.

ആർഷഭാരതത്തിൻെറ സാംസ്കാരിക ആത്മീയ പൈതൃകം ഉൾക്കൊണ്ടു് ക്രിസ്തീയ സന്ദേശം ഭാരതത്തിനു നൽകാൻ ഭാഗ്യസ്മരണാർഹനായ മാർ ഈവാനിയോസ് തിരുമേനി സ്ഥാപിച്ച ബഥനി സന്യാസസമൂഹത്തിൻെറ കർമ്മധീരനായ ഒരു അംഗം എന്ന നിലയിൽ ജീവിതത്തിലും പ്രവർത്തിയിലും ഉദാത്തമായ ആ ലക്ഷ്യം മുൻനിർത്തിതന്നെ അദ്ദേഹം പ്രവർത്തിച്ചിരുന്നുയെന്നതു് അദ്ദേഹത്തിൻെറ ലളിതമായ ജീവിതരീതിയിലൂടെയും നാനാജാതി മതസ്ഥരെയും ആകർഷിച്ച പ്രവർത്തനശൈലിയിലൂടെയും വ്യക്തമാണ്. ബഥനി സമൂഹം ഈ സന്ദേശം ഉഠംക്കൊണ്ടു് ഭാരതീയമായ അവരുടെ ദർശനം നഷ്ടപ്പെടുത്താതെ വൈദേശികമായ വല്ല ബന്ധനങ്ങളും കാലത്തിൻെറ പുരോഗതിയിൽ വന്നുപെട്ടിട്ടുണ്ടെ

www.malankaralibrary.com



കിൽ അവയിൽനിന്നെല്ലാം വിമുക്തമായി, തികച്ചും ഭാരതീയസംസ്കാരത്തിനു് അനുയോജ്യമായ, മാർ ഈവാനിയോസ് തിരുമേനി ഉന്നംവെച്ച ആദ്ധ്യാത്മികമായ ലക്ഷ്യത്തിലേക്കു്, മാർ ഗ്രീഗോറിയോസ് തിരുമേനി കാണിച്ചുതന്ന ജീവിതശൈലിയിൽക്കൂടെപ്രവർത്തിക്കുമെങ്കിൽ ദിവംഗതനായ ആ മഹാപുരോഹിതനു നൽകാവുന്ന ഏററവും വലിയ ഉപഹാരമായിരിക്കും.

ജീവിത വിശുദ്ധികൊണ്ടും ആത്മീയ ചൈതന്യം കൊണ്ടും, ലളിതമായ ജീവിതം കൊണ്ടും ഒരു മാതൃകാസന്യാസിയായി ജീവിച്ച അദ്ദേഹം നൽകുന്ന സന്ദേശം നാം ഉൾക്കൊള്ളുമെങ്കിൽ നാം ഭാഗ്യവാന്മാരായി. കുറെ വർഷങ്ങൾക്കുമുമ്പു് റോമിൽ വച്ചു് കുറെ വൈദികരെ അഭിസംബോധന ചെയ്തുകൊണ്ടു് മദർ തെരേസ പറഞ്ഞു "What the Church needs most is holy priests." ഒരു പക്ഷേ സന്യാസ പൗരോഹിത്യത്തിലൂടെ മഹത്വത്തിലേക്കുയർത്തപ്പെട്ട അദ്ദേഹം നമുക്കു നൽകുന്ന സന്ദേശവും ഇതുതന്നെയാണു്.

നാടിൻെറ വിവിധങ്ങളായ പ്രശ്നങ്ങളിൽ അതിൻെറ പുരോഗതിക്കായി പ്രവർത്തിക്കുന്ന ഓരോ സംഘടനകളുടെയും വ്യക്തികളുടെയും സഹായത്തിനും സഹകരണത്തിനും എപ്പോഴും കൈ നീട്ടി കൊടുക്കുന്ന അദ്ദേഹം, മനുഷ്യൻെറ പൂർണ്ണമായ–ആത്മീയവും ഭൗമീകവുമായ–വളർച്ചയ്ക്കു് മതാചാര്യന്മാർക്കു് ഉത്തരവാദിത്വമുണ്ടെന്നു് ഓർപ്പിച്ചു. തൻെറ ഉപദേശങ്ങൾ കേട്ടു് ദീർഘനേരം ഇരുന്ന മനുഷ്യരോടു് അനുകമ്പ തോന്നി അവർ ആവശ്യപ്പെടാതെ തന്നെ അവർക്കു ഭക്ഷണം നൽകാൻ ശിഷ്യരോടു് കൽപ്പിച്ച യേശുനാഥൻെറ അരൂപിയിൽ "വിശക്കുന്നവൻെറ മുൻപിൽ അപ്പത്തിൻെറ രൂപത്തിലല്ലാതെ പ്രത്യക്ഷപ്പെടുവാൻ ഈശ്വരൻ പോലും മടിക്കുമെന്നു് അദ്ദേഹം കാണിച്ചു തന്നു.

അദ്ദേഹം സ്ഥാപിച്ച വിദ്യാലയങ്ങളെയും ദേവാലയങ്ങളെയും ആതുരാലയങ്ങളെയുംകാളുപരി അദ്ദേഹത്തിൻെറ പ്രാഭവം പ്രതിഫലിക്കുന്നതു് അദ്ദേഹം കാണിച്ചു തന്ന പുതിയ സമീപനമാണെന്നാണു് ഞാൻ കരുതുന്നതു്. മതപരമായ ചെറിയ ചെറിയ വിഭാഗീയതക്കു് അതീതമായി 'Fatherhood of God and Brotherhood of man' എന്ന സൂക്തത്തിനു് ഊന്നൽ നൽകിക്കൊണ്ടു് ആത്മീയ നന്മയ്ക്കായി പ്രവർത്തിക്കുന്നതോടൊപ്പം വ്യക്തികളുടെ ഭൗതികമായ

www.malankaralibrary.com



ആവശ്യങ്ങൾക്കും വേണ്ടത്ര പരിഗണന നൽകി. മതപരമായ പ്രവർത്തനങ്ങൾ വ്യാപ്തമാക്കി കൊണ്ട്, രാഷ്ട്രീയമായ അഭിപ്രായവ്യത്യാസങ്ങൾ എന്തെല്ലാമായാലും നാടിന്റെ ഉത്കർഷത്തിനായി സഹകരിച്ചു പ്രവർത്തിക്കുവാൻ വൈദിക മേലദ്ധ്യക്ഷൻമാർക്കു വിമുഖത ഇല്ലെന്നു കാണിച്ചുകൊണ്ട്; സദാ പുഞ്ചിരിക്കുന്ന പ്രസന്നമായ ആ മുഖം നാടിനും നാട്ടാർക്കും ഒരു കെടാവിളക്കായി എന്നെന്നും പ്രകാശിക്കും. അദ്ദേഹത്തിന്റെ ജീവിത ശൈലിയിൽ കൂടി കാണിച്ചു തന്ന ഉദാത്തമായ ആ മാതൃക പിൻതുടരുകയായിരിക്കും അദ്ദേഹത്തിനു നൽകാവുന്ന ഏററവും നല്ല സ്മരണാഞ്ജലി.

—0—

# സ്വജീവിതത്തിലൂടെ മിശിഹാനുകരണ പർവ്വം വിരചിച്ച യോഗീശ്വരൻ

ഫാ. ജയിംസ് മാമൂട്ടിൽ. ഒ. ഐ. സി.

## മിശിഹാനുകരണ പർവ്വം

കാഷായധാരിയായ ഒരു മഹർഷിശ്രേഷ്ഠൻ മാനവികതയുടെ മാതൃകാ പ്രതിനിധിയായി വിരാജിച്ചുകൊണ്ട് മഹത്തായ ക്രൈസ്തവ സന്യാസത്തിന് സാക്ഷ്യം നൽകുക: അതാണ് അത്യഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് വലിയ മെത്രാപ്പോലീത്തായുടെ ജീവിതം എന്ന സംഭവത്തിൽ കൂടി സാദ്ധ്യമായത്. ഒരു മിശിഹാനുകരണ പർവ്വം വിരചിക്കപ്പെടുകയായിരുന്നു വീണ്ടും ആ ജീവിതത്തിലൂടെ.

## എന്താണ് സന്യാസം

മതധർമ്മത്തിന്റെ ആഴത്തിലുള്ള അനുഷ്ഠാനമാണ് സന്യാസം. ഏതു മതത്തിലെയും ധർമ്മത്തിലെയും സന്യാസിമാരാണ്

www.malankaralibrary.com



ആ ധർമ്മത്തിൻെറ മതത്തിൻെറ നലം തികഞ്ഞ മാതൃകകഠം. ക്രൈസ്തവ ധർമ്മത്തിലായാലും ഹൈന്ദവ ധർമ്മത്തിലായാലും ബുദ്ധ ധർമ്മത്തിലായാലും ഇസ്ലാം ധർമ്മത്തിലായാലും മറേറത് മതത്തിലോ ധർമ്മത്തിലോ ആയാലും ഇതു തന്നെയാണ് യാഥാർത്ഥ്യം. മുസ്ലീം സൂഫികളും ബുദ്ധ സന്യാസി, സന്യാസിനിമാരും എല്ലാം എല്ലാം ഇതിനുദാഹരണങ്ങളാണ് താത്വിക തലത്തിൽ. പ്രായോഗിക തലത്തിലെ പാളിച്ചകഠം അതാതു് ധർമ്മത്തിൻെറ വിശ്വാസ്യതയ്ക്കു് ഭംഗം വരുത്തുന്നതും അതുകൊണ്ടാണ്. അപ്പോഠം യഥാർത്ഥ ക്രിസ്ത്യാനിയാണ്, ക്രൈസ്തവ സന്യാസി, സന്യാസിനി എന്നു് വ്യംഗ്യം. സന്യാസത്തെയും ക്രിസ്തീയ ജീവിതത്തെയും സംബന്ധിക്കുന്ന സത്യങ്ങളുടെ സന്നിവേശം വഴി സാധിക്കുന്നതു് ഇതാണ്: യഥാർത്ഥ ക്രിസ്ത്യാനി രൂപപ്പെടുന്നു.

## ക്രൈസ്തവസന്യാസം

ക്രൈസ്തവസന്യാസത്തിനു് സാരമായ രണ്ടു് ദിങ്മുഖങ്ങളുണ്ടു്. ഒന്നു് ത്യാഗത്തിൻേറതു് മറെറാന്നു് ഉൺമയുടേതു് അഥവാ നേട്ടത്തിൻേറതു്. ത്യാഗത്തിൻെറ പരകോടിയാണ് സന്യാസത്തിൻെറ ആദർശം. നേട്ടത്തിൻെറ ഉച്ചസ്ഥായിയായ മുഖവും അവിടെത്തന്നെ. ''തനിക്കുള്ളതെല്ലാം വിററ് വാങ്ങിയതായ നിധി (Mt. 13:44)'' പ്രതിനിധീകരിക്കുന്ന സത്യത്തെ അനാവരണം ചെയ്യുമ്പോഠം ഇതു് വ്യക്തമാവും. ആത്യന്തികമായി സ്നേഹത്തിൻെറ ഉത്തുംഗമാതൃകയായി പരിണമിക്കുമ്പോഴാണ് ക്രൈസ്തവ സന്യാസം എന്നു് ഒരു ജീവിതാന്തസ്സിനെ വിളിക്കാനാവുക. ചുരുക്കത്തിൽ 'അരുതു്' കളുടെ ആകെത്തുകയല്ല 'അകലുക'ളുടെ ഒരുത്സവമാണ് ക്രൈസ്തവസന്യാസം. ''തങ്ങഠം വിട്ടുപോന്ന സ്ഥലത്തെക്കുറിച്ചാണ് അവർ ചിന്തിച്ചിരുന്നതെങ്കിൽ അവിടേക്കുതന്നെ മടങ്ങിച്ചെല്ലാൻ അവസരമുണ്ടാകുമായിരുന്നു. ഇപ്പോഴാകട്ടെ, അവർ അതനെക്കാഠം ശ്രേഷ്ഠവും സ്വർഗ്ഗീയവുമായതിനെ ലക്ഷ്യം വയ്ക്കുന്നു അവരുടെ ദൈവം എന്നു വിളിക്കപ്പെടുന്നതിൽ ദൈവം ലജ്ജിക്കുന്നില്ല'' [എബ്രായർ 11:15–16] അഭിവന്ദ്യ മാർ ഗ്രീഗോറിയോസ് പിതാവ് തൻെറ ജീവിതത്തിലൂടെ സന്യാസത്തിൻെറ പ്രകാശ ഗോപുരവും സ്നേഹത്തിൻെറ ഉത്തുംഗസ്തംഭവുമായി വിരാജിച്ചു. മിശിഹാനുകരണത്തിൻെറ നിയോഗം ഏററുവാങ്ങിയ ആ മഹദ് ജീവിതം മഹത്തായ ഒരാവേശമായി തലമുറകളെ ധന്യമാക്കുന്നു. ''സഭ....

www.malankaralibrary.com



.......ചെയ്യുന്നു''. (CCEO 410) ''സഭ അംഗീകരിച്ചിട്ടുള്ള വ്യവസ്ഥാപിത സംവിധാനത്തിലെ സ്ഥായിയായ ഒരു ജീവിത രീതിയാണ് സന്യാസാന്തസ്സ്. പരിശുദ്ധാത്മാവിയുടെ പ്രേരണയാൽ നവീനവും പ്രത്യേകമായ പദവിയിലൂടെ നിയമാനുസരണം അധികാരികളുടെ കീഴിൽ വ്രതത്രയങ്ങൾ വഴി ഗുരുവും വിശുദ്ധിയുടെ മാതൃകയുമായ മിശിഹായെ അടുത്തനുകരിക്കുന്നതിനായി തങ്ങളെത്തന്നെ സമർപ്പിക്കയും ലോകത്തെ ത്യജിക്കയും....പൂർണ്ണ സ്നേഹം കൈവരിക്കാൻ സ്വയം കാഴ്ചവസ്തുയും ചെയ്യുന്നു''. (C.C.E.O. 410)

## ത്യാഗത്തിൻെറ മൂർത്തിമദ്ഭാവം

യാക്കോബായ ഓർത്തഡോക്സ് സഭയിൽനിന്ന് വിശുദ്ധ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടതിൽ ത്യാഗത്തിൻെറ അനിവാര്യത പ്രകടമാണെങ്കിൽ തൻെറ മാതാപിതാക്കളെയും സഹോദരങ്ങളെയും വിട്ടുപോന്നതിലൂടെ സാഹസികമായ, ഒരു വിരേതിഹാസം വിരചിക്കയായിരുന്നു യൗവ്വനത്തിൽതന്നെ മാർ ഗ്രിഗോറിയോസ് പിതാവ്. തുടർന്നുള്ള വിവിധ സംഭവങ്ങൾ ഓരോന്നും ഭാവനയെപ്പോലും അതിലംഘിക്കുന്ന ത്യാഗത്തിൻെറ നിദർശനങ്ങളാണ്. ബഥനി ആശ്രമസ്ഥനായതിനുശേഷവും പരിശീലനത്തിൻെറ പ്രാരംഭഘട്ടങ്ങളിൽ അസാധാരണമായ അർപ്പണബുദ്ധികൊണ്ടാണ് അദ്ദേഹം വിജയം വരിച്ചത്.

## താപസോത്തംസം

കാഷായവസ്ത്രവും ആശ്രമനിഷ്ഠകളും വലിയൊരളവുവരെ മെത്രാനായതിനുശേഷവും അഭിവന്ദ്യപിതാവ് പാലിച്ചിരുന്നു. അദ്ദേഹത്തെ പ്രാർത്ഥനയുടെ വ്യക്തിയെന്ന് പരക്കെ പരാമർശിക്കപ്പെട്ടിരുന്നതു കൂടാതെ പള്ളിയിൽ അദ്ദേഹം ചിലവഴിക്കുന്ന പ്രാർത്ഥനയുടെ മണിക്കൂറുകൾക്ക് കണക്കില്ലായിരുന്നു. ഏതു് സ്ഥലത്തെത്തിയാലും പള്ളിയിൽ കയറി പ്രാർത്ഥിച്ചിട്ടേ മററു പരിപാടികൾക്കദ്ദേഹം പുറപ്പെട്ടിരുന്നുള്ളു. മെത്രാപ്പോലീത്താസ്ഥാനത്തേക്കുയർത്തപ്പെടുന്നതുവരെയുള്ള അദ്ദേഹത്തിൻെറ ആശ്രമജീവിതം ആശ്രമസ്ഥാപകനോടും ആശ്രമാധികാരികളോടും ഏററം വിധേയപ്പെട്ടായിരുന്നു എന്നതു് ശ്രദ്ധേയമാണ്. എന്നു പറഞ്ഞാൽ പിന്നീട് ആ വിധേയത്വം ഇല്ലായിരുന്നു എന്നു കരുതേണ്ടതില്ല.

www.malankaralibrary.com



## ആശ്രമഭാവിപ്രേമം

ആശ്രമത്തിന്റെ സന്യാസ സഭയെന്ന നിലയിലുള്ള ഭാവിക്ക് ഉത്തമ ക്രമീകരണങ്ങൾ ഉണ്ടായേതീരൂ എന്ന് ആശ്രമ സ്ഥാപകനായ മാർ ഈവാനിയോസ് പിതാവിനോട് ആശ്രമാംഗങ്ങൾ അഭ്യർത്ഥിക്കുന്ന കാലഘട്ടത്തിൽ ആശ്രമത്തിന്റെ ഭാവിക്കുവേണ്ടി നിലകൊള്ളുവാൻ ഫാ. ബനഡിക്ട് തങ്ങളുത്തിൽ ഒ. ഐ. സി. പ്രത്യേക താല്പര്യം പ്രകടിപ്പിച്ചിരുന്നു എന്ന് കാണാം. തുടർന്ന് അതിരൂപതാനേതൃത്വവും സഭാനേതൃത്വവും ഏറ്റെടുത്തപ്പോഴും ആ പ്രതിബദ്ധത അദ്ദേഹം നിലനിർത്തി.

## ലാളിത്യാഭിമുഖ്യം

ആർഭാടത്തിന്റെയും, ധൂർത്തിന്റെയും എല്ലാ അംഗങ്ങളെയും ജീവിതത്തിൽ നിന്നകററി നിർത്തി ലാളിത്യത്തിന്റെ വഴി പിൻചെല്ലുന്നതിൽ വന്ദ്യപിതാവിനുണ്ടായിരുന്ന ശ്രദ്ധ അവിടുത്തെ അറിയുന്നവർക്ക് അനുഭവവേദ്യമായിട്ടുണ്ട്. ബഥനി ആശ്രമ ചൈതന്യത്തിന്റെ കേന്ദ്രബിന്ദുവാണല്ലോ ഈ ലാളിത്യം.

## ആർഷബുദ്ധി

ഭാരതീയ സന്യാസ മുറകളോടുള്ള കൂറ്, ദേശീയ ബോധത്തിലടിയുറച്ച മതാത്മകത, സർവ്വം സ്പർശിയായ സാഹോദര്യം, സർവ്വ മത ബഹുമാനം, മനുഷ്യത്വത്തിലൂന്നിയ മാനസികാവസ്ഥ, അതിരില്ലാത്ത സ്നേഹം, അർപ്പണ ബുദ്ധിയിലൂന്നിയ സ്നേഹഭാവം, ആർഷവൈരാഗ്യഭരിതമായ അഭിപ്രായ ധീരത തുടങ്ങി അഭിവന്ദ്യ പിതാവിൽ കണ്ടെത്താനായ സന്യാസ സവിശേഷതകളെ അഭിമാനത്തോടെയും വിനയത്തോടെയും വിവരണാതീതം എന്നു വിളിക്കാനേ കഴിയൂ. ''ക്രിസ്തുവിന്റെ അനുകമ്പാർദ്രമായ ഹൃദയത്തോടു കൂടി എല്ലാ സന്യാസികളും പാവപ്പെട്ടവരെ സ്നേഹിക്കേണ്ടതാണ്'' [മത്താ. 19:21, 25:34–36 യാക്കോ. 2:15–16 1 യോ. 3:17] Vat II P. C. 13]

## സ്നേഹസാഗരം: യോഗീശ്വരൻ

സ്നേഹപിതാവായ ഈശ്വരന് പ്രിയപ്പെട്ടതാണ് ഭൂമുഖത്തുള്ള എല്ലാ മനുഷ്യരും മൃഗങ്ങളും സസ്യലതാദികളും. വി. ഫ്രാൻസിസ് അസ്സീസ്സിയെപ്പോലെ യോഗീശ്വരൻമാർക്കുമാത്രം എത്താവുന്ന ഔ

www.malankaralibrary.com



ന്നത്യത്തിൽ നിന്നുകൊണ്ടു മാത്രമേ ആ വിധത്തിൽ ഒരു കാഴ്ചപ്പാടു സ്വന്തമാക്കാനാവൂ. അഭിവന്ദ്യ മാർ ഗ്രീഗോറിയോസ് പിതാവ് തന്റെ സ്നേഹസാമ്രാജ്യത്തിനു പുറത്ത് ആരെയും, ഒന്നിനെയും നിർത്തിയിരുന്നില്ല എന്നു പറയാം. ആ പ്രകൃതിസ്നേഹം മനുഷ്യസ്നേഹത്തിന്റെയും മനുഷ്യസ്നേഹം സർവ്വസ്നേഹത്തിന്റെയും സീമാതീതതലങ്ങളിൽ എത്തിനിന്നതു് ആ താപസമനസ്സിന്റെ തനിമ നമുക്ക് കാട്ടിത്തരുന്നു.

## ബ്രഹ്മതേജസ്; യതിസമാനത

തന്റെ ശാരീരികരോഗങ്ങൾ നിർബന്ധിച്ചപ്പോഴും വളരെയധികം വിമുഖതയോടെയാണ് അഭിവന്ദ്യപിതാവ് തന്റെ സ്വകാര്യകാര്യങ്ങൾക്ക് മറ്റുള്ളവരുടെ സേവനം ഉപയോഗപ്പെടുത്തിയതു് എന്നു കാണാം. ദൈവത്തെ കണ്ട മോശയെപ്പോലെ തേജസ്വിയായിരുന്ന ആ യതി ശ്രേഷ്ഠൻ ബ്രഹ്മതേജസ്സിന്റെ അഥവാ ഈശ്വരതേജസിന്റെ പ്രഭ, തന്റെ മുഖത്തു ധരിച്ചിരുന്നു എന്നു പറയുന്ന വിധം വ്യാപരിച്ചിരുന്നു എന്നതാണ് സത്യം. പരിശുദ്ധാത്മാലയമായ സ്വശരീരത്തെ തേജസ്സിൽ യേശുവിനോടു കൂട്ടിച്ചേർക്കാനാവുന്ന ഒരു ജീവിതം ധന്യധന്യം അത്രെ. അതു് കുഞ്ഞാടിനെ അനുഗമിക്കും (വെളി. 14:4) നിശ്ചയം.

## ജ്ഞാനർഷി കർമ്മയോഗി

ജ്ഞാനത്തോടും വിജ്ഞാനത്തോടും ഒരുപാസകനെപ്പോലെ പ്രതിബദ്ധനായിരുന്ന വന്ദ്യപിതാവ് വിനയത്തോടും വിവേകത്തോടുംകൂടി തനിക്ക ലഭിച്ച താലന്തുകളെ വർദ്ധിപ്പിക്കുകയും അനേകരെ അറിവിന്റെ തുറമുഖങ്ങളിലേക്ക് ആനയിക്കുകയും ചെയ്തു. പാവപ്പെട്ടവരുടെ പ്രത്യുത്ഥാനത്തിനായി ഉഴിഞ്ഞുവച്ച ഒന്നാണ് തന്റെ ജീവിതം എന്നു് പ്രഖ്യാപിച്ച തിരുമേനി അന്ത്യംവരെ തന്റെ കർമ്മങ്ങളിലൂടെ അതു് അന്വർത്ഥമാക്കി. 'ജ്ഞാനം അതു സ്വീകരിക്കുന്നതിലൂടെ ശരിയെന്നു് തെളിയുന്നു' (ലൂ: 7:35)

## ചിരന്തനപ്രചോദനം

ചുരുക്കത്തിൽ ബഥനി ആശ്രമസ്ഥനായിരുന്ന ഒരു വ്യക്തി സന്യാസജീവിതത്തിന്റെ ശക്തി പരിശുദ്ധാത്മാവിൽനിന്നു് പ്രാപിച്ചു; നമ്മുടെ മുമ്പാകെ ജീവിച്ചു്, നമുക്ക മാതൃക കാട്ടിത്തന്ന

www.malankaralibrary.com



വരുംതലമുറകൾക്ക് അഭിമാനത്തോടെ ആ ത്യാഗത്തെയും ആ സമർപ്പണബുദ്ധിയേയും മാതൃകയാക്കാനാവുംവിധം ആദർശരൂപം പൂണ്ടു നിലകൊള്ളുന്നു. ആ ശക്തിചൈതന്യങ്ങളിൽനിന്നു് നമുക്കാവേശംകൊള്ളാനാവട്ടെ എന്നു പ്രാർത്ഥിക്കുന്നു.

—0—

# ബാഷ്പാഞ്ജലി

ഫാ. പ്ലാസിഡ് ഒ. ഐ. സി.

ഇനിയും 'വലിയപിതാവു്' ജീവിച്ചിരിക്കുന്നവരുടെ ഓർമ്മകളിൽ മാത്രം. സ്നേഹിച്ച സമുദായത്തിനും സമൂഹത്തിനും വേണ്ടി ലാഭങ്ങൾ മാത്രം കൊയ്തെടുത്ത ആ മഹത് ജീവിതത്തെക്കുറിച്ചുള്ള ഓർമ്മയും മാനവരാശിക്ക് ലാഭമായി ഭവിക്കട്ടെയെന്നു് പ്രാർത്ഥിക്കുന്നു.

മരണം വരെയും ആ രൂപം മനസ്സിൽ പതിഞ്ഞുകിടക്കും. എന്റെ മാത്രമല്ല, വലിയപിതാവിനെ കണ്ടിട്ടുള്ളവരുടെയെല്ലാം. ആർഷപ്രഭ വാരിവിതറുന്ന ആ സാന്നിദ്ധ്യം മനപ്പൂർവ്വമല്ലെങ്കിലും മറ്റെല്ലാത്തിനേയും, എല്ലാവരേയും നിഷ്പ്രഭമാക്കി. വെളിച്ചം വാരി വിതറി നമ്മുടെ ചരിത്രത്തെ ധന്യമാക്കിയ ഒരു കൊച്ചു സൂര്യൻ.......

കാപ്പയ്ക്കുള്ളിൽ പൊതിഞ്ഞു്, അൾത്താരയിലെ തീക്കനലുകളിൽ നിന്നു് ആത്മാവിനെ ആവാഹിച്ചു്, എന്നെ അഭിഷേകം ചെയ്ത പൊന്നുതിരുമേനിയുടെ തൃക്കരങ്ങളുടെ ചൂടു് ഇപ്പോഴും ഞാനനുഭവിക്കുന്നു. വന്ദ്യ പിതാവിനെക്കുറിച്ചുള്ള ആദ്യത്തെ ഊഷ്മളമായ ഓർമ്മയും അതുതന്നെ. എന്നോടൊപ്പം ആ അനുഭൂതികൾ അയവിറക്കുന്ന നൂറുകണക്കിനു് അഭിഷിക്തരുടെ നിരകൾ ഞാൻ കാണുന്നു.

അടുത്തിടപഴകാനും വ്യക്തിപരമായ ബന്ധം സ്ഥാപിക്കാനും എനിക്കവസരം കിട്ടിയിട്ടില്ല, ദൂരക്കാഴ്ച മാത്രമേ എനിക്കു് ഭാഗ്യ

www.malankaralibrary.com



മായി ഭവിച്ചുള്ളു. ദൂരക്കാഴ്ചകൊണ്ടു ലഭിച്ച ആ ഭാഗ്യം മഹാ ഭാഗ്യമായി ഞാൻ കരുതുന്നു.

എന്നോ ഒരിക്കൽ ഒരു പ്രഭാഷണത്തിൽ ഡോ. ആപ്തെയെ ഉദ്ധരിച്ചുകൊണ്ട് വന്ദ്യപിതാവ് ഇങ്ങനെ പറഞ്ഞു. ''നിങ്ങളുടെ കരിങ്കൽ ചുമരുകൾക്കുള്ളിൽ ബന്ധനസ്ഥനായ ക്രിസ്തുവിനെ ഞങ്ങൾക്കുവേണ്ടി മോചിപ്പിക്കുക. അദ്ദേഹം ഞങ്ങളുടെ തെരുവുകളിലൂടെ നടക്കട്ടെ. അന്ധന്മാരും ബധിരന്മാരും കുഷ്ഠരോഗികളും മർദ്ദിതന്മാരും യേശുവിനെ കാത്തിരിക്കുന്നു''. ഹൃദയത്തിന്റെ ആഴങ്ങളിൽ അന്നു കുറിച്ചിട്ട ആ വാക്കുകൾ ഉദ്ധരിക്കാത്ത ഒരു ധ്യാനപ്രസംഗവും പിന്നീട് ഞാൻ നടത്തിയിട്ടില്ല. ആ ദൂരക്കാഴ്ച പിതാവിനെ എന്റെ ഹൃദയത്തിൽ പ്രതിഷ്ഠിക്കുന്നു. ആ പ്രതിഷ്ഠ വാക്കുകളിലൂടെ എന്റെ ശ്രോതാക്കളിലെത്തുമ്പോൾ ഒരു നസ്രായൻ തെരുവുകളിലൂടെ നടന്നു നീങ്ങുന്ന കാലൊച്ച ഞാൻ കേൾക്കുന്നു.

ഒരുനാൾ, യാത്രക്കിടയ്ക്ക്, വല്യപിതാവ് തിരുവല്ലാ ആശ്രമത്തിൽ ഒരു രാത്രി കഴിച്ചു കൂട്ടിയതും ഓർമ്മിക്കുന്നു. കഞ്ഞിയും പയറുമാണ് വൈകിട്ടത്തെ സ്ഥിര ഭക്ഷണം. പിതാവിന് ഒരു മുട്ട 'സ്പെഷ്യൽ' ആയി കരുതി. പിതാവ് അതു കഴിച്ചില്ലെന്നു മാത്രമല്ല, ആവശ്യത്തിനു ശാസിക്കുകയും ചെയ്തു. വല്യപിതാവിന്റെ 'വലുപ്പം' കണ്ടറിഞ്ഞ ഒരു പുണ്യദിനം. 'സ്പെഷ്യൽ' ഉപേക്ഷിക്കാനുള്ള പരോക്ഷമായ ഒരു പ്രേരണയെങ്കിലും ആ ദിവസം എനിക്കു നല്കിയിട്ടുണ്ട്.

അന്നേ ദിവസം അർദ്ധരാത്രി കഴിഞ്ഞ നേരത്ത് ജപമാല പ്രാർത്ഥിച്ചുകൊണ്ട് വരാന്തയിലൂടെ നടക്കുന്ന പിതാവിന്റെ ചിത്രം എന്നിലുണർത്തിയ ആരാധനാഭാവം മനസ്സിനിന്നും കുളിർമ്മ പകരുന്നു.

അഭിവന്ദ്യ ബസേലിയോസ് പിതാവിന്റെ മെത്രാഭിഷേകത്തിനുശേഷം കോട്ടയം ബഥനി ആശ്രമത്തിൽവെച്ച് കൂടിയ അനുമോദന സമ്മേളനമാണ് വല്യപിതാവിനെ മുഖാമുഖം കണ്ട വേറൊരു സന്ദർഭം. അന്ന് 'കൊച്ചച്ചന്മാ'രുടെ പ്രതിനിധിയായി അനുമോദനമർപ്പിക്കാൻ അവസരം ലഭിച്ചത് എനിക്കാണ്. മെത്രാന്മാരെക്കുറിച്ചുള്ള എന്റെ സങ്കല്പങ്ങളും പ്രതീക്ഷകളും വിവരിക്കവേ അതിൽ ഞാനറിഞ്ഞോ അറിയാതെയോ വന്നുപോയ ഒരു

www.malankaralibrary.com



വാക്യം പിതാവിനെ ചൊടിപ്പിച്ചു. അതുകൊണ്ട് ആ വാക്യം ഇന്നും ഞാനോർമ്മിക്കുന്നു: ''പിതാക്കന്മാരുടെ കൈകളിൽ ഒരു ചാട്ടവാറുകൂടി കരുതണം; ദേവാലയത്തിൽ കച്ചവടക്കാരും നാണയ മാററക്കാരും ഏറിവരുന്നു'' സഹചരന്മാരിൽ അർപ്പിച്ച അതിരു കടന്ന വിശ്വാസം കൊണ്ടാവാം അവരെ തിരിച്ചറിയാനും ചാട്ടവാറോങ്ങാനും പിതാവിനു കഴിയാതെ പോയത്. അന്ത്യനാളുകളിലെങ്കിലും എന്റെ വാക്യത്തിന്റെ സൂചന വല്യപിതാവ് മനസ്സിലാക്കിക്കാണും എന്നാണെന്റെ വിശ്വാസം. ശിഷ്യരിൽ ഒരുവൻ തന്നെ ഒററിക്കൊടുക്കുമെന്നു മുൻകൂട്ടി അറിയാമായിരുന്ന യേശുവിന്റെ ഏററവും വലിയ പീഢാനുഭവം കുരിശിലെ വേദനകളായിരുന്നില്ല, സ്വജനങ്ങളുടെ വിശ്വാസരാഹിത്യമായിരുന്നു എന്ന എം. പി. അപ്പന്റെ പ്രസ്താവന ഇവിടെ അനുസ്മരിക്കാൻ കൊള്ളാം.

പിതാവിന് മുഖംകൊടുക്കാതെ ഒളിച്ചു നടന്ന ഒരു കാലവും ഓർമ്മയിലുണ്ട്. തിരുവനന്തപുരത്ത് മലങ്കര സെമിനാരായിൽ പഠിപ്പിക്കുന്ന കാലം. നീണ്ട മുടിയുമായി വല്യപിതാവിന്റെ മുമ്പിൽ പ്രത്യക്ഷപ്പെടാൻ എനിക്കു ധൈര്യം വന്നില്ല. പിതാവു പറഞ്ഞാൽ മുടി വെട്ടാതിരിക്കാനും പററില്ല. അതുകൊണ്ട് ഒളിച്ചു നടന്നു. ഒരിക്കൽ, പിതാവ് പ്രകൃതി ചികിത്സാകേന്ദ്രത്തിൽ വരുന്നു എന്നറിഞ്ഞ് അവിടെനിന്നും അപ്രത്യക്ഷപ്പെടാൻ കോപ്പു കൂട്ടിയതും പിതാവ് മുന്നിൽ വന്നിറങ്ങിയതും ഒപ്പം കഴിഞ്ഞു. എന്റെ പരിഭ്രമം മനസ്സിലാക്കിയിട്ടോ എന്തോ എന്നെ ഒരാശ്ലേഷത്തിൽ പൊതിയുകയാണ് പിതാവു ചെയ്തത്. ആ വാത്സല്യത്തിന്റെ ചൂട് ഒരിക്കലും മറക്കാനാവില്ല. പിതാവുമായി ബന്ധപ്പെട്ട് മനസ്സിൽ സൂക്ഷിക്കുന്ന ഓർമ്മകൾ ഇത്രമാത്രം.

അഭിവന്ദ്യ പിതാവിന്റെ വ്യക്തിത്വത്തിന്റെ നാനാമുഖങ്ങളെ സ്പർശിക്കുന്ന അനവധി ലേഖനങ്ങളും പ്രസ്താവനകളും ആനുകാലികങ്ങളിൽ വന്നുകഴിഞ്ഞു. പുനരുക്തിക്കു പ്രസക്തിയില്ലല്ലോ. അതൊക്കെ നിറകണ്ണുകളോടെ വായിച്ചപ്പോൾ ഏതൊരു ബഥാനിയനും തോന്നുന്ന ആത്മാഭിമാനം എനിക്കും തോന്നി. ബഥനിയുടെ ആദ്യജാതന്മാരിലൊരാൾ ബഥനിക്കു നേടിത്തന്ന അനർഘമായ ഈ പൈതൃകത്തെക്കുറിച്ച് വിശദമായി പഠിക്കുകയും ധ്യാനിക്കുകയും ചെയ്യേണ്ടതുണ്ട്.

www.malankaralibrary.com



മാതൃകകളാണ് ഭാവിതലമുറകളെ വാർത്തെടുക്കുന്നത്. കണ്ട റിഞ്ഞ് അനുകരിക്കാൻ, ശക്തമായ പ്രേരണയും പ്രചോദനവും നൽകുന്ന മാതൃകകൾ ഭാവിതലമുറകളുടെ മുമ്പിൽ ഉയർത്തി കാണി ക്കേണ്ടതുണ്ട്. എല്ലാ ലക്ഷണവും ഒത്തവരല്ലെങ്കിൽപോലും അനുകരണയോഗ്യമായ സന്മാതൃകകൾ അവശേഷിപ്പിച്ചു കടന്നു പോയ പുണ്യാത്മാക്കൾ മലങ്കരസഭയിലും, ബഥനിയിലും ആവശ്യ ത്തിനുണ്ട്. അവരുടെ ജീവിതം ഇളംതലമുറയ്ക്ക് പരിചയപ്പെടുത്തി ക്കൊടുക്കാനുള്ള ബാദ്ധ്യത മുതിർന്നവർ ഏറ്റെടുക്കേണ്ടതുണ്ട്. അതിന്റെ ഭാഗമായിട്ടെങ്കിലും ഈ ബഥനീപുത്രന്റെ, വല്യപിതാ വിന്റെ, ജീവിതം പഠനത്തിനും മനനത്തിനും വിധേയമാക്കാനുള്ള ശ്രമങ്ങൾ ബഥനിസമൂഹത്തിന്റെ ഭാഗത്തുനിന്നുണ്ടാവണം. അതി നുതകുന്ന വിഷയ സൂചനകൾ പിതാവുമായി ബന്ധപ്പെട്ട് പത്രങ്ങളിലും മാസികകളിലും വന്ന ലേഖനങ്ങളിലും പ്രസ്താവനക ളിലും ധാരാളമുണ്ട്.
ഒരുദാഹരണം മാത്രം ഇവിടെ എടുത്തു കാണിക്കാൻ ഞാനാഗ്രഹിക്കുന്നു.

''തിരുമേനി യഥാർത്ഥത്തിൽ ഒരു വിശുദ്ധനായിരുന്നു. അദ്ദേഹത്തെ സഭ നാമകരണം ചെയ്താലും ഇല്ലെങ്കിലും, തിരുമേ നിയെപ്പോലെ ജീവിതത്തിന്റെ അവസാന നിമിഷംവരെ ദൈവ ത്തെ സ്മരിച്ച്, ദൈവത്തിൽനിന്ന് അനന്തമായ ജ്ഞാനവും അപ രിമേയമായ ആനന്ദവും ശാന്തിയും വെളിച്ചവും സ്വീകരിച്ച മരിച്ച മറ്റൊരു വ്യക്തിയെ ഇനിയും എനിക്കു കാണേണ്ടിയിരിക്കുന്നു. അദ്ദേഹവുമായി ബന്ധപ്പെടുന്ന വ്യക്തിക്ക് വന്നതിൽനിന്നു ഭിന്നനാകാതെ തിരിച്ചുപോകാനാവില്ല.''

ജീവിതത്തിന്റെ അവസാന ദിനങ്ങളിൽ കുരിശിന്റെ വി. യോഹന്നാനിൽനിന്ന് ഞാൻ ചില ഭാഗങ്ങൾ വായിച്ചു കേൾപ്പി ക്കണമെന്ന തിരുമേനി ആഗ്രഹിച്ചു. തന്റെ ജീവിതത്തിന്റെ അവ സാന നിമിഷത്തിലും തിരുമേനി ഓർത്തിരിക്കാൻ ഇടയുള്ള ഒരു വാചകം ഉദ്ധരിച്ചുകൊണ്ട് ഞാനവസാനിപ്പിക്കാം:

''പ്രിയതമനിൽ എന്റെ മുഖം സമർപ്പിച്ചുകൊണ്ട് ഞാൻ എന്നെത്തന്നെ ഉപേക്ഷിക്കുന്നു, മറക്കുന്നു. ലില്ലികളിൽ എന്റെ ആകുലതകൾ ഉപേക്ഷിച്ചുകൊണ്ട് ഞാൻ എന്നിൽ നിന്നിറങ്ങി യപ്പോൾ എല്ലാം ദീപ്തമായി''

www.malankaralibrary.com



ഡോ. എസ്. കെ. രാമചന്ദ്രൻ നായർ
(സത്യദീപം. ഒക്ടോബർ 19)

അഭിവന്ദ്യ പിതാവിന്റെ ആന്തരിക ജീവിതത്തിന്റെ ഉൾപൊരുൾ വെളിച്ചത്തു കൊണ്ടുവരുന്ന ഒരു പ്രസ്താവനയും സാക്ഷ്യവുമാണ് ഡോക്ടർ രാമചന്ദ്രൻ നായരുടെ ഈ പ്രഖ്യാപനം. ഒരു ബഥാനിയനെക്കുറിച്ചു നടത്തിയ ഈ പ്രഖ്യാപനത്തിന്റെ അന്തരാർത്ഥങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാനുള്ള കടമ ബഥനിക്കാർക്കെങ്കിലും ഉണ്ട് എന്നു ഞാൻ വിശ്വസിക്കുന്നു. പൊതു ജീവിതത്തിലും പ്രവർത്തന മണ്ഡലങ്ങളിലും അഭിവന്ദ്യ പിതാവിനു 'ആചാര്യത്വം' നേടിക്കൊടുത്തത് പ്രദീപ്തമായ അദ്ദേഹത്തിന്റെ ആന്തരിക ജീവിതമാണ്. ആ മണ്ണിൽ മുളച്ചതാണ് മാഞ്ചിയവും സുമ്പാബ്ബൂളും, ക്ലൺകൃഷിയും മുയൽകൃഷിയും. കമ്യൂണിസത്തെ തള്ളിപ്പറയുമ്പോഴും കമ്യൂണിസ്റ്റുകാരെ സ്നേഹിക്കുന്ന ആ ഉദാരതയുടെ ആഴം 'അൽഭുതകരം' എന്നു പറഞ്ഞ് മാറി നില്ക്കാനേ നമുക്കാവൂ.

ബഥനിസമൂഹത്തിന് അഭിവന്ദ്യ പിതാവു നേടിത്തന്നതു് അതുല്യമായ അദ്ദേഹത്തിന്റെ ജീവിതംതന്നെ. ആ ജീവിതത്തിന്റെ ഓരോ താളിലും ബഥനിയുടെ കയ്യൊപ്പാണുള്ളത്. അതുമാത്രം നമുക്ക് അവകാശപ്പെടാം.

www.malankaralibrary.com

# കർതൃപ്രകാശം സ്വായത്തമാക്കിയ താപസ്സൻ

ഫാ. ഗബ്രിയേൽ തൈക്കടവിൽ ഒ. ഐ. സി.

അനന്തപുരിയുടെ വിരിമാറിലൂടെ ഒഴുകി ഇറങ്ങിയ ആ 'നഗരികാണിയ്ക്കൽ' അന്യാദൃശമായിരുന്നു, മഹത്വപൂർണ്ണമായിരുന്നു. ആയിരമായിരങ്ങൾ പ്രാർത്ഥനകൾ ഉരുവിട്ടും ഗാനങ്ങൾ ആലപിച്ചും ചുടുകണ്ണീർ ഒഴുക്കികൊണ്ട് പാളയം ദൈവാലയത്തിൽ നിന്നും ആരംഭിച്ച് മന്ദം മന്ദം നടന്നു നീങ്ങിയ ആ പ്രദർശക പ്രദക്ഷിണം, നഗരികാണിയ്ക്കൽ ശുശ്രൂഷയുടെയോ ഒരു വിലാപയാത്രയുടെയോ പ്രതീതിയെക്കാൾ ഒരു മഹാരാജാവിന്റെ എഴുന്നെള്ളത്തിന്റെ അനുഭൂതിപകരുന്നതായിരുന്നു. ഓശാന ഗീതങ്ങൾ പാടിയിരുന്ന അദൃശഗണങ്ങൾ ഉപരിതലങ്ങളിൽ ആ എഴുന്നെള്ളത്തിനു തണലേകിയിരുന്നതായിരിക്കാം, ആരാധകർക്കെല്ലാം സവിശേഷമായ ദിവ്യാനുഭവം പ്രദാനം ചെയ്തത്,

നമുക്ക് ചെന്നെത്താവുന്നിടത്തോളം നാം പോയി നമ്മുടെ പിതാവിനെ അതിഭദ്രാസന ദൈവാലയത്തിലെ കബറിൽ ഇരുത്തി മുദ്ര വച്ചു. എന്നാൽ ആ ഘോഷയാത്ര കബറിൽ അവസാനിക്കുന്നതായിരുന്നില്ല. അവിടെ നിന്നു തുടർന്നും ദൈവത്തിന്റെ മാലാഖമാരുടെയും വിശുദ്ധരുടെയും ഗണങ്ങൾ അത് ഏററുവാങ്ങി ആ വന്ദ്യപിതാവിന്റെ ആത്മാവിനെ സ്വർഗ്ഗീയ ആഘോഷത്തോടും സ്തുതിഗീതങ്ങളുടെ ആരവത്തോടും ദൈവസന്നിധിയിലേക്ക് എതിരേററു.

അത്യുന്നതങ്ങളിൽ മഹിമയോടെ വാഴുന്ന കത്തോലിക്ക മലങ്കര സഭയുടെ അദ്ധ്യക്ഷനും മദ്ധ്യസ്ഥനും കാവൽക്കാരനുമായ മാർ ഈവാനിയോസ് പിതാവ് എത്ര വലിയ വാത്സല്യത്തോടും അഭിമാനത്തോടുമായിരുന്നു തന്റെ പിൻഗാമിയെ ആലിംഗനം ചെയ്തു സ്വീകരിച്ചത്. മററ് അഞ്ച് തിരുമേനിമാരും റമ്പാച്ചന്മാരും വൈദികരുടെയും സന്യാസിനി സന്യാസികളുടെയും അത്മാ

www.malankaralibrary.com



യരുടെയും ഗുണങ്ങളും ബനഡിക്ട് തിരുമേനിയെ ജയഭേരികളോടെ സ്വീകരിച്ച സ്വർഗ്ഗീയ പൗരത്വവും ആചാര്യത്വവും സാക്ഷാൽക്കരിച്ച നമ്മുടെ വത്സല പിതാവ് ലോകാരംഭം മുതൽ തനിക്കായി ഒരുക്കപ്പെട്ടിരുന്ന മഹത്വ സിംഹാസനത്തിലേക്ക് ആനയിക്കപ്പെട്ടു. ''എന്നെ പ്രതിയും എന്റെ സുവിശേഷത്തെ പ്രതിയും....(സർവ്വസ്വവും)... ഉപേക്ഷിക്കുന്നവന് ഈ ലോകത്ത് നൂറുമടങ്ങും വരുവാനുള്ള ലോകത്തിൽ നിത്യജീവനും അവകാശപ്പെടുത്തും'' എന്നുള്ള നമ്മുടെ കർത്താവിന്റെ വാഗ്ദാനംതന്നിൽ നിറവേററപ്പെട്ടു.

1935–ൽ നാലാഞ്ചിറ ബഥനി ആശ്രമത്തിൽ സന്യാസവ്രതങ്ങളാൽ ക്രൂശിതനായ യേശുവിനോട് സ്വയം ബന്ധിതനായ ബ്രദർ ബനഡിക്ട് സന്യാസത്തിന്റെ പടവുകൾ ചവിട്ടി കയറി. ബഥനിയിലെ തപസ്സിന്റെയും പ്രാർത്ഥനയുടെയും അനുഭവത്തിൽ 1944–ൽ 'കർത്താവാണ് എന്റെ പ്രകാശം' (മൊറിയോ നഹർ) എന്ന മുദ്രാവാക്യത്തോടുകൂടിയാണ് യേശുവിന്റെ അപ്പസ്തോലനായി, ബഥനി സന്യാസി വൈദികനായി കാൻഡി സെമിനാരിയിൽ നിന്നും തിരിച്ചെത്തിയത്. ക്ലേശങ്ങൾ നിറഞ്ഞ വഴിയിൽക്കൂടെ കുരിശും പേറിയുള്ള യാത്രയാണ് തന്റെ സന്യാസ വൈദിക ജീവിതമെന്ന് അദ്ദേഹം പ്രതീക്ഷിച്ചിരുന്നുവെന്നും കർത്താവിന്റെ പ്രകാശം തന്നെ വഴിനടത്തുമെന്ന് ദൃഢമായി വിശ്വസിച്ചിരുന്നുവെന്നും ഈ ആദർശവാക്യം വ്യക്തമാക്കുന്നു. നാലാഞ്ചിറ ആശ്രമത്തിൽ നിന്നും മുണ്ടേല, പരുത്തിക്കുഴി, കാഞ്ഞിരംപാറ, വെഞ്ഞാറമൂട്, വെമ്പായം മുതലായ മിഷനുകളിലേക്ക് സൈക്കിൾ ചവുട്ടിപ്പോകുമ്പോഴൊക്കെ എത്രയോ ആയിരം പ്രാവശ്യം ഈ വാക്യം അദ്ദേഹം ഉരുവിട്ടിട്ടുണ്ടായിരിക്കണം.

കാൻഡി സെമിനാരിയിലെ പഠനകാലം അതിപ്രശസ്തമായി പൂർത്തിയാക്കി മടങ്ങിപ്പോന്നശേഷവും സെമിനാരിയിലെ പ്രൊഫസ്സറന്മാരുടെയും സതീർത്ഥ്യരുടെയും ഹൃദയങ്ങളിൽ സന്യാസിയായ ബ്ര. ബനഡിക്ടിനെക്കുറിച്ചുള്ള അതീവ സ്നേഹവും ആദരവും തങ്ങി കെട്ടിനിന്നിരുന്നു. സകലരുടെയും ആരാധ്യപുരുഷനായിരുന്ന അന്നത്തെ റെക്ടർ പെ. ബ. ആൻകോ എസ്. ജെ. യ്ക്ക് വർഷങ്ങൾ പിന്നിട്ടശേഷവും ബനഡിക്ടിനെക്കുറിച്ചുള്ള വാത്സല്യ സ്മരണകൾ അയവിറക്കുന്നത് ഹൃദയഹാരിയായിരുന്നു.

www.malankaralibrary.com



അദ്ദേഹത്തിൻെറ സതീർത്ഥ്യരിൽ പലരും കാലങ്ങൾക്കുശേഷവും ബ്ര. ബനഡിക്ടിൻെറ ബുദ്ധിവൈഭവത്തേയും സ്വഭാവശ്രേഷ്ഠതക ളേയും സ്മരിച്ചത് ആദരപൂർവ്വമായിരുന്നു; First and foremost a religious, ....a perfect religious....a dedicated soul....model for every one....ഇങ്ങനെ പോകുന്നു അവരുടെ വിലയിരുത്തലുകൾ.

ഞങ്ങൾ മൂന്നു ബഥനിക്കാർ തൃശ്ശിനാപ്പള്ളി സെൻറ് പോൾസ് സെമിനാരിയിൽ തിയോളജി പഠിച്ചിരുന്ന കാലയള വിൽത്തന്നെയായിരുന്നു ബനഡിക്ടച്ചൻ സെൻറ് ജോസഫ്സ് കോളേജിൽ ബി. എ. ഹോണേഴ്സിന് പഠിച്ചിരുന്നത്. ഞങ്ങ ളുടെ കാര്യങ്ങൾ അന്വേഷിക്കുന്നതിന് അദ്ദേഹം കൂടെക്കൂടെ സെമിനാരിയിൽ വരുമായിരുന്നു. സമയം കിട്ടുമ്പോഴൊക്കെ ഞങ്ങളും അച്ചൻെറ ഹോസ്റ്റലിലെ മുറിയിൽ പോയി ഏറെ സമയം ചെലവഴിച്ചിരുന്നു. അപ്പോഴെല്ലാം ആശ്രമത്തിലെത്തിയ അനുഭവമായിരുന്നു ഞങ്ങൾക്ക്. അടുത്തകാലങ്ങളിൽ വന്ദ്യ പിതാവിനെ ഒന്നു കാണുവാൻ ചെന്നാൽ ഏതോ വിദേശികൾ ചെന്നഭാവത്തിലുള്ള ചിലരുടെ പെരുമാററങ്ങൾ കാണുമ്പോൾ സങ്കടത്തെക്കാൾ കൂടുതൽ സഹതാപമാണുണ്ടായിട്ടുള്ളത്. സെമിനാരിയിൽ ഞങ്ങൾ വെള്ളക്കുപ്പായവും ചുമന്ന ഇടക്കെട്ടും തടിക്കുരിശും ധരിക്കുമ്പോൾ ബനഡിക്ടച്ചൻ എപ്പോഴും കാവിക്കുപ്പായവും കുരിശുമായിരുന്നു ധരിച്ചിരുന്നത്. ഹോസ്റ്റ ലിലായിരുന്ന വിശ്രമവേളകളിലും സന്യാസവസ്ത്രം ധരിക്കു ന്നതിൽ അദ്ദേഹം നിഷ്ഠയുള്ളവനായിരുന്നു. മെത്രാപ്പോലീത്താ ആയിരുന്നപ്പോഴും കാവികുപ്പായം തന്നെയായിരുന്നല്ലോ അദ്ദേഹ ത്തിന് ഏറെ പ്രിയം.

അന്ന് ബ. കളത്തിലച്ചനായിരുന്നു സെൻറ് ജോസഫ്സ് കോളേജിലെ റെക്ടർ. ബനഡിക്ടച്ചൻ അവിടെയുണ്ടാ യിരുന്നതുകൊണ്ട് നമ്മുടെ നാട്ടിൽനിന്നും കോളേജിൽ പ്രവേ ശനംതേടി അനേകരുടെ അപേക്ഷകൾ അദ്ദേഹത്തിന് ലഭിച്ചി രുന്നു. അവയെല്ലാം സൗകര്യം പാർത്തിരുന്ന് അദ്ദേഹം ബ. കളത്തിലച്ചൻെറ അടുക്കൽ കൊണ്ടുചെന്ന് കാര്യം സാധിക്കും. ഒരു വർഷം അപേക്ഷകൾ ഏറെ ആയിരുന്നു. ഒടുവിൽ കൊ ടുത്ത ചില അപേക്ഷകൾ മററപേക്ഷകളുടെ ഇടയിൽനിന്നും ബനഡിക്ടച്ചൻ ബ. കളത്തിലച്ചൻെറ മുറിയിൽകയറി തെരഞ്ഞെ

www.malankaralibrary.com



ടുക്കുകയായിരുന്നു. ഓഫീസ് കാര്യങ്ങൾ നടക്കുന്നതിനിടയ്ക്കുള്ള ഈ തെരച്ചിലും മററും ബ. കളത്തിലച്ചന് അസ്സഹ്യമായി. രണ്ടാളിന്റെ വണ്ണമുള്ള കളത്തിലച്ചൻ അത്രതന്നെ വലിപ്പമുള്ള ഒരു നല്ല ഹൃദയത്തിന്റെ ഉടമയായിരുന്നു. വളരെ സൗമ്യസ്വരത്തിലേ സംസാരിക്കാറുള്ളു. പെട്ടെന്ന് ആയിരുന്നു ഒരു വലിയ സ്വരം: "Father Benedict, you are a nuisance" (ഫാദർ ബനഡിക്ട് നിങ്ങൾ ഒരു ശല്ല്യമാണ്). ബനഡിക്ടച്ചൻ അല്പം പരുങ്ങലിലാകുന്നതുകണ്ട് കളത്തിലച്ചനും വിഷമമായി. സഹജമായ പുഞ്ചിരിയോടുകൂടി ബനഡിക്ടച്ചൻ പറഞ്ഞു: 'അച്ചോ, ഞങ്ങളുടെ കുട്ടികൾ പിന്നെ എവിടെ പോകും?' അനുകമ്പണം കളത്തിലച്ചൻ സഹതാപപൂർവ്വം ബനഡിക്ടച്ചന്റെ കയ്യിൽനിന്നും അപേക്ഷകൾ വാങ്ങി 'Admit' എന്നു മാത്രമെഴുതി മേശപ്പുറത്തുവച്ചു. നന്ദി പറഞ്ഞ് ഇറങ്ങിവന്ന ബനഡിക്ടച്ചൻ, വരാന്തയിൽ കാത്തുനിന്ന ഞങ്ങളുമൊത്ത് ഹോസ്റ്റലിലേക്ക് പോകുംവഴിപറഞ്ഞു: ''കാര്യം സാധിച്ചു; പക്ഷേ അതിന്റെ ബുദ്ധിമുട്ട് അവരു വല്ലവരും അറിയുന്നുണ്ടോ?''. എന്നിരുന്നാലും ആർക്ക് എന്തു സഹായം ചെയ്യുന്നതിനും ബുദ്ധിമുട്ടുകൾ സന്തോഷപൂർവ്വം അദ്ദേഹം ഏറെറടുക്കുമായിരുന്നു.

ഒരിക്കൽ ഞങ്ങൾ അവധികഴിഞ്ഞ് സെമിനാരിയിലേയ്ക്ക് പോകുന്ന ദിവസം, ബ. ഏബ്രഹാമച്ചനായിരുന്നു ആശ്രമ സുപ്പീര്യർ. ഏതോ ചില കാര്യങ്ങൾക്ക് അച്ചൻ അല്പം കർശനമായി ഞങ്ങളോടു സംസാരിച്ചു. ഞങ്ങൾക്ക് അതല്പം വിഷമമായിയെന്ന് മനസ്സിലാക്കിയ ബനഡിക്ടച്ചൻ ഞങ്ങൾക്ക് കൂട്ടായി. അവസാനം സന്തോഷമായി ആശീർവാദം വാങ്ങി യാത്രയ്ക്കിറങ്ങുമ്പോൾ തമ്പാന്നൂർ വരെ പോകാനുള്ള സൗകര്യങ്ങളൊന്നുമില്ല. ഭാരമുള്ള പെട്ടികളുമുണ്ട്. ബനഡിക്ടച്ചൻ ഞങ്ങളുടെ കൂടെയിറങ്ങി; വണ്ടി വല്ലതും കിട്ടുമോയെന്നു നോക്കാമെന്നു പറഞ്ഞ് പലതും സംസാരിച്ച് ഞങ്ങൾ പെട്ടികൾ മാറിമാറിയെടുത്ത്, ഇപ്പോൾ അരമനയിരിക്കുന്നതിന്റെ തൊട്ടു തെക്കുവശത്തുള്ള കെട്ടിടത്തിന്റെ വാതുക്കൽ എത്തിയപ്പോൾ അവിടെ ഒരു കാറ് കിടക്കുന്നു. തമ്പാന്നൂർവരെ കൊണ്ടുവിടാമോയെന്നു ചോദിച്ചു. ഡ്രൈവർ ഉടമസ്ഥനോട് ചോദിച്ചു മടങ്ങിവന്നു: പത്തു രൂപയാകും. ഞങ്ങൾ അഞ്ചു രൂപ പറഞ്ഞു: ഒടുവിൽ

www.malankaralibrary.com



ഏഴുവരെ പറഞ്ഞിട്ടും ഏററില്ല. എന്നാൽ നടക്കുകതന്നെയെന്നു പറഞ്ഞു ഞങ്ങൾ തിരിച്ചപ്പോൾ 'അച്ചൻ പൊയ്ക്കോ; ഞങ്ങൾ പൊയ്ക്കൊള്ളാ'മെന്നു ഞങ്ങൾ പറഞ്ഞെങ്കിലും അദ്ദേഹം തമ്പാന്നൂർ വരെ വന്ന് പെട്ടികൾ ഒക്കെ ഭദ്രമായി കമ്പാർട്ടുമെൻറിൽ വയ്ക്കാനും സഹായിച്ച്, ഞങ്ങളെ യാത്രയാക്കിയിട്ടേ തിരികെ പോയുള്ളു. ആ കൊച്ചുമനുഷ്യൻ എത്ര വലിയവൻ!

ബി. എ. ഓണേഴ്സിന് മദ്രാസ് പ്രസിഡൻസിയിൽ ഒന്നാം റാങ്കോടുകൂടി പാസ്സായ അദ്ദേഹത്തിന്, അപേക്ഷയൊന്നും അയയ്ക്കാതെതന്നെ ഉന്നതമായ ഭാവി വാഗ്ദാനം ചെയ്യുന്ന ആകർഷണീയമായ ഒരു നിയമന ഉത്തരവുലഭിച്ചു. 'അതു സ്വീകരിച്ചാൽ ഒരുപക്ഷേ, സഭയ്ക്കും സമുദായത്തിനും കൂടുതൽ നന്മ ചെയ്യുവാൻ സാധിക്കയില്ലെ' യെന്നു ചിന്തിച്ചവരുണ്ട്. പക്ഷേ നിസ്സംഗനായ നമ്മുടെ സന്യാസിക്ക് യാതൊരു പുനർ ചിന്തനത്തിനും ആവശ്യമില്ലായിരുന്നു. അദ്ദേഹം താനൊരു സന്യാസി വൈദികനാണെന്നുകാണിച്ച് ആദരപൂർവ്വം അതു നിരസിച്ചു.

തിരുമേനി മാർ ഈവാനിയോസ് കോളജ് പ്രിൻസിപ്പലായിരിക്കുമ്പോൾ നാലാഞ്ചിറ ആശ്രമാംഗമായിരുന്നല്ലോ. കോളജിൻെറയും ഹോസ്ററലിൻെറയുമൊക്കെ ചുമതലയുണ്ടായിരുന്നപ്പോഴും ആശ്രമത്തിലെ യാമപ്രാർത്ഥനകളിലും ധ്യാനത്തിലും കൂടെക്കൂടെവന്ന് സംബന്ധിക്കുമായിരുന്നു. അതിനു സാധിക്കാതെവരുമ്പോൾ മറേറതെങ്കിലുമൊരു സമയത്ത് ആശ്രമത്തിൽ വന്നു കുറേസമയം എല്ലാവരുമായിചെലവിടുമായിരുന്നു. അഥവാ രണ്ടു ദിവസം വന്നില്ലെങ്കിൽ പിന്നീടുവരുമ്പോൾ എബ്രഹാമച്ചൻ ചോദിക്കും; ''ഈ കോളേജും കൊണ്ടുനടന്നാൽ മതിയോ ?'' ഒരു പുഞ്ചിരി അല്ലാതെ മറുപടിയൊന്നുമില്ല. പക്ഷേ, ആശ്രമത്തിലെ ഏതെങ്കിലും ഒരു പരിപാടിയിൽക്കൂടി സംബന്ധിച്ചിട്ടേ തിരികെ പോവുകയുള്ളു.

ആ കാലയളവിൽ ആശ്രമാംഗങ്ങൾ അടുത്തെവിടെയെങ്കിലും വിനോദയാത്രയ്ക്കുപോകുമ്പോൾ അദ്ദേഹവും കൂടെവരും. യാത്ര സന്തോഷപ്രദമാക്കാൻ കഴിവുള്ളവിധത്തിലെല്ലാം ബ്രദേഴ്സിൻെറ കൂടെയുണ്ടാവും. ഒരിക്കൽ സന്ധ്യകഴിഞ്ഞ് അരണ്ട

www.malankaralibrary.com



വെളിച്ചത്തിൽ ശംഖുമുഖം കടൽത്തീരത്ത് കൂട്ടംതിരിഞ്ഞ് ബല പരീക്ഷണം നടത്തുകയുണ്ടായി. അതിലും അദ്ദേഹം സജീവ പങ്കാളി ആയിരുന്നു; തിരുമേനിയല്ല, ബനഡിക്റ്റച്ചൻ! ആ അവ സരങ്ങളിലെല്ലാം ശിശുക്കളുടെതുപോലുള്ള ആ നിർമ്മല ഹൃദയ ത്തിൻെറ തനിമ എത്രയും ആസ്വാദ്യകരമായിരുന്നു. അതു നുക രുന്നതായിരുന്നു ഞങ്ങളുടെ ആനന്ദം.

1953—ൽ 37—ാമത്തെ വയസ്സിൽ മെത്രാഭിഷിക്തനായ തിരുമേനി അതിലേറെക്കാലം, നാല്പത്തിയൊന്നുവർഷം, മലങ്കര സഭയ്ക്ക് നേതൃത്വം നൽകി; ഒരു മനുഷ്യായുസ്സിൻെറ പകുതിയി ലേറെക്കാലം. ആ കാലമത്രയും അദ്ധ്വാനത്തിൻെറയും ഭാര ത്തിൻെറയും കാലമായിരുന്നു. പൈതൃകവാത്സല്യത്തോടും മാതൃനിർവ്വിശേഷമായ സഹനതീക്ഷ്ണതയോടും ആ *നിർദ്ധാര്യൻ* ശൈശവത്തിലായിരുന്ന സഭയെ യുവത്വത്തോളം വളർത്തി. അതിൻെറ ക്ലേശങ്ങളിൽ കയ്പ്പു നിറഞ്ഞ അനുഭവങ്ങളും ഏറെ ഉണ്ടായിരുന്നിരിക്കാം. അവയിലെല്ലാം അദ്ദേഹം ആത്മനിർ വൃതിയും കണ്ടെത്തിയിരിക്കണം.

അതിരൂപതയുടെ ഭരണഭാരം ഏറ്റെടുത്തതുമുതൽ അരമന തന്നെ അദ്ദേഹത്തിൻെറ ആശ്രമമായി. ആശ്രമത്തിൻെറ ആഭ്യന്തര കാര്യങ്ങൾ ആശ്രമക്കാർക്കുതന്നെ വിട്ടുകൊടുത്തുകൊണ്ടുള്ള ഒരു സമീപനമായിരുന്നു അദ്ദേഹം സ്വീകരിച്ചത്. അപ്പോഴും പ്രധാന പ്പെട്ടകാര്യങ്ങളിലെല്ലാം അദ്ദേഹം ശ്രദ്ധാലുവായിരുന്നു; ആവശ്യ മുള്ള നിർദ്ദേശങ്ങൾ നൽകിയിരുന്നു.

Mgr. Lombardi ആശ്രമത്തിൻെറ അപ്പസ്തോലിക് വിസി റ്ററായിവന്ന് പല ക്രമീകരണങ്ങൾ ചെയ്തശേഷം ആശ്രമത്തിലെ വൈദിക വിദ്യാർത്ഥികളുടെ പഠനത്തിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യുവാനാരംഭിച്ചു. അപ്പോൾ തിരുമേനിയുടെ നിർദ്ദേശപ്രകാരം തൃശ്ശിനാപ്പള്ളി സെമിനാരിയോടനുബന്ധിച്ച് ആശ്രമക്കാർക്ക് പ്രത്യേകം താമസിക്കുന്നതിന് ഒരു കെട്ടിടം വാടകയ്ക്കെടുക്കാൻ തീരുമാനിച്ചു. അതിൻെറ എഴുത്തുകുത്തുകൾ പിതാവുതന്നെ യാണ് നടത്തിയത്. ബ. റെക്ടറച്ചൻ എല്ലാ സഹായങ്ങളും വാഗ്ദാനം ചെയ്തു. ആശ്രമക്കാർ ആരെങ്കിലുംചെന്ന് സൗകര്യ മായ സ്ഥലം തെരഞ്ഞെടുക്കണമെന്നും അറിയിച്ചു. അതിൻ

www.malankaralibrary.com



പ്രകാരം എന്നെ തൃശ്ശിനാപ്പള്ളിക്കയച്ചു. ഞാൻ അവിടെച്ചെന്ന പ്പോരം ഞങ്ങളുടെ പ്രൊഫസ്സറന്മാരുടെ അഭിപ്രായം മറെറാന്നായിരുന്നു: പൂനായിലെ De Nobili College നോട് അനുബന്ധിച്ച് ബഥനി സ്കോളാസ്റ്റിക്കേററ് തുടങ്ങുന്നതായിരിക്കും നല്ലത്; താമസിയാതെ തന്നെ പേപ്പൽ സെമിനാരി കാൻഡിയിൽനിന്നും അങ്ങോട്ടു മാററുകയും ചെയ്യും. ദീർഘവീക്ഷണത്തോടുകൂടിയ ആ ഉപദേശം നമുക്ക് ഏററം അനുഗ്രഹമായിഭവിച്ചു. ഞാൻ തിരികെ വന്ന് വന്ദ്യപിതാവിനെയും അധികാരികളേയും വിവരം അറിയിച്ചു. ഏവരും സ്വാഗതംചെയ്ത ആ നിർദ്ദേശപ്രകാരം De Nobili College ലെ അധികാരികളുമായി വന്ദ്യപിതാവ് ഉടനെ ബന്ധപ്പെട്ടു. വന്ദ്യപിതാവിൻെറ സ്വാധീനം വലുതായിരുന്നു. പൂനായിൽ സ്കോളാസ്റ്റിക്കേററ് ആരംഭിച്ചശേഷവും എഴുത്തുകുത്തുകരം വഴി വന്ദ്യപിതാവ് നിർദ്ദേശങ്ങളും ഉപദേശങ്ങളും തന്നുകൊണ്ടിരുന്നു.

ഭരണഭാരങ്ങരംക്കിടയിൽ ക്ഷുഭിതനാകുന്ന തിരുമേനി അതിലും വേഗത്തിൽ ശാന്തനാകുമായിരുന്നു. അഭിപ്രായ ഭിന്നതയുള്ളവരോട് അദ്ദേഹം കാണിച്ചിരുന്ന ദീർഘക്ഷമയും ദീർഘശാന്തതയും വീരോചിതമായിരുന്നു. ആ സ്വഭാവ വിശേഷം എന്തെന്ത് നന്മകരം വിതറിയിട്ടുണ്ട്, വിജയങ്ങരം നേടിയിട്ടുണ്ട്. ആ അവസരങ്ങളിലെല്ലാം സഹജമായഗുണ വിശേഷങ്ങളെക്കാരം പ്രതിബദ്ധങ്ങളായ സന്യാസാദർശങ്ങളും വീക്ഷണങ്ങളുമായിരുന്നു അദ്ദേഹത്തിനു ശക്തി പകർന്നിരുന്നത്.

അതിമാനുഷ പ്രഭാവം പ്രസരിച്ചിരുന്ന ആ ദിവ്യ ജ്യോതിസ്സിനെ ആവരണം ചെയ്തിരുന്ന എളിമയുടെയും ലാളിത്യത്തിൻെറയും അലൗകിക സൗകുമാര്യം വലിയവക്കും ചെറിയവക്കും അദ്ദേഹത്തെ ഒരുപോലെ പ്രിയങ്കരനാക്കിയിരുന്നു. സഭയിലും സമുദായത്തിലും അന്തർദേശീയ വൃത്തങ്ങളിലും ഉന്നത ശ്രേണികളിൽ തിളങ്ങുമ്പോഴും ഒരു സന്യാസിവര്യൻെറ വിരക്തിയും ലാളിത്യവും ത്യാഗാദർശവും ആ ജീവിതത്തിലും മുഖ ഭാവത്തിലും നിറഞ്ഞു നിന്നിരുന്നു. ജ്ഞാനികരംക്ക് വിജ്ഞാനവും നേതാക്കരംക്ക് നീതിമാർഗ്ഗവും നിദർശനം ചെയ്യുമ്പോഴും ബനഡിക്ട് തിരുമേനിയുടെ ലളിത മനോഹരമായ അദ്ധ്യാപന ശൈലി പണ്ഡിത പാമര ഭേദമെന്യെ ആബാലവൃദ്ധം ജനങ്ങളെ തന്നിലേക്ക് ആകർഷിച്ചിരുന്നു.

www.malankaralibrary.com



പ്രസംഗങ്ങളിലും സംഭാഷണങ്ങളിലും അദ്ദേഹം നല്ലം തികഞ്ഞ അദ്ധ്യാപകനായിരുന്നു. വിജ്ഞാനത്തിന്റെ ഗർവ്വോ അധികാരത്തിന്റെ ധാർഷ്ട്യമോ ആ ധന്യാത്മാവിനെ ഒരിക്കലും പങ്കിലമാക്കിയിരുന്നില്ല.

നവസന്യാസകാലത്ത് അദ്ദേഹത്തിൽ വേരൂന്നിയ സന്യാസാദർശവും സന്യാസ അരൂപിയും സന്യാസ നിഷ്ഠകളും അനുദിനവും വളർന്നുകൊണ്ടിരുന്നതല്ലാതെ, മങ്ങലേററതായോ വിസ്മരിക്കപ്പെട്ടതായോ ചൂണ്ടിക്കാണിക്കുവാൻ സാധിക്കയില്ല. തത്തുല്യമായ സന്യാസ അരൂപിയും സന്യാസ തീക്ഷ്ണതയും ബഥനിയിലെ തന്റെ സഹസന്യാസികളിൽ അദ്ദേഹം പ്രതീക്ഷിച്ചിരുന്നു. എവിടെയെങ്കിലും, ആരിലെങ്കിലും അതിൽ ന്യൂനത കാണുന്നത് അദ്ദേഹത്തിനു വേദനാജനകമായിരുന്നു. ലൗകായതികത്വം സന്യാസികളിലും സന്യാസ ഭവനങ്ങളിലും തെല്ലും കടന്നു കൂടരുതെന്ന് അദ്ദേഹം നമ്മെ കൂടെക്കൂടെ അനുസ്മരിപ്പിച്ചിരുന്നത് സന്യാസത്തെക്കുറിച്ചും പ്രത്യേകിച്ച് ബഥനി സന്യാസികളെക്കുറിച്ചും അദ്ദേഹത്തിനുണ്ടായിരുന്ന ആഗ്രഹങ്ങളുടെയും പ്രതീക്ഷകളുടെയും നിദർശനമായിരുന്നു.

ആശ്രമങ്ങളിലെ ഏതേത് കൂട്ടായ്മകളിലും സമയം കിട്ടുമ്പോഴെല്ലാം അദ്ദേഹം വന്നെത്തിയിരുന്നത് എത്ര വലിയ ആനന്ദത്തോടുകൂടിയായിരുന്നു. അങ്ങനെയുള്ള അവസരങ്ങളിൽ അദ്ദേഹത്തിൽനിന്നും നിർഗ്ഗളിക്കുന്ന സഹോദര നിർവിശേഷമായ സ്നേഹവാത്സല്യങ്ങളും പെരുമാററങ്ങളിൽ പ്രകടമാകുന്ന നിർലീനതയും ആ സമാഗമന പങ്കാളികളിൽ പുതുജീവനും നവോന്മേഷവും പകരുന്നവയായിരുന്നു. നന്മകളുടെ നിറകുംഭമായിരുന്ന ആ വത്സല പിതാവിനെ സമീപിച്ചിട്ടുള്ളവരിൽ ആർക്കാണ് അർത്ഥിത നിരസ്സിതരാകുമ്പോഴംപോലും പൈതൃക സാന്ത്വന പ്രീണിതരാകാതെ മടങ്ങിപ്പോകേണ്ടിവന്നിട്ടുള്ളത്.

''എന്റെ കുടുംബത്തിനും എന്റെ സന്യാസ സമൂഹത്തിനും പ്രത്യേകമായ എന്തെങ്കിലും ചെയ്യുന്നതിന് ഞാൻ താല്പര്യപ്പെട്ടിട്ടില്ല'' എന്ന പ്രഖ്യാപനം, അദ്ദേഹത്തിൽ നിറഞ്ഞുനിന്നിരുന്ന സന്യാസ അരൂപിയ്ക്കുള്ള സാക്ഷ്യം തന്നെയല്ലേ? നമ്മുടെ കുടുംബാംഗമായ ശക്തനായ ഒരു മദ്ധ്യസ്ഥൻ കൂടി

www.malankaralibrary.com



ദൈവസന്നിധിയിൽ നമുക്കുണ്ടായിരിക്കുന്നയെന്നതിനാൽ കൂടുതൽ ആത്മവിശ്വാസത്തോടും ധൈര്യത്തോടും ദൈവത്തിനുവേണ്ടി വലിയ കാര്യങ്ങൾ ചെയ്യുന്നതിന് നമുക്ക് സമർപ്പിതരാകാം.

മലങ്കര സഭാമാതാവ് സ്വർഗ്ഗത്തിൽ ജന്മം നല്കിയിരിക്കുന്ന ഈ രാജകീയ ആചാര്യൻ തന്റെ മഹത്വസിംഹാസനത്തിൽനിന്ന് എന്തെന്തു നന്മകൾ സഭാമാതാവിനും മക്കൾക്കും ഇനിയും വിതരണം ചെയ്യാനിരിക്കുന്നു. തന്റെ മരണം ആസന്നമായിരിക്കുന്നെന്ന് അറിയിച്ച ഡോക്ടറോട്: ''അങ്ങു ചെന്നാലും വല്ലതുമൊക്കെ ചെയ്യാമല്ലോ'' എന്ന് വേദനയുടെ ആ നേരത്തും സരസമായി സംസാരിച്ച ആ ജയാളി, നന്മ വിതറാനുള്ള തന്റെ ആഗ്രഹവും സന്നദ്ധതയും അവിടെ പ്രകടിപ്പിച്ചു കഴിഞ്ഞല്ലോ. അദ്ദേഹത്തിന്റെ പ്രാർത്ഥനയും സഹായങ്ങളും നമുക്കു തുടർന്നുള്ള ജീവിതത്തിൽ കോട്ടയും അഭയവും ആയിരിക്കട്ടെ.

കർത്താവിന്റെ പ്രകാശത്തിൽ യാത്രചെയ്ത സന്യാസശ്രേഷ്ഠൻ കർത്താവിന്റെ പ്രകാശഭവനത്തിൽ പ്രകാശഗോളമായി ശോഭിക്കുന്നു. ആ ശോഭയുടെ വെളിച്ചത്തിൽ നമുക്കും മുന്നേറാം.

www.malankaralibrary.com

# താപസശ്രേഷ്ഠനാം മാർ ഗ്രിഗോറിയോസ്

*ജോൺ പി. റെററസ്, നാലാഞ്ചിറ*

**(ബ്സപ്രോസാവൂയ് തൽ മീദേ – എ: മ:)**

1 ആബൂൻ മാർ ഗ്രിഗോറിയോസ്
മലങ്കരതൻ മഹിതാചാര്യൻ
പുണ്യശ്ലോകൻ തൻചരിതം
ഉത്ഘോ–ഷിക്കുന്നാമോദാൽ
തൻ പ്രാർത്ഥന സഭമക്കറംക്ക്
കോട്ടയതായി തീരട്ടെ

2 പുനരൈക്യത്തിൻ ശില്പിയാം
ആബൂൻ മാർ ഈവാനിയോസ്
ഭാരതന്യൂമാനിൽ നിന്നും
ആചാ–ര്യത്വം കൈക്കൊണ്ട്
സഭയെ നയിച്ചൊരു പ്രിയതാതാ
പ്രാർത്ഥിക്കണമേ ഞങ്ങറംക്കായ്

3 ആചാര്യേശൻ മിശിഹായെ
അനുകരിച്ചാശ്ലേഷിച്ചിട്ട്
ആലംബഹീനർക്കേവർക്കും
അഭയം–നല്കിയതാം താതാ
ആബൂൻ മാർ ഗ്രിഗോറിയോസ്
പ്രാർത്ഥിക്കണമേ ഞങ്ങറംക്കായ്

4 ആദ്ധ്യാത്മികവും ഭൗതികവും
അനവരതം വളർന്നിടുവാനായ്
ആചാര്യത്വത്തിൻ കടമ
അനുവ–ർത്തിച്ചൊരുപുണ്യാത്മാ
ആബൂൻ മാർ ഗ്രിഗോറിയോസ്
അർത്ഥിക്കണമേ ഞങ്ങറംക്കായ്

www.malankaralibrary.com



5 മാനവരാശിയെയൊന്നാകെ
മലങ്കരതൻ സുതരെപ്പോലെ
മകുടമതിൽ പേറികൊണ്ടു്
മഹിമാ–വിങ്കലർപ്പിച്ച
മാർ ഗ്രിഗോറിയോസ് താതാ
മമ പ്രാർത്ഥന കേട്ടിടണമേ

6 കാർഷികമേഖലയെ മുഴുവൻ
കർത്താവിങ്കലർപ്പിച്ചു്
കാരുണ്യാൽ വികസിപ്പിച്ചു്
കൃഷിയെ–സാത്വികമായ്ക്കണ്ട
ആബൂൻ മാർ ഗ്രിഗോറിയോസ്
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

7 നിർദ്ധനരെ ഉദ്ധരിച്ചീടുവാൻ
നിരയായ് പദ്ധതി ഒരുക്കുകയും
നിസ്തുലമായ് യത്നിച്ചിട്ടു്
നിസ്വാ–ർത്ഥം സേവനം ചെയ്ത
ആബൂൻ മാർ ഗ്രിഗോറിയോസ്
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

8 പട്ടിണിക്കാരുടെ കണ്ണീരും
പരിദേവനവുമകററീടാൻ
പാരിൽ തൻ ജീവിതമെല്ലാം
പരിപാ–വനമാക്കിതീർത്ത
ആബൂൻ മാർ ഗ്രിഗോറിയോസ്
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

9 വിശ്വേശ്വരനാം ദൈവത്തിൻ
വിശ്വസ്തനാം ഭൃത്യനും
വിശ്വാസത്തിൻ യോദ്ധാവും
വിനയ–ത്താൽ ശോഭാമയനും
ആബൂൻ മാർ ഗ്രിഗോറിയോസ്
പ്രാത്ഥിക്കണമേ ഞങ്ങൾക്കായ്

10 മനുജനെ സ്നേഹിപ്പതിനാലെ
ദൈവിക സ്നേഹമിഹ ലോകെ

www.malankaralibrary.com



വാണിടുവാനായ് യത്നിച്ച
ആബൂ—ൻ മാർ ഗ്രിഗോറിയോസ്
തൻ പ്രാർത്ഥന ഞങ്ങൾക്കെന്നും
കോട്ടയതായി തീരട്ടെ

11 പത്രോസിന്നൊപ്പം പൂകി
പരമ പിതാവിൻ സന്നിധിയിൽ
പരമ ദയാലോ മമ താതാ
പ്രാർത്ഥി—ക്കണമേ ഞങ്ങൾക്കായ്
പുനരൈക്യം ഭാസുരമാകാൻ
പ്രാർത്ഥന കോട്ടയതാകട്ടെ!

12 പാവനരാചാര്യന്മാക്കും
ശുദ്ധസഭാ സുതരേവർക്കും
ശ്ലോമ്മോ ആശംസിച്ചിട്ട്
സ്വർഗ്ഗേ—പൂകിയ പുണ്യാത്മാ—
ശൈനോ ഇഹലോകെ വാഴാൻ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

13 താബോർ മലയതിൽ ശ്ലീഹന്മാർ
യേശുവിൽ ദർശിച്ച ദിവ്യപ്രഭ
പൗലോസിൻമേൽ വിതറിയതാം
ഒളിയും—ശോഭിപ്പിക്കട്ടെ
പരലോകെ പ്രശോഭിതനായ്
പരിലസിച്ചിടുവാനിടയാകാൻ

14 മദ്ബഹാ ദുഃഖിക്കുന്നെന്നും
അഴലുന്നു സഭ വേർപാടിൽ
ആരാധനകളിലോർക്കുന്നു
ആരാ—ധനസ്ഥലമെപ്പോഴും
സ്വർഗ്ഗമണവറ പൂകിടുവാൻ
താതൻപേർക്കായ് പ്രാർത്ഥിക്കാം

15 ശുദ്ധാഗാരേ ശുദ്ധതയിൽ
സ്പർശിച്ചുള്ള പാദങ്ങൾ
പറുദീസിൻ വാതിൽ പൂകി
മാലാ—ഖമാരോടൊപ്പം

www.malankaralibrary.com



വസിച്ചിടുവാനിടയാകട്ടെ
താതൻപേർക്കായ് പ്രാർത്ഥിക്കാം

16 ആദത്തെ സൃഷ്ടിച്ച വലതുകരം
മൂശാനബിയെ സംസ്ക്കരിച്ചു
ദൈവിക ദൂതൻമാരപ്പോാം
കർത്താ—വേ സ്തുതി നിനക്കെന്ന്
പാടുന്നതുപോൽ അടിയങ്ങൾ
താതൻ പ്രഭയാർജ്ജിച്ചീടുവാൻ

17 താതൻ തൻ ബലഹീനതയും
കുറവുകളും പരിഹരിച്ചിടുവാൻ
പരമപിതാവിൻ സവിധത്തിൽ
പ്രാർത്ഥി—ക്കുന്നിപ്പോൾ ഞങ്ങൾ
ആബൂൻ മാർ ഗ്രിഗോറിയോസ്
സ്വർഗ്ഗേ ശോഭിതനാകട്ടെ!

18 വിധീകർത്തൻ ന്യായസ്ഥാനേ
വിധിക്കും ലോകത്തെയതുപോൽ
വൈദികനെ ആചാര്യത്വം
വിധിച്ചീ—ടുന്നൊരു നാഴികയിൽ
ശുദ്ധതയൊടു ശുശ്രൂഷിച്ച
താതൻമേൽ ദയ തോ—ന്ന—ണ—മേ.

www.malankaralibrary.com

## ആചാരേശാ മിശിഹാ........എ മ

നാഥാദേവ, അടിയാരിപ്പോഠ അർത്ഥിക്കുന്നു
മാർ ഗ്രിഗോറിയോസ് താതന്നായി പ്രാർത്ഥിക്കുന്നു

ശുദ്ധാഗാരേ ശുചിയായ് നിന്ന പൊൻ പാദങ്ങഠ
തീക്കനലിന് മേൽ സ്പർശിച്ചിടുവാനിടയാകരുതേ

ദൈവികസ്തോത്രം പാടീട്ടുള്ള വായും നാവും
പൊത്തിയടച്ച് മൗനമതാകാനിടയാകരുതേ

നിൻ തക്സാകളിൽ നോക്കീട്ടുള്ള കണ്ണുകളെ നീ
ചിതലും പുഴുവും കൂട്ടുകളാക്കിനിത്തീടരുതേ

ദിവ്യരഹസ്യം ഘോഷിച്ചതാം ബാഹുക്കളെ നീ
തീയാൽ പൊള്ളിച്ചുരുങ്ങിപ്പോകാനിടയാകരുതേ

ദൈവസുതോ, മഹിതാചാര്യൻ മാർ ഗ്രിഗോറിയോസ്
താതനു സ്വർഗ്ഗേ സ്ഥാനം നല്ക ശുദ്ധരോടൊപ്പം

വാഗ്ദാനം പോൽ പുനരുത്ഥാനേ ശോഭാമയമാം
അങ്കി ധരിപ്പിച്ചതിനാൽ പുണ്യം നൽകീടേണമേ

വത്സലതാതാ സ്വർഗ്ഗേ ചെന്ന് ശെത്തിനോടൊപ്പം
അന്തശിൻെറം ഒപ്പം ചേർന്ന് സ്തുതിപാടീടുക

സർവ്വത്തിനും ജീവൻ മരണം പുതുക്കീടുന്ന
സ്വർഗ്ഗീയതാതനെ നോഹയോടൊപ്പം സ്തോത്രം പാടാം

ശുദ്ധത്രിത്വത്തെ നന്ദിചെയ്യാം സ്തോത്രം പാടാം
കഹനേൻമാരെ തിരഞ്ഞെടുക്കുന്ന താതാ സ്തോത്രം

ജീവൻ നല്കും താലന്തുകളെ ആചാര്യക്ക്
ദാനം ചെയ്ത പുത്രനെ ഇപ്പോഠ നന്ദി ചെയ്തീടാം

പാപവിമുക്തിക്കധികാരത്തിൻ താക്കോലുകളെ
ആചാര്യർക്ക് നല്കിയതാം റൂഹാനേസ്തോത്രം

www.malankaralibrary.com

# പ്രാർത്ഥനയിലൂടെ മെനഞ്ഞെടുത്ത താപസ്സ ജീവിതം

*ഫാ. ഇഗ്നേഷ്യസ് തങ്ങളത്തിൽ ഒ. ഐ. സി.*

''കുടുംബത്തിൻെറകാര്യം ദൈവം നോക്കിക്കൊള്ളും''. ബഥനി ആശ്രമത്തിൽചേർന്ന് സന്യാസജീവിതം സ്വീകരിക്കുന്നതിനു തടസ്സംപറഞ്ഞ ബന്ധുക്കളോടും അയൽക്കാരോടും കുഞ്ഞൂട്ടി എന്നറിയപ്പെട്ടിരുന്ന വന്ദ്യ ഗ്രിഗോറിയോസ് തിരുമേനി പറഞ്ഞ മറുപടി. ഗർഭിണിയായിരുന്ന അമ്മയെ സഹായിക്കണമെന്നുപറഞ്ഞവരോട്ട പറഞ്ഞു: ''ഞാൻ ദൈവത്തെ വിളിക്കുവാൻ പോവുകയാണ്. ഞാൻ തിരികെ വരുമ്പോഠം അമ്മ എന്നെപോലെ ഒരു ആൺകുഞ്ഞിനെയുംകൊണ്ടിരിക്കുന്നതു ഞാൻ കാണും''.

ദൈവസ്നേഹത്തിൽനിന്നും, അവിടുത്തെ വിളി അനുസരിക്കുന്നതിൽനിന്നും യാതൊന്നും തടസ്സമാകയില്ലായെന്ന് ജീവിതാന്ത്യംവരെ സാക്ഷ്യപ്പെടുത്തി. കുടുംബത്തിലെ സാമ്പത്തിക ബുദ്ധിമുട്ട്, മാതാപിതാക്കളെ സഹായിക്കുന്നതിന് മൂത്തമകനുള്ളകടപ്പാട്, എല്ലാം ബോദ്ധ്യമുണ്ടായിരുന്നു. യാഥാസ്ഥിക ഓർത്തഡോക്സ് കുടുംബത്തിൽനിന്നും അന്ന് നാട്ടുകാരും വീട്ടുകാരും വെറുത്തിരുന്ന റീത്തുപ്രസ്ഥാനത്തിലെ സന്യാസസഭയിൽ ചേരുന്നതിനെ ആരും അനുകൂലിക്കാത്ത അവസ്ഥ. ഇതൊന്നും വന്ദ്യപിതാവിന് തൻെറ ദൈവവിളിയെ പിൻചെല്ലാൻ തടസ്സമായില്ല.

എന്നെ അമ്മ ഗർഭംധരിച്ചിരിക്കുന്ന സമയത്താണ് വന്ദ്യപിതാവ് ആശ്രമത്തിൽ ചേരുന്നത്. എന്നെക്കുറിച്ചു മുകളിൽ പറഞ്ഞ പ്രവചനം പൂർത്തിയാകുന്നതിനുവേണ്ടി ധാരാളം പ്രാർത്ഥിച്ചിട്ടുണ്ട്. എൻെറ ദൈവവിളിക്ക് ശക്തി പകർന്നത് അതായിരിക്കാം.

www.malankaralibrary.com



എൻെറ മനസ്സിൽ ആദ്യമായി ഓർമ്മവരുന്നത് വൈദികനായി കടമാങ്കുളം പള്ളിയിൽ പുത്തൻ കുർബാന ചൊല്ലുന്ന ബനഡിക്ടച്ചനാണ്. അന്നെനിക്കു പതിനൊന്നു വയസ്സുണ്ടായിരുന്നു. സ്വർണ്ണനിറത്തിലുള്ള മനോഹരമായ കാപ്പധരിച്ച് നിൽക്കുന്ന അച്ചൻ. പല ശെമ്മാശന്മാരും ശുശ്രൂഷകരും അവരുടെ വേഷങ്ങളിൽ. അതൊരു പ്രത്യേക ദൃശ്യമായിരുന്നു. ഒരുദൈവിക തേജസ് മുററിനിന്നദൃശ്യം. വൈദികനാകുന്നതിനുള്ള ആദ്യ പ്രചോദനം എനിക്കുണ്ടായത് ആ ദിവസമായിരിക്കണം.

അന്നത്തെ രണ്ടു സംഭവങ്ങൾ ബനഡിക്ടച്ചനെ വേദനിപ്പിച്ചതായി ഞാൻ ഓർക്കുന്നു. ഒന്ന്; ഒരു വൈദികൻ പുത്തൻ കുർബാന ചൊല്ലുമ്പോൾ ആദ്യമായി വി. കുർബാന കൊടുക്കുന്നത് മാതാപിതാക്കൾക്കും സഹോദരങ്ങൾക്കുമാണല്ലോ. മാതാപിതാക്കൾ വി. കുർബാനയിൽ സംബന്ധിച്ചെങ്കിലും അവർ അന്ന് വി. കുർബാന സ്വീകരിച്ചില്ല. ഓത്തഡോക്സ് സഭയിലെ തികഞ്ഞ യാഥാസ്ഥിക വിശ്വാസികളായിരുന്നു അവർ. രണ്ട് പുനരൈക്യപ്രസ്ഥാനത്തിൻെറ പ്രാരംഭദശയിൽ പാശ്ചാത്യ റീത്തുകളിലെ ആചാരങ്ങളിൽ ചിലതൊക്കെ സ്വീകരിച്ചിരുന്നു. അവയിലൊന്നാണ് വി. കുർബാനമദ്ധ്യേപ്രധാനസമയങ്ങളിൽ മുട്ടുകുത്തുന്ന രീതി. ബനഡിക്ടച്ചൻ പുത്തൻ കുർബാന ചൊല്ലിയ ദിവസം ഞങ്ങളുടെ കുടുംബക്കാരും, അതുപോലെതന്നെ യാഥാസ്ഥികരായിരുന്നു അമ്മവീട്ടുകാരും ധാരാളം സംബന്ധിച്ചിരുന്നു കത്തോലിക്കരേക്കാൾ കൂടുതൽ ഇതരസഭാവിശ്വാസികളായിരുന്നു. കത്തോലിക്കർ മുട്ടുകുത്തിയപ്പോൾ മററുള്ളവർ, ഞങ്ങളുടെ മാതാപിതാക്കൾ ഉൾപ്പെടെ, നെടുകെ എഴുന്നേററു നിൽക്കുകയായിരുന്നു. വി. കുർബാനയോടുള്ള അനാദരവല്ല, മറിച്ച് ആചാരാനുഷ്ഠാനങ്ങളിലും പാരമ്പര്യങ്ങളിലും ഉറച്ചുനിൽക്കുവാനുള്ള നിശ്ചയം ആയിരിക്കണം ഇങ്ങനെ പെരുമാറുവാൻ ഇടയായത്. ഏതായാലും മറക്കാനാവാത്തതും ബനഡിക്ടച്ചനെ ദുഃഖിപ്പിച്ചതുമായ ഈ രണ്ടു കാര്യങ്ങൾ എൻെറ ഓർമ്മയിൽ പലപ്പോഴും എത്താറുണ്ട്.

അന്നൊക്കെ സന്യാസികൾ വളരെ അപൂർവ്വമായേ കുടുംബക്കാരെ സന്ദർശിക്കുക പതിവുള്ളു. എന്നാൽ ബനഡിക്ടച്ചൻ വല്ലപ്പോഴുമൊക്കെ വീട്ടിൽ വരുമായിരുന്നു. ഞങ്ങളുടെ പുനരൈക്യം

www.malankaralibrary.com



ത്വരിതപ്പെടുത്തുവാൻ ബ ഏബ്രഹാമച്ചൻ നിർദ്ദേശിച്ചിരുന്ന മാർഗ്ഗമായിരുന്നു അത് എന്നു ഞാൻ കരുതുന്നു. പലപ്പോഴം സന്ധ്യാവേളകളിൽ ആയിരുന്ന ആ സന്ദർശനങ്ങരം. രാവിലെയും വൈകിട്ടുമുള്ള പ്രാർത്ഥനകരം ഭംഗിയായിനടത്തുന്നതിലും വേദ പുസ്തകം വായിക്കുന്നതിലും ഞങ്ങളുടെ മാതാപിതാക്കരംക്ക് വലിയ നിഷ്ഠയായിരുന്നു. ഞങ്ങളെ അങ്ങനെ പരിശീലിപ്പിക്കുകയും ചെയ്തിരുന്നു എന്നാൽ ബനഡിക്ടച്ചൻ വരുന്ന ദിവസങ്ങളിലെ സന്ധ്യാപ്രാർത്ഥന ഒരു പ്രത്യേകതയായിരുന്നു. സാധാരണ നടത്തുന്ന കുടുംബപ്രാത്ഥനയുടെ അവസാനത്തിൽ മാതാവിൻെറയും വിശുദ്ധരുടെയും ലുത്തിനിയ ചൊല്ലുക, കൈമുത്തിക്കുക ഇതൊക്കെയായിരിക്കാം ആ പ്രാർത്ഥനാസമയം പ്രത്യേകതയുള്ളതായി സ്മരണയിൽ നിൽക്കുന്നത്.

പ്രാത്ഥനയും അത്താഴവും കഴിഞ്ഞ് എല്ലാവരും അച്ചൻെറ ചുററും ഇരുന്നംനിന്നും സംഭാഷണത്തിൽ മുഴുകും. പുനരൈക്യത്തെക്കുറിച്ച് സൂചിപ്പിക്കുകയും സഭാകാര്യങ്ങരം വിശദീകരിക്കുകയും ചെയ്യുമായിരുന്നെങ്കിലും സഭാപരിവത്തനത്തിന നിർബന്ധിച്ചിരുന്നില്ല. എങ്കിലും ഞങ്ങരം കത്തോലിക്കാസഭയിൽ ചേരാത്തതിൽ വലിയ ദുഃഖമുണ്ടായിരുന്നു. അത് യാത്രപറയുമ്പോരം കണ്ണുകളിൽ പ്രകടമായിരുന്നു. എൻെറ അപ്പച്ചൻ അതു മനസ്സിലാക്കി അധികതാമസം കൂടാതെ സഭാംഗമാകുകയും വി. കർബ്ബാന സ്വീകരിക്കുകയും ചെയ്തു. മററുള്ള കുടുംബംഗാങ്ങരം എതിർത്തെങ്കിലും, ഗൗരവസ്വഭാവവും ആചാരങ്ങളിൽ നിഷ്ഠയുമുള്ള അപ്പച്ചൻ സഭാംഗമായത് അച്ചനെ വളരെ ആശ്വസിപ്പിച്ചു.

സന്ന്യാസികരം സ്വന്തം വീട്ടിൽ ഉറങ്ങുക പതിവില്ലായിരുന്നു. അത്താഴവും പിന്നീടുള്ളചർച്ചയും കഴിയുമ്പോരം രാത്രി ഒത്തിരി ഇരുട്ടുമായിരുന്നു. പിന്നീട് പള്ളിമേടയിലേക്കപോകും അപ്പോരം സഹോദരങ്ങളിൽ ഒന്നോ രണ്ടോപേർ കൂടെപോകും. സ്ഥലത്തെത്തിയാൽ ബനഡിക്ടച്ചൻ പള്ളിയിലേക്കുപോകും. നമസ്കാരമേശയുടെ മുൻപിൽപോയിനിന്നാൽ ആ നിൽപ്പ് ഒരു മണിക്കൂറിൽകൂടുതൽ നിൽക്കും. ഞാൻ കൂടെപോകുന്ന അവസരത്തിൽ പുറകിലിരുന്ന് ഉറങ്ങുകയായിരുന്ന പതിവ്. സന്ധ്യാപ്രാത്ഥന വീട്ടിൽവച്ചുചൊല്ലിയശേഷമാണ് പോകുന്നതെങ്കിലും വൈദികർ ചൊല്ലുന്ന ശ്ഹീമോനമസ്ക്കാരം സന്ധ്യ മുതൽ

www.malankaralibrary.com



പാതിരാത്രിവരെയുള്ളതുമുഴുവൻ അവിടെനിന്നു ചൊല്ലും. അതു കഴിഞ്ഞാൽ ധ്യാനം. ഈ പ്രാർത്ഥനാശീലം അന്ത്യനാളുകൾ വരെയും അഭ്യസിച്ചിരുന്നു.

ആദ്യമായി ഞാൻ എന്റെ മൂത്തസഹോദരനോടൊപ്പം താമസിച്ചത് 1946 ലെ വേനൽക്കാല അവധിസമയത്താണ്. എന്റെ കണ്ണിനു ചികിത്സ ആവശ്യമായിരുന്നു. അപ്പച്ചൻ എന്നെ തിരുവനന്തപുരത്തുകൊണ്ടുവന്ന് ബനഡിക്റ്റച്ചനെ ഏല്പിച്ചിട്ട് തിരികെ പോയി. ഒരുമാസക്കാലം നാലാഞ്ചിറ ആശ്രമത്തിൽ ഞാൻ താമസിച്ചു. ചികിത്സയ്ക്കായി കണ്ണാശുപത്രിയിൽ പോകും. അന്ന് കാറും മോട്ടോർസൈക്കിളും സുലഭമല്ലായിരുന്നു. സാധാരണ സൈക്കിൾതന്നെ അപൂർവ്വം. ആശ്രമസ്ഥർ വിദൂരമിഷ്യനുകളിൽ പോകുന്നത് സൈക്കിളിൽ ആയിരുന്നു. ബനഡിക്റ്റച്ചൻ ഒരു സൈക്കിളിന്റെ പുറകിലിരുത്തിയാണ് എന്നെ ആശുപത്രിയിൽ കൊണ്ടുപോയിരുന്നത്. കണ്ണിനകത്തുകുത്തിവെയ്പുകൾ നടത്തുകയുണ്ടായി. വേദനയുള്ള അവസരങ്ങളിൽ എന്നെ ആശ്വസിപ്പിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്ന ജ്യേഷ്ഠന്റെ സ്നേഹം കൂടുതൽ അനുഭവിച്ചത് ആ ദിവസങ്ങളിലാണ്. വളരെ വാത്സല്യത്തോടെയുള്ള ശുശ്രൂഷയും പെരുമാററവും ഒരു പ്രത്യേക അനുഭവമായിരുന്നു. ബനഡിക്റ്റച്ചൻ വളരെ ആദരണീയനായ ഒരു വൈദികനായിരുന്നു. അതിനാൽ കൊച്ചനുജനായ എന്നെയും ആശ്രമത്തിലെയും അരമനയിലെയും വൈദികർക്കും അവയോടു ബന്ധപ്പെട്ടവർക്കും വളരെ ഇഷ്ടമായിരുന്നു. അവരുടെ സ്നേഹപൂർവ്വമായ പെരുമാററം ആശ്രമജീവിതത്തോടുള്ള മതിപ്പ് എന്നിൽ വർദ്ധിപ്പിച്ചു. ശാന്തമായ ആശ്രമാന്തരീക്ഷം; ഭക്തിനിർഭരമായ ആരാധനകൾ; കൂടെക്കൂടെ പള്ളിയിൽപോയി പ്രാർത്ഥിക്കുന്ന രീതി.........

ആശുപത്രിയിൽപോയി മടങ്ങുമ്പോഴും മററുചിലഅവസരങ്ങളിലും അരമനയിൽ കയറുമായിരുന്നു. അപൂർവം ചിലപ്പോൾ വലിയപിതാവ് മാർ ഈവാനിയോസ് തിരുമേനിയെ കണ്ടു കൈമുത്തുമായിരുന്നു. ഒരു പ്രാവശ്യം സന്ദർശനമുറിയുടെ കിഴക്കേവെരാന്തയിൽ വച്ച് സഭാംഗമാകാത്തതെന്തുകൊണ്ടാണെന്ന് ഈവാനിയോസ് പിതാവ് ചോദിച്ചു. സഭകൾ തമ്മിലുള്ള വ്യത്യാസം എനിക്കറിയാൻ പാടില്ലെങ്കിലും, ''പൂർവ്വികരുടെ വിശ്വാസത്തിൽ

www.malankaralibrary.com



ഉറച്ചുനില്ക്കുകയാണ്'' എന്നു ഞാൻ മറുപടിപറഞ്ഞു. വന്ദ്യപിതാവ് എനിക്കു ഉപദേശങ്ങൾ തന്ന് രണ്ടുകൈകളുംകൊണ്ട് എന്നെ അനുഗ്രഹിച്ചാണ് അനുവിട്ടതു്. പിന്നീട്ടതാമസിച്ചില്ല. ആശ്രമത്തിലെ ബ. വൈദികർ എനിക്കു് ഉപദേശങ്ങൾ നല്കി. ഒരാഴ്ചയ്ക്കകം ഞാൻ കത്തോലിക്കാസഭയിൽ ചേൎന്നു. കുമ്പസാരിച്ച് ബനഡിക്ടച്ചന്റെ കൈകളിൽനിന്നും വി. കുർബാനയും സ്വീകരിച്ചു.

ദൈവികകാര്യങ്ങളിലും, ആചാരാനുഷ്ഠാനങ്ങളിലും തല്പരരായിരുന്ന മാതാപിതാക്കളുടെ പരിശീലനം ലഭിച്ചത് വലിയ ഭാഗ്യമായി. അതുകഴിഞ്ഞാൽ മൂത്തസഹോദരന്റെ ജീവിതമാതൃകയാണ് സന്യാസവൈദികനാകുവാൻ എനിക്കു പ്രേരണനല്കിയത്. എല്ലാവരും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ജ്യേഷ്ഠസഹോദരനെ പിൻഗമിക്കുന്നതിനു മാനുഷികമായിതന്നെ പ്രേരണയുണ്ടാകാം. ബനഡിക്ടച്ചൻ വി. കുർബാനചൊല്ലുമ്പോൾ മദ്ബഹാതന്നെ പ്രത്യേകതേജസ്സുള്ളതായി എനിക്കു തോന്നുമായിരുന്നു. വീട്ടിൽ വരുമ്പോൾ അപ്പച്ചനോടും അമ്മച്ചിയോടുമുള്ള സ്നേഹവും ബഹുമാനവും, സഹോദരങ്ങളോടുള്ള സ്നേഹപൂർവമായ പെരുമാററവും, ഇതൊക്കെപ്രത്യേകതയുള്ളതായിരുന്നു. ചുററുപാടുമുള്ള അക്രൈസ്തവർക്ക് ബനഡിക്ടച്ചനോടുള്ള സ്നേഹവും അച്ചന് അവരോടുള്ള മതിപ്പും സ്നേഹവും എല്ലാം ആകർഷണീയമായിരുന്നു. ഈ വസ്തുതകളാണ് ആശ്രമത്തിൽ ചേരാൻ എന്നെ പ്രേരിപ്പിച്ചതു്. ഞാൻ ആശ്രമത്തിൽ ചേരുവാൻ ആഗ്രഹിക്കുന്നുവെന്നു പറയുന്നതിനുമുമ്പ് ഞാൻ സന്യാസജീവിതത്തിന് ആഗ്രഹിക്കുന്നുണ്ടോ എന്നുപോലും എന്നോടു ചോദിക്കുകയോ അതിനു പ്രേരിപ്പിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ ഞാൻ ആഗ്രഹം പ്രകടിപ്പിച്ചതിനുശേഷം എല്ലാവിധ പ്രോത്സാഹനങ്ങളും നല്കുകയും ശക്തിപ്പെടുത്തുകയും ചെയ്തു. ഞാനൊരു ഇടവകവൈദികനാകുന്നതിനെക്കുറിച്ച് ബന്ധുക്കളുടെ പ്രേരണഉണ്ടായപ്പോൾ അപ്പച്ചൻ അതു് ബനഡിക്ടച്ചനോടു പറഞ്ഞു. അപ്പോൾ സന്യസ്തജീവിതത്തിന്റെ മഹിമയേക്കുറിച്ചൊക്കെ എനിക്കു പറഞ്ഞുതരികയും അർപ്പണജീവിതം പരിപൂർണ്ണ അർപ്പണമായിരിക്കണമെന്നു് ഉപദേശിക്കുകയും ചെയ്തതു് ഞാൻ ഓർക്കുന്നു.

ബനഡിക്ടച്ചൻ മെത്രാനാകുന്നതിനു മുമ്പ് ഞാൻ ആശ്രമസ്ഥനായി. ഞാൻ സന്യാസവസ്ത്രം സ്വീകരിച്ചതു് ബനഡിക്ട്മാർ

www.malankaralibrary.com



ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ കൈകളിൽ നിന്നാണ്. അതൊരു സന്തോഷദിവസമായിരുന്നു. അഭിവന്ദ്യ പിതാവിൻെറ സന്നിധിയിൽ വച്ചുതന്നെയാണ് ഞാൻ സന്യാസപ്രതിഷ്ഠനടത്തിയതും. എത്ര ആനന്ദകരമായ അവസരം. എന്നാൽ ഞങ്ങൾക്കുരണ്ടു പേർക്കും പ്രയാസമുണ്ടാക്കിയ അവസരമായിരുന്നു എൻെറ വൈദികാഭിഷേകദിനം. എനിക്കു വൈദികപട്ടം തരുന്നതിന് അഭിവന്ദ്യപിതാവിനും പിതാവിൽനിന്നും വൈദികപട്ടം സ്വീകരിക്കുന്നതിന് എനിക്കും സ്വാഭാവികമായും വളരെ ആഗ്രഹമുണ്ടായിരുന്നു. എന്നാൽ ദൈവനിശ്ചയം അതായിരുന്നില്ലയെന്ന ഞങ്ങൾ കരുതി ആശ്വസിക്കുകയാണ്. എൻെറ വൈദിക ജീവിതം ധന്യമാകുന്നതിനു വന്ദ്യപിതാവും ഞാനും ആ ത്യാഗം കാഴ്ച വെയ്ക്കുകതന്നെ ചെയ്തു. വത്തിക്കാൻ സൂന്നഹദോസിൻെറ സെഷൻസിൽ സംബന്ധിക്കുന്നതിനായി വന്ദ്യപിതാവ് റോമിൽ പോയിരിക്കുന്ന സമയത്തായിരുന്നു ആശ്രമസ്ഥരായ ഞങ്ങൾ എട്ടുപേരുടെ വൈദികാഭിഷേകം നടന്നത്. അന്നത്തെ രീതി അനുസരിച്ച് സെമിനാരിയിൽ വച്ച് അവിടുത്തെ ശെമ്മാശന്മാരോടൊപ്പം ഞങ്ങൾക്കും പട്ടം നല്കി. വേറൊരു തീയതിയിലേക്കു മാററുക ബുദ്ധിമുട്ടായിരുന്നു.

ഞാൻ വൈദികനായശേഷം ഏതാനും ദിവസങ്ങൾ ഞങ്ങൾ ഒരുമിച്ച് റോമിലെ Damasceno college-ൽ താമസിച്ചിട്ടുണ്ട്. പിന്നീട് ഞാൻ താമസിച്ചിരുന്ന കുമ്പഴ ആശ്രമത്തിൽ ചില അവസരങ്ങളിൽ വന്ദ്യപിതാവുവന്നു താമസിക്കമായിരുന്നു. അതുപോലെ ബോംബയിലും. അപ്പോഴൊക്കെയുംവന്ദ്യപിതാവിനെ ഒരു പ്രത്യേക ദിവ്യപുരുഷനായിട്ടാണ് ഞാൻ കണ്ടിട്ടുള്ളത്. എല്ലാവർക്കും സമാദരണീയനായ മെത്രാപ്പോലീത്താ എത്രമാത്രം ഹൃദ്യമായിട്ടാണ് എല്ലാവരോടും പെരുമാറിയിരുന്നത്. മുതിന്നവരെയും ചെറുപ്പക്കാരെയും, അല്ല പൈതങ്ങളെയും ഇഷ്ടപ്പെട്ടിരുന്നതു് അവരെ ആഹ്ലാദിപ്പിച്ചിരുന്നു. വിമാനകമ്പനിക്കാർ ഒരുക്കുന്ന പഞ്ചനക്ഷത്രഹോട്ടലുകളിൽ താമസിക്കാതെ ആശ്രമത്തിലെ വളരെ പരിമിതികളുള്ള മുറിയുടെ ഒരുവശത്തുതാമസിക്കുന്നതിൽ സംതൃപ്തികണ്ടെത്തിയിരുന്നു. ഞാനൊരുക്കിയിരുന്നകട്ടിലുകൾ പിതാവിൻെറ ആരോഗ്യത്തിന പററിയതല്ലായിരുന്നുവെന്ന് അന്ത്യനാളുകളിൽ വന്ദ്യപിതാവിൻെറ കൂടെ തമാസിച്ചപ്പോൾ മാത്രമാണ് എനിക്കു

www.malankaralibrary.com



സൂചനകിട്ടിയത്. പക്ഷേ, മുണ്ടൻമലയിൽ താമസിച്ചിട്ടില്ലെങ്കിലും അതിൻെറ ചൈതന്യം ഉൾക്കൊണ്ട സന്യാസി ഏതു സാഹചര്യത്തെയും അഭിമുഖീകരിക്കുവാൻ തയ്യാറായിരുന്നു. ബഥനിയുടെ പ്രത്യേകപുണ്യമായ ലാളിത്യം ഇത്രയേറെ അഭ്യസിച്ച ഒരു സന്യാസിവേറെയുണ്ടോയെന്നു സംശയിക്കണം.

എത്ര വൈകി വന്നാലും ഉറങ്ങട്ടെ എന്നു പറഞ്ഞു പോകുന്ന വന്ദ്യപിതാവ് സക്രാരിയുടെ മുമ്പിൽ മണിക്കൂറുകൾ ചെലവഴിച്ചിരുന്നു. പ്രാർത്ഥനയും വിശ്രമമായിരിക്കാം. 1992 നവംബർ ഒന്നാം തീയതി ബോംബയിൽ മൂന്നു വ്യക്തിഗത ഇടവകകൾ സ്ഥാപിച്ച ദിവസം. രാവിലെ 7.30-ന് ആരംഭിച്ച പരിപാടികൾ; ആശ്രമക്കൂദാശ, കട്ടിനാളിനും പിതാവിനും സ്വീകരണം; വി. കുർബാന, ഇടവക സ്ഥാപനപ്രഖ്യാപനം, സമ്മേളനങ്ങൾ, ഭക്ഷണം എല്ലാം കഴിഞ്ഞപ്പോൾ മൂന്നുമണി. തുടർന്ന് ഇടവകപ്രതിനിധികളുടെ പ്രത്യേക സമ്മേളനം. മൂന്നരമണിക്ക് വന്ദ്യപിതാവ് ചാപ്പലിലേക്കു പോയി. ധാരാളം ആളുകൾ വന്ദ്യപിതാവിനെ കണ്ടിട്ടു പോകുവാൻ കാത്തുനില്ക്കുന്നു. സക്രാരിയുടെ മുമ്പിൽ നിൽപുറപ്പിച്ചവന്ദ്യപിതാവ് അഞ്ചു മണിവരെ പ്രാർത്ഥിച്ചും വേദപുസ്തകം വായിച്ചും അവിടെനിന്നു. സഹോദരനെന്നനിലയിലുള്ള സ്വാതന്ത്ര്യം ഉപയോഗിച്ചു ഞാൻ നിർബന്ധിച്ചപ്പോഴാണ് അവിടെ നിന്നും ഇറങ്ങി വന്നത്. ഇതുപോലെ പലപ്പോഴും എനിക്ക് അനുഭവമുണ്ടായിട്ടുണ്ട്.

മലങ്കര മക്കളുടെ വളർച്ച വന്ദ്യപിതാവിൻെറ പ്രത്യേക ശ്രദ്ധ പിടിച്ചുപററിയിരുന്നു. കേരളത്തിനു പുറത്തു പോയിരിക്കുന്നവരെ സംഘടിപ്പിച്ച് അവരെ സഭയുടെ പൊതുധാരയിൽ കൊണ്ടുവരുന്നകാര്യത്തിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അവർക്കുവേണ്ടി എന്തു ത്യാഗം സഹിക്കുന്നതിനും തയ്യാറായിരുന്നു. ഉദാഹരണങ്ങൾ ധാരാളം. ക്ഷീണമുള്ളപ്പോഴും ദീർഘയാത്രചെയ്ത് രണ്ടും മൂന്നും സ്ഥലങ്ങളിൽ ശുശ്രൂഷകൾ നടത്തുന്നതിൽ സന്തോഷമായിരുന്നു. പൂനായിൽ നമ്മൾ ആദ്യമായി പണിചെയ്ത ചാപ്പലിൻെറ കൂദാശ ദിവസം ഞാൻ ഓർക്കുകയാണ്. വന്ദ്യപിതാവ് റോമിലായിരുന്നു. തിരികെ വരുന്നസമയത്ത് കൂദാശ നിശ്ചയിച്ചു. വിമാനം 14 മണിക്കൂർ താമസിച്ചു. വിമാനത്താവളത്തിൽ കാത്തിരുന്നു ക്ഷീണിച്ച പിതാവ് ബോംബയിൽ എത്തിയത് ഉച്ചയ്ക്ക്.

www.malankaralibrary.com



ഒട്ടും വിശ്രമിക്കാതെ അഞ്ചു മണിക്കൂർ തിരക്കേറിയ വീഥിയിലൂടെ കാറിൽ യാത്ര ചെയ്തു പിമ്പിരിയിൽ എത്തി. കാറിൽനിന്നിറങ്ങിയപ്പോൾ കാത്തിരുന്ന ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാക്കാതിരിപ്പാൻ നേരെ പള്ളിയിലേക്ക്. പ്രസംഗം, പ്രാർത്ഥന, പള്ളിക്കൂദാശ, ആഘോഷമായ വി. കുർബാന. പൊതു സമ്മേളനം. പരിപാടി കഴിഞ്ഞ് 9മണിക്ക് ഭക്ഷണം തുടന്ന്യാത്ര രാമവാഡി ആശ്രമത്തിലേക്ക്. ഇതുപോലുള്ള വിശ്രമ രഹിതമായ അധ്വാനത്തിൽ സന്തോഷമേ ഉണ്ടായിരുന്നുള്ളു.

അന്ത്യനാളുകളിൽ കൂടെ താമസിച്ച് സഹോദരനെന്ന നിലയിൽ ശുശ്രൂഷിക്കുവാൻ സാധിച്ചത് വലിയ അനുഗ്രഹമായി ഞാൻ കരുതുന്നു. വന്ദ്യപിതാവ് നല്ല ആരോഗ്യവാനെന്നാണ് കരുതിയിരുന്നത്. എന്നാൽ ഏറെ നാളുകളായി നടുവിനു വേദനയും വയററിൽ അസ്വസ്ഥതയുമുണ്ടായിരുന്നു. അതുപോലെ തന്നെ കണ്ണിനും രോഗം ബാധിച്ചിരുന്നു. എന്നാൽ തീരെ അവശതയാകുന്നതുവരെയും ആരെയും അറിയിക്കാതെ സ്വന്തം കടമകൾ നിർവ്വഹിച്ചു മുമ്പോട്ടു പോകുകയായിരുന്നു.

ജൂൺ മാസം അവസാനത്തിൽ കണ്ണിന് അസുഖം വർദ്ധിച്ചു, പനിയും ഉണ്ടായി. അതിന്റെ ചികിത്സ നടക്കുമ്പോഴാണ് ജൂലൈ ആരംഭത്തിൽ അസഹ്യമായ നടുവിനുവേദന അനുഭവപ്പെട്ടത്. തിരുവനന്തപുരത്തെ വിവിധ ആശുപത്രികളിൽ പ്രവർത്തിക്കുന്ന വിദഗ്ദ്ധരായ ഡോക്ടേഴ്സ് വന്ദ്യപിതാവിനെ പരിശോധിച്ച് ഓറാത്രപൂർണ്ണം രോഗം കണ്ടുപിടിച്ചു, അസഹ്യമായ വേദനയുണ്ടായിരുന്നതിനാലും എഴുന്നേല്ക്കുന്നതിനും മററും സഹായം ആവശ്യമായിരുന്നതിനാലും സഹോദരന്മാരേയും മക്കളെയും വിളിച്ച് ''നിങ്ങളുടെ സഹായം എനിക്ക് ആവശ്യമുണ്ട്'' എന്നു പറഞ്ഞു. ആ സമയത്തും വേദന സാരമില്ലായെന്നു പറഞ്ഞ് ഞങ്ങളെ ആശ്വസിപ്പിക്കുകയാണുണ്ടായത്. ജൂലൈ 13–ാം തീയതി RCC യിൽ നടന്ന പരിശോധനയുടെ റിപ്പോർട്ട് 14–ാം തീയതി രാവിലെ കിട്ടി ''വന്ദ്യപിതാവിന് അസ്ഥിയിൽ കാൻസർ ബാധിച്ചിരിക്കുന്നു, വളരെ ഗൗരവമായിട്ടുണ്ട്'' ബ. ജോസിയച്ചനാണ് ചികിത്സ സംബന്ധമായ കാര്യങ്ങളുടെ മേൽനോട്ടം വഹിച്ചിരുന്നത്. അദ്ദേഹം എന്നെ വിവരം ധരിപ്പിച്ചു. ഞങ്ങൾ സെക്രട്ടറി, ബ. ക്രിസ്റ്റി അച്ചനുമായി ആലോചിച്ച് വന്ദ്യപിതാവിനെ വിവരം ധരിപ്പിക്കുന്നതിനുള്ള

www.malankaralibrary.com



ക്രമീകരണം ചെയ്തു. ചികിത്സക്ക് മേൽ നോട്ടം വഹിച്ചിരുന്ന ഡോക്ടേഴ്സിൽ മൂന്നുപേർ ഒരുമിച്ച് വന്ദ്യപിതാവിനെകണ്ട് 14—ാം തീയതി വൈകുന്നേരം രോഗവിവരം ധരിപ്പിച്ചു. അസ്ഥി യിൽ പല ഭാഗത്തും കാൻസർ ബാധിച്ചിട്ടുണ്ട്. ഗൗരവമാണ് എന്ന വർ പറഞ്ഞു. വളരെ സമചിത്തതയോട്, ഒട്ടുംതന്നെ ആകുലതയി ല്ലാതെ ഡോക്ടേഴ്സിൻെറ നിർദ്ദേശങ്ങൾ കേട്ട പിതാവ് അവരുമായി ഭാവി ചികിത്സയേക്കുറിച്ച് ചർച്ച ചെയ്തു. ഏതു ഭാഗത്താണ് ആദ്യം കാൻസർ ഉണ്ടായതെന്ന് കണ്ടു പിടിക്കുവാൻ സാധിക്കാഞ്ഞ തിനാൽ കൂടുതൽ വിദഗ്ദ്ധ പരിശോധനകൾ ആവശ്യമാണ് എന്നും അവർ പറഞ്ഞു.

അമേരിക്കയിൽ നടക്കുവാനിരുന്ന മലങ്കര കൺവൻഷനിൽ സംബന്ധിക്കുവാൻ വന്ദ്യപിതാവ് ജൂലൈ30—ാം തീയതിയിലേക്ക് ടിക്കററ് ബുക്കു ചെയ്തിരുന്നു, അമേരിക്കയ്ക്കു പോകുവാൻ പരിപാടി യുള്ളതുകൊണ്ട് തുടർന്നുള്ള പരിശോധന അവിടെ നടത്തുകയാണ് നല്ലതെന്നും അതിനായിട്ട് സ്വല്പം കൂടെ മുൻകൂട്ടി പോകണമെന്നും ഡോക്ടേഴ്സ് നിർദ്ദേശിച്ചു, ചികിത്സ ഇവിടെ തന്നെ നടത്തി യാൽ മതിയെന്നു വന്ദ്യപിതാവ് പറഞ്ഞെങ്കിലും ഡോക്ടേഴ്സി ൻെറ നിർദ്ദേശം സ്വീകരിച്ച് അമേരിക്കയ്ക്കു പോകുവാൻ തയ്യാറായി. തന്നെ യാത്ര പാടില്ലായെന്നു ഡോക്ടേഴ്സ് നിർദ്ദേശിച്ചപ്പോൾ ഞാൻ കൂടെ പോകുവാൻ അഭിവന്ദ്യ ലോറൻസ് മാർ അപ്രേം പിതാവ് എന്നോടാവശ്യപ്പെട്ടു. അങ്ങനെ ഞങ്ങൾ ജൂലൈ 22—ാം തീയതി ബോംബെയ്ക്കും 23—ാം തീയതി അവിടെ നിന്നും ന്യൂയോർക്കി ലേക്കും പോയി.

അമേരിക്കയുടെ തലസ്ഥാന നഗരിയായ വാഷിംഗ്ടണിൽ ഉള്ള (WASHINGTON HOSPITAL CENTRE), കാൻസർ സെൻററിൽ ചികിത്സ നടത്തുന്നതിന് പിറെറ ദിവസംതന്നെ വാഷിംഗ്ടണി ലെ ഒരു വ്യവസായ പ്രമുഖനായ മലങ്കര കത്തോലിക്കനും വന്ദ്യപി താവിൻെറ ഉററ സുഹൃത്തുമായ ബാബുരാജ് സ്റ്റീഫൻ ക്രമീകരണം ചെയ്തു, 25—ാം തീയതി ഞങ്ങൾ വാഷിംഗ്ടണിൽ എത്തി, അന്നുതന്നെ ഡോക്ടേഴ്സിനെ കണ്ട് റിപ്പോർട്ടുകൾ സമർപ്പിച്ചു.

Dr. M. V. Pillaiയുടെ നേതൃത്വത്തിൽ ഒരു വിദഗ്ധ സംഘം ആണ് അവിടെയും ചികിൽസ നടത്തിയത്. തിരുവനന്തപുരം

www.malankaralibrary.com



സ്വദേശികളും വന്ദ്യ പിതാവിൻെറ ആരാധകരുമായിരുന്നു, അവരെല്ലാം. ഭാരിച്ച ചെലവു കുറയ്ക്കുവാനും സൗകര്യമായി താമസിക്കുവാനും വേണ്ടി ബാബുരാജിൻെറ വീട്ടിൽ താമസിച്ച് ചികിത്സാസമയത്ത് ആശുപത്രിയിൽ ചെന്നാൽ മതിയെന്നും തീരുമാനിച്ചു. ആഗസ്റ്റ് 16-ാം തീയതി തിരികെ നാട്ടിൽ പോരുന്നതുവരെ എല്ലാവിധ സൗകര്യങ്ങളുമുള്ള ആ വീട്ടിൽ താമസിച്ചു. വന്ദ്യപിതാവിനു വേണ്ടി ഒരുക്കിയ ഒരു കൊട്ടാരമെന്നവണ്ണം എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നതിനും ഇടതടവില്ലാതെ വന്നുകൊണ്ടിരുന്ന സന്ദർശകരെ സൽക്കരിക്കുന്നതിനും ബാബുവും കുടുംബവും വളരെയേറെ ത്യാഗം സഹിച്ചു ശ്രദ്ധിച്ചു. ഞങ്ങളുടെ സഹോദരൻെറ മക്കൾ പിതാവിനെ ശുശ്രൂഷിച്ചുകൊണ്ട് അവിടെ താമസിച്ചിരുന്നു. ബാബുവിൻെറ ഭാര്യ ഗ്രേസിയും മകൾ സിന്ധുവും വന്ദ്യപിതാവിനു പരിചരണം ചെയ്തുകൊണ്ട്, അവധിയെടുത്ത് എപ്പോഴും വീട്ടിൽ ഉണ്ടായിരുന്നു. ആശുപത്രിയിൽ കൊണ്ടുപോകുകയും ഡോക്ടേഴ്സിനെ സംഘടിപ്പിക്കുകയും ചെയ്യുന്നതിനു് ബാബു തൻെറ വ്യവസായ കാര്യങ്ങൾ മററുള്ളവരെ ഏൽപ്പിച്ചിട്ട് വന്ദ്യപിതാവിനൊപ്പം എപ്പോഴും ഉണ്ടായിരുന്നു.

ബാബുവിൻെറയും ഗ്രേസിയുടെയും സമർത്ഥമായ സംഘാടകപാടവവും, വിശാലമായ സുഹൃദ്‌വലയവുംകൊണ്ട് രോഗനിർണ്ണയവും ചികിൽസയും വളരെ വേഗം നടത്തുവാൻ സാധിച്ചു. ആഗസ്റ്റ് 1 മുതൽ രണ്ടാഴ്ച റേഡിയേഷൻ നടത്തിയശേഷം 16-ാം തീയതി നാട്ടിലേക്കുപോന്നു. ആധുനിക സാങ്കേതികവൈദഗ്ധ്യം വളരെയേറെയുള്ള അമേരിക്കയിൽ അതിവിദഗ്ധരായ ഡോക്ടേഴ്സിൽ നല്ലവിഭാഗം മലയാളികളാണ്. ചികിത്സ തിരുവനന്തപുരത്തു തുടന്നാൽ മതിയാകും, നമുക്ക് നല്ലകഴിവുള്ള ഡോക്ടേഴ്സ് അവിടെ ഉണ്ട് എന്നു നിർദ്ദേശിച്ചതനുസരിച്ചാണ് നാട്ടിലേക്ക് ഉടനെ പോന്നതു്.

നാട്ടിലെത്തിയപിതാവിനെ തിരുവനന്തപുരത്തുള്ള വിദഗ്ധ ഡോക്ടേഴ്സിൻെറ ഒരു സംഘം തുടർന്നു പരിചരിച്ചിരുന്നു. അനേകനാളുകൾക്കുമുമ്പ് ആരംഭിച്ച രോഗം പെട്ടെന്ന് ജൂലൈമാസത്തിൽ പ്രത്യക്ഷപ്പെട്ടതുപോലെ, പെട്ടെന്നാണ് വൻകുടലിൽ ഒരു മുഴപ്രത്യക്ഷപ്പെട്ടതു്. സെപ്റ്റംബർ 23-ാം തീയതി ഡോക്ടേഴ്സ് സംഘംചേർന്ന് ഉടനെ ശസ്ത്രക്രിയ നടത്തുവാൻ തീരുമാന

www.malankaralibrary.com



മെടുത്തു. 24-ാം തീയതി ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നതിനു മുമ്പ് വന്ദ്യപിതാവ് തൈലാഭിഷേകം ആവശ്യപ്പെട്ടു. ആഘോഷമായ കന്തീലാശുശ്രൂഷനടത്തണ്ട; അനാഘോഷമായിനടത്തിയാൽ മതിയാകുമെന്നു നിർദ്ദേശിച്ചതനുസരിച്ച് പിതാവിൻെറ മുറിയിൽ വച്ചുതന്നെ അഭിവന്ദ്യ തീമോത്തിയോസ് പിതാവിൻെറ പ്രധാന കാർമ്മികത്വത്തിൽ അഭിവന്ദ്യരായ ഫീലക്സിനോസ് പിതാവിൻെറയും അപ്രേംപിതാവിൻെറയും സഹകാർമ്മികത്വത്തിലും ശുശ്രൂഷ നടത്തി. ധാരാളം സന്യാസി സന്യാസിനികളും വിശ്വാസികളുടെ ഗണവും സന്നിഹിതരായിരുന്നു.

അന്നു തന്നെ ആശുപത്രിയിൽ പ്രവേശിപ്പിച്ച വന്ദ്യപിതാവിനെ 26-ാം തീയതി ഡോ.പി.എ. തോമസിൻെറ നേതൃത്വത്തിലുള്ള ഒരു സംഘം ശസ്ത്രക്രിയനടത്തി. പ്രതീക്ഷയ്ക്കു ഉപരിയായി ശസ്ത്രക്രിയ വിജയകരമായിരുന്നു. ഒരാഴ്ചകഴിഞ്ഞ് ഡിസം.4 ന് ചൊവ്വാഴ്ച അരമനയിൽ തിരിച്ചെത്തി. രണ്ടു ദിവസം വളരെ ആശ്വാസമുണ്ടായിരുന്നു. ഏഴാംതീയതി ശ്വാസതടസ്സം അനുഭവപ്പെട്ടതിനെതുടർന്ന് വീണ്ടും ആശുപത്രിയിൽ പ്രവേശിപ്പിക്കുവാൻ തീരുമാനിച്ചു. വൈകുന്നേരംതന്നെ പ്രവേശിപ്പിച്ചു. 8-ാം തീയതി ശനിയാഴ്ച രണ്ടുമണിക്ക് എഴുന്നേററുനില്ക്കുന്ന അവസരത്തിൽ ശ്വാസതടസ്സം ഉണ്ടാകുകയും രണ്ടുമൂന്നു മിനിട്ടുകഴിഞ്ഞ് ഹൃദയാഘാതം ഉണ്ടാകുകയും ചെയ്തു. ഡോക്ടേഴ്സിൻെറ പരിചരണംകൊണ്ട് ഹൃദയത്തിൻെറ പ്രവർത്തനം വീണ്ടും സാധാരണഗതിയിലായി. പിറെറദിവസം രാവിലെ അഭിവന്ദ്യഅപ്രേംപിതാവിനോട് ഒരു മണിക്കൂറിൽ കൂടുതൽ ഔദ്യോഗികകാര്യങ്ങൾ സംസാരിച്ചു. ശനിയാഴ്ച മുതൽ ഓക്സിജൻ കൊടുക്കുന്നുണ്ടായിരുന്നു. ഞായറാഴ്ച വൈകുന്നേരം അഭിവന്ദ്യസിറിൽ മാർ ബസേലിയോസ് പിതാവ് ജർമ്മിനിയിൽനിന്നും വന്നു. അന്നു 10-ാം തീയതി തിങ്കളാഴ്ചയും പിതാക്കന്മാർ അടുത്തുണ്ടായിരിന്നു. മൂന്നു മണിയോടെ രോഗം മൂർഛരിക്കുകയും 3 55 ന് അന്ത്യം സംഭവിക്കുകയും ചെയ്തു. അന്ത്യവിനാഴികവരെയും ബോധത്തോടെ പ്രാർത്ഥന ചൊല്ലിയിരുന്നു.

രോഗാവസ്ഥയിൽ മൂന്നുമാസത്തോളം വന്ദ്യപിതാവിൻെറ കൂടെ താമസിച്ചതു് വലിയ അനുഭവമായിരുന്നു. രോഗത്തെക്കുറിച്ച് ഒരിക്കയ്ലും പരാതിയില്ല. അതികഠിനമായ വേദനഅനുഭവ

www.malankaralibrary.com



പ്പെട്ടന്ന അവസരങ്ങളിൽ പോലും താൻ രോഗിയാണെന്നു മററുള്ളവരെ അറിയിക്കാതിരിപ്പാൻ ശ്രമിച്ചിരുന്നു. ''ക്രിസ്തുനാഥൻെറ പീഡകളിൽ പങ്കുകൊണ്ടു കൊണ്ട് അങ്ങയുടെ മഹത്വത്തിൽ നാം പ്രവേശിക്കണമെന്ന്'' പലപ്പോഴും പ്രസംഗിച്ചിരുന്ന പിതാവ് യഥാർത്ഥത്തിൽ കുരിശിലെ പീഡ ശരിയായും അനുഭവിച്ചതു സന്തോഷത്തോടെയായിരുന്നു. നിരന്തരമായ പ്രാർത്ഥനയായിരുന്നു പ്രധാനചികിത്സ.

പ്രാർത്ഥനയുടെ പ്രാധാന്യം പറഞ്ഞുമനസ്സിലാക്കുവാനല്ല, മറിച്ച് പ്രാർത്ഥിച്ചും കൂടെ പ്രാർത്ഥിപ്പിച്ചും പ്രാർത്ഥനയുടെ മഹത്വം പ്രകടമാക്കി. വലിയവേദനയുടെ അവസരത്തിലും പ്രാർത്ഥനകരം ഉരുവിട്ടും. എല്ലാ ദിവസവും യാമപ്രാർത്ഥനകളും നൂററൻപത്തിമൂന്നുമണിജപവും, തിരുഹൃദയലുത്തിനിയ, മാതാവിൻെറ ലുത്തിനിയാ മുതലായവയും നിശ്ചയമായിചൊല്ലിയിരുന്നു. വേദപുസ്തകവായനകരം നിരന്തരമായി നടത്തിയിരുന്നു. അതുപോലെതന്നെ മിശിഹാനുകരണം തുടർച്ചയായി വായിക്കുമായിരുന്നു. വി.കുർബാന അർപ്പിക്കുന്നതിൽ വളരെ കൃത്യമായ നിഷ്ഠയുണ്ടായിരുന്നു. അമേരിക്കയ്ക്കുപോകുന്നതിൻെറ തലേ ദിവസംവരെ വി. കുർബാന അർപ്പിച്ചിരുന്നു. അമേരിക്കയിൽ ചെന്നദിവസം മുതൽ അന്ത്യദിനം വരെ വന്ദ്യപിതാവിൻെറ മുറിയിൽ വി.കുർബാനഅർപ്പിച്ച് വി.കുർബാന നല്കുന്നതിനുള്ള ഭാഗ്യം എനിക്കു ലഭിച്ചു. ഇതിൽ ഏതാനും ദിവസങ്ങരം അഭിവന്ദ്യ അപ്രേംപിതാവ് വി. കുർബാന നല്കി. ശേഷം എല്ലാദിവസങ്ങളിലും ഞാൻ തന്നെയാണ് ചെയ്തതു്. വി.കുർബാന അനുഭവിക്കുന്നതിനു് പ്രത്യേകം ശ്രദ്ധചെലുത്തിയിരുന്നു. യാത്രാമദ്ധ്യത്തിൽ പോലും വി.കുർബന സ്വീകരിക്കുന്നതിനുള്ള താല്പര്യംകൊണ്ടു് വി.കുർബാനക്കൂടെ കൊണ്ടുപോകുവാൻ നിർദ്ദേശിച്ചിരുന്നു. വി കുർബാന സ്വീകരിക്കുന്നതിനുള്ള സഭാനിയമങ്ങരം ഉപവാസം, ഉരംപ്പെടെ, എല്ലാം കൃത്യമായി അനുഷ്ഠിച്ചിരുന്നു. ആ സമയത്ത് മരുന്നുപോലും കഴിച്ചിരുന്നില്ല. ദൈവത്തിലുള്ള ആശ്രയവും ദൈവമാതാവിലുള്ള ഭക്തിയുമാണ് അതിവേദനയനുഭവിക്കുമ്പോഴും സുസ്മേരവദനനായികഴിയുവാൻ സാധിച്ചതെന്നു ഞാൻ മനസ്സിലാക്കുന്നു.

മൂന്നുമാസത്തിലേറെ രോഗാവസ്ഥയിലായിരുന്നു. രോഗം തുടങ്ങിയതിനുശേഷമാണ് മദ്രാസിലെ എൻജിനിയറിംഗ്കോളജ്

www.malankaralibrary.com



ആശീർവദിച്ചതും ഉദ്ഘാടനം ചെയ്തതും. മലങ്കരസഭയുടെ വളർച്ചയിൽ ഒരു നാഴികക്കല്ലാണ് ഈ സ്ഥാപനം. ഭാരതത്തിലെ പട്ടിണിമാററുന്നതിന് എല്ലാവരും ജോലിചെയ്യണമെന്നും, ജോലി ചെയ്യണമെങ്കിൽ അതിനുള്ള അറിവും പ്രാപ്തിയും ഉണ്ടാകണമെന്നും പലപ്പോഴും വന്ദ്യ പിതാവു പറഞ്ഞിരുന്നു. അതിനു തന്നാൽ കഴിയുന്നതു ചെയ്യുകയും ചെയ്തിരുന്നു. അതിനുള്ള ഒരുവേദിയാണ് എൻജിനീയറിംഗ്കോളജ്. ജൂലൈ മൂന്നാംതീയതി വി.തോമാശ്ലീഹായുടെ പെരുനാരം ദിവസം വന്ദ്യപിതാവ് ഈ സ്ഥാപനം ആശീർവദിച്ച് ഉദ്ഘാടനം ചെയ്തു. അഞ്ചാംതീയതി തിരികെ വന്നു. മുഖ്യമന്ത്രിയുടെ പ്രിയപത്നിയുടെ ചരമവാർഷികചടങ്ങിൽ അന്നു പങ്കുകൊണ്ട് തിരികെ വന്ന് കിടക്കയെ അഭയം പ്രാപിച്ചു.

പിന്നീടുള്ള മൂന്നുമാസങ്ങരം വന്ദ്യപിതാവ് അന്ത്യയാത്രയ്ക്ക്. ഒരുങ്ങുവാൻ ദിവ്യനാഥൻ അനുവദിച്ചു കൊടുത്ത സമയമായിരുന്നു. ജൂലൈ പതിനഞ്ചാംതീയതി മാർ ഈവാനിയോസ് പിതാവിൻെറ ഓർമ്മപെരുനാളിൽ സംബന്ധിക്കുവാൻ കത്തീഡ്രലിൽ പോയി. പൊതുസമ്മേളനത്തിൽ ഏതാനംമിനിട്ട പ്രസംഗിച്ചു. പ്രസംഗം എഴുതി തയ്യാറാക്കി പോയെങ്കിലും കടലാസു കൂടാതെ പതിനഞ്ചു മിനിററോളം നിന്നുകൊണ്ട് പ്രസംഗിച്ചു. അതൊരു വിടവാങ്ങൽ പ്രസംഗമായിരുന്നു വെന്ന് തോന്നി. എല്ലാവർക്കും എല്ലാററിനും നന്ദിപറഞ്ഞു കൊണ്ട് അവസാനിപ്പിച്ച ആ പ്രസംഗം കത്തീഡ്രൽ ദേവാലയത്തോടെങ്കിലും വിടവാങ്ങുന്നതായിരുന്നു. തുടർന്ന് കബറിങ്കൽ ധൂപ പ്രാർത്ഥന നടത്തി.

അമേരിക്കയ്ക്ക് പോയത് കൺവൻഷനിൽ സംബന്ധിക്കുന്നതിനു വേണ്ടി കൂടെയായിരുന്നു. എന്നാൽ ആരോഗ്യസ്ഥിതി അതിനനുവദിച്ചില്ല. എന്നാൽ ഉദ്ഘാടന സമ്മേളനത്തിലും സമാപനസമ്മേളനത്തിലും കൊടുക്കുവാനുള്ള സന്ദേശങ്ങരം വീഡിയോ കാസ്റ്റിൽ—ൽ ആക്കി കൊടുത്തു. ആഘോഷമായ വി കുർബാന മദ്ധ്യേയുള്ള പ്രസംഗവും എഴുതി കൊടുത്തിരുന്നു. ആ സന്ദേശങ്ങരം എല്ലാവരേയും ധന്യരാക്കി, സന്തോഷിപ്പിച്ചു.

ആഗസ്ററ് മാസം 24. വന്ദ്യപിതാവ് വൈദികനായിട്ട് അൻപതു വർഷം തികഞ്ഞു. വൈദികരെല്ലാം ചേർന്ന് വി. കുർബാന കത്തിഡ്രലിൽ അർപ്പിച്ചു. അവർ പിന്നീട വന്ന് വന്ദ്യ പിതാവിനെ സന്ദർശിച്ചു. അന്നുച്ചക്കഴിഞ്ഞ് ജൂബിലിയോട

www.malankaralibrary.com



ചേൻ വിവാഹം കഴിപ്പിച്ച 110 നവദമ്പതികൾക്ക് സ്വീകരണവും വൈദികരുടെയും സന്യാസിനി സന്യാസികളുടെയും കൂട്ടായ്മയും ഉണ്ടായിരുന്നു. വന്ദ്യപിതാവ് ഏതാണ്ട് 25 മിനിട്ടു ദീർഘിച്ച ഒരു പ്രസംഗം അവരോട് പറയുകയുണ്ടായി. സംസാരിക്കുവാൻ സാധിക്കുമോ എന്ന് പലർക്കും ആശങ്കയുണ്ടായിരുന്നു. ഇരുന്നു കൊണ്ടാണെങ്കിലും വളരെ ഉന്മേഷവാനായി ആ പ്രസംഗം നടത്തി.

ആഗസ്റ്റ് 27-ാം തീയതി തിരുവനന്തപുരം പൗരാവലി വന്ദ്യ പിതാവിൻെറ ജൂബിലി ആഘോഷിക്കുവാൻ തീരുമാനിച്ചിരുന്നു. ആ പരിപാടിയിൽ സംബന്ധിക്കുവാൻ വന്ദ്യപിതാവിനും താല്പ ര്യമായിരുന്നു, വന്ദ്യപിതാവിനെ സ്നേഹിച്ചാദരിച്ചിരുന്ന ജന ങ്ങൾ നടത്തുന്ന പരിപാടി. ഇൻഡ്യയുടെ വൈസ് പ്രസിഡൻറ് പങ്കെടുക്കും. എന്നാൽ പലർക്കും ആശങ്കയുണ്ടായിരുന്നു വന്ദ്യ പിതാവിൻെറ ആരോഗ്യസ്ഥിതി അതിനനുവദിക്കുമോ എന്ന്. ഭിഷ ഗ്വരന്മാർ ഒന്നടങ്കം പരിപാടിയിൽ സംബന്ധിക്കുവാൻ വന്ദ്യപിതാ വിനു സാധിക്കുമെന്ന് ഉറപ്പു നൽകി. അവരുടെ നിരന്തരവും ജാഗ്രതാ പൂർവ്വവുമായ പരിചരണം വന്ദ്യപിതാവിനെ അതിനു തയ്യാ റാക്കി. പ്രസംഗം എഴുതി തയ്യാറാക്കി, അച്ചടിച്ച വിതരണം ചെയ്തു. അഭിവന്ദ്യപിതാവ് നടന്ന് ഇരിപ്പിടത്തിൽ വന്നിരുന്നു. വിശി ഷ്ടാഥിതികൾ വന്നപ്പോൾ എഴുന്നേററ് ആദരവു പ്രകടിപ്പിച്ചു. നല്ല ആരോഗ്യവാനേപ്പോലെ പ്രസംഗിച്ചു. ജനമെല്ലാം ആഹ്ലാദിച്ചു. വന്ദ്യപിതാവ് സംബന്ധിച്ച അവസാന പൊതു പരിപാടി അതാ യിരുന്നു.

വന്ദ്യപിതാവിനുവേണ്ടി ഒരു സർവ്വമത പ്രാർത്ഥന സെപ്ററംബർ 9-ാം തീയതി അരമനമുററത്തു നടത്തി. ക്രൈസ്ത വരെ കൂടാതെ ഹിന്ദുമുസ്ലീം ആചാര്യന്മാരും ബഹുജനങ്ങളും അതിൽ സംബന്ധിച്ചു. വന്ദ്യപിതാവ് അതിൽ പങ്കെടുത്തു് എല്ലാവർക്കും നന്ദി പറയുകയുണ്ടായി.

ഒക്ടോബറിൽ നടന്ന മെത്രാന്മാരുടെ സിനഡിൽ സംബ ന്ധിക്കുവാൻ വളരെ താല്പര്യമുണ്ടായിരുന്നു. അല്പം സുഖമുള്ള പ്പോഴൊക്കെയും അതിനു തയ്യാറെടുപ്പു നടത്തിയിരുന്നു. ഫയലു കൾ നോക്കി; ബുക്കുകൾ വായിച്ചും വായിപ്പിച്ചും നോട്ടുകൾ തയ്യാറാക്കി. ഒക്ടോബർ പത്താം തീയതിയെങ്കിലും പോകണമെ ന്നായിരുന്നു ആഗ്രഹം. ആ പത്താം തീയതിയാണ് വന്ദ്യപിതാവ്

www.malankaralibrary.com



നിത്യവിശ്രമത്തിനായി പുറപ്പെട്ടത്....സന്യാസ ജീവിതത്തെ പററി ചർച്ച് ചെയ്യുന്ന ഈ സമ്മേളനത്തിൽ തൻെറ ജീവിതാനുഭവ ത്തിൽ നിന്നും തൻെറതായ പങ്കു നൽകണമെന്നുള്ളതായിരുന്നു ആഗ്ര ഹം. നവീകരണം പറഞ്ഞ് സന്യാസത്തിൻെറ അന്ത:സത്ത നഷ്ട പ്പെടുത്തുന്ന പുതുമക്കാരോട് വന്ദ്യപിതാവിനു താല്പര്യമില്ലായി രുന്നുവെന്ന് ഈ വിഷയം സംസാരിച്ചപ്പോൾ പലപ്പോഴും സൂചി പ്പിച്ചിരുന്നു.

കൂട്ടപ്രാർത്ഥനയിൽ പ്രത്യേകം താല്പര്യപ്പെട്ടിരുന്നു. അമേരി ക്കയിൽ ആയിരുന്നപ്പോഴും അരമനയിൽ ആയിരുന്നപ്പോഴും കൂട്ട മായി പ്രാർത്ഥന നടത്തുന്നതിന് നിർദ്ദേശിച്ചിരുന്നു. ജൂലൈ 17-ാം തീയതി മുതൽ വന്ദ്യപിതാവിൻെറ സഹോദരീ സഹോദരങ്ങൾ സന്ധ്യാ പ്രാർത്ഥനയിലും തുടന്നു വി. കുർബ്ബാനയിലും വന്ദ്യപിതാ വിനോടൊപ്പം ഉണ്ടായിരുന്നു. പണ്ട് വീട്ടിൽ മാതാപിതാക്കളോ ടൊപ്പം കുടുംബപ്രാർത്ഥനയിൽ സംബന്ധിക്കുന്ന പ്രതീതി ഞങ്ങൾക്ക് അനുഭവപ്പെട്ടിരുന്നു.

രോഗത്തെപ്പററി ആകാംക്ഷയോ, വേദനയെപ്പററി പരാതി യോ, മരണത്തെപ്പററി ആകുലതയോ പ്രകടിപ്പിച്ചിട്ടില്ല. വലിയ അസ്വസ്ഥതയുള്ളപ്പോഴും ഈശ്വര മന്ത്രോച്ചാരണമല്ലാതെ യാതൊരു രോദനവും ഉണ്ടായിട്ടില്ല. ''എൻെറ യേശുവേ, എൻെറ അമ്മേ'' എന്നു കൂടെക്കൂടെ ഉച്ചരിച്ചിരുന്നു.

മാർപ്പാപ്പായോടുള്ള വിധേയത്വം, ആദരവ് എപ്പോഴും പ്രക ടമാക്കിയിരുന്നു. അതുപോലെ മാതാപിതാക്കളെ വലിയ ബഹു മാനത്തോടും സ്നേഹത്തോടും മാത്രമെ പരാമർശിച്ചിട്ടുള്ളു. അവരു ടെ കാര്യം പലപ്പോഴും പറയുകയും അവർ കാണിച്ച നല്ല മാതൃക കൾ അനുകരിക്കുന്നതിന് ഉപദേശിക്കുകയും ചെയ്തിരുന്നു. ഭക്ഷണത്തോടു വെറുപ്പു തോന്നിയിരുന്നു. അപ്പോഴും അമ്മ യ്ക്കും അപ്പച്ചനും ഇഷ്ടമുള്ള ഭക്ഷണ സാധനങ്ങൾ ആണെന്നു പറ ഞ്ഞാൽ അല്പം കഴിക്കുമായിരുന്നു.

ഡോക്ടേഴ്സിൻെറ നിർദ്ദേശങ്ങൾ അതേപടി പാലിക്കു വാൻ ശ്രദ്ധിച്ചിരുന്നു. ഡോക്ടേഴ്സ് ആകട്ടെ പിതാവിനെ ദിവ്യപുരുഷനായികരുതി, അദ്ദേഹത്തെ ശുശ്രൂഷിക്കുവാൻ സാധി ക്കുന്നത് അനുഗ്രഹമായി സ്വീകരിച്ച് പരിചരിച്ചിരുന്നു.

www.malankaralibrary.com



''കുമ്പസാരക്കാരൻ, ഡോക്ടേഴ്സ്, ഫോട്ടോഗ്രാഫർ, ബാർബർ'' ഇവർ പറയുന്നതുപോലെ ചെയ്യണമെന്ന് ഫലിത രസത്തോടെ പറയുമായിരുന്നു. മരുന്നുകൾ കഴിക്കുവാനും ഭക്ഷണംകഴിക്കു വാനും തടസ്സം പറയുമ്പോൾ, ഡോക്ടർ പറഞ്ഞിട്ടാണ് എന്നു പറഞ്ഞാൽ അത് സ്വീകരിച്ചിരുന്നു. പ്രത്യേകിച്ച് ഡോക്ടർ എസ്. കെ. രാമചന്ദ്രൻ നായർ, ഡോ. ബാലരാമൻ നായർ ഇവർ പറയുംപോലെ ചെയ്യുമായിരുന്നു. ഇവർ രണ്ടുപേരും മണിക്കൂറുകൾ വന്ദ്യപിതാവിന്റെ അടുക്കൽ ആയിരിക്കുകയും, സത്ചിന്തകൾ പങ്കുവെയ്ക്കുകയും ചെയ്തിരുന്നു. "I am an obedient patient" എന്ന് ഡോക്ടറോടു പറയുകയും വളരെ നല്ല ഒരു patient എന്ന് ഡോക്ടേഴ്സ് പറയുകയും ചെയ്തിരുന്നു. ഈ വിധത്തിലുള്ള പെരുമാററംകൊണ്ട് Washington Hospital Centre-ൽ നിന്ന് ഒരു graduation certificate നല്കിയിട്ടുണ്ട്.

വന്ദ്യപിതാവ് എല്ലാവരുടെയും വ്യക്തിത്വത്തെ ആദ രിച്ചിരുന്നു. ആരേയും അവഗണിച്ചിരുന്നില്ല. ഉന്നതന്മാരെന്നോ പാവപ്പെട്ടവരെന്നോ വേർതിരിക്കാതെ എല്ലാവരോടും അവരവ രുടെ നിലയ്ക്കനുസരിച്ച് പെരുമാറിയിരുന്നു. രോഗാവസ്ഥ യിൽ കാണാൻ വരുന്നവരെ എല്ലാംതന്നെ സ്വീകരിക്കുവാൻ വന്ദ്യപിതാവ് തയ്യാറായിരുന്നു. അനാരോഗ്യകാരണത്താൽ ഡോക്ടേഴ്സിന്റെ നിർദ്ദേശമനുസരിച്ച് സന്ദർശനം പരിമിത പ്പെടുത്തിയപ്പോഴും ''ഇനിയും ആരെങ്കിലും പുറത്തു നില്പുണ്ടോ, എങ്കിൽ വിളിക്കൂ'' എന്നു പറയുമായിരുന്നു. എത്ര കർശന മായി തടഞ്ഞിരിക്കുന്ന സമയത്തും ''മശ്നപ്സാ ഇട്ട ഒരുത്തരും തന്നെ സന്ദർശിക്കാതെ പോകുവാൻ ഇടയാകരുതെന്ന്'' നിർദ്ദേ ശിച്ചിരുന്നു. അതുപോലെ വൈദികരുടെ സാന്നിദ്ധ്യം നിർബന്ധ മായിരുന്നു. ഞാൻ മിക്കപ്പോഴും മുറിയിലും പരിസരത്തും ഉണ്ടായിരുന്നു. ആരെങ്കിലും ഒരു വൈദികൻ അടുത്തില്ലെന്നു തോന്നിയാൽ ഉടനെ അന്വേഷിക്കും ''അച്ചൻമാരാരെങ്കിലും ഇവിടെ ഉണ്ടോ?''

ആത്മപിതാവും കുമ്പസാരക്കാരനുമായ വൈദികനെക്കൂടെ ക്കൂടെ സന്ദർശനത്തിനു ക്ഷണിച്ചിരുന്നു. വി. കുമ്പസാരം നട ത്തുന്നതുകൂടാതെ അദ്ദേഹവുമായി സംസാരിക്കുവാൻ സമയമെ ടുക്കുക പതിവായിരുന്നു. മരണത്തിന് ഏതാനും ദിവസങ്ങൾ

www.malankaralibrary.com



മുമ്പ് അദ്ദേഹത്തോട്ട നിർദ്ദേശിച്ചു ''അച്ചൻ എൻെറ അടുത്തുണ്ടായിരിക്കണം; പ്രാർത്ഥനകഠം ചൊല്ലിത്തരണം''. അങ്ങനെതന്നെ അവസാന രണ്ടു ദിവസം അദ്ദേഹം പിതാവിൻെറ അടുത്തുനിന്നിരുന്നു, പ്രാർത്ഥനകഠം ചൊല്ലിക്കൊടുത്തുകൊണ്ട്.

എപ്പോഴും മനസ്സിൽ പാവപ്പെട്ടവരുടെ ഉന്നമനം ആയിരുന്നു സ്ഥാനം പിടിച്ചിരുന്നത്. തന്നെ സന്ദർശിക്കുവാൻ വരുന്നവരോട്ടം ആ കാര്യമാണ് സംസാരവിഷയമായിരുന്നത്. പ്രത്യേകിച്ച് ഓരോ സ്ഥാനങ്ങഠം വഹിക്കുന്നവരോട് അവരുടെ പ്രവർത്തനമണ്ഡലമുപയോഗിച്ച് ഈ വിഷയത്തിൽ എന്തുചെയ്യാമെന്നു ചർച്ചചെയ്യുകയും നിർദ്ദേശങ്ങഠം നല്കുകയും ചെയ്തിരുന്നു. ഞങ്ങഠം സഹോദരങ്ങളോടും ആ വിഷയം സംസാരിക്കമായിരുന്നു. ദൈവം നമ്മെ ധാരാളമായി അനുഗ്രഹിച്ചു, അത് സന്തോഷത്തോട്ടം സമാധാനത്തോട്ടം അനുഭവിക്കുക. പാവങ്ങളെ സഹായിക്കണം. അതിൻെറ കൂടെ എന്നോട്ട പറഞ്ഞു: ''അധ:കൃതവർഗ്ഗക്കാരോട്ട പ്രത്യേക കരുതലുണ്ടായിരിക്കണം.'' ഈ പ്രത്യേകത ഞാൻ നേരത്തെ മനസ്സിലാക്കിയിരുന്നു. ഒരു മിഷ്യനിൽ അധ:കൃതവർഗത്തിൽനിന്നും ഏതാനും പേർ മാനസാന്തരപ്പെട്ടപ്പോഠം വന്ദ്യപിതാവുതന്നെ പ്രത്യേകം കരുതലെടുത്ത് അവരെ അനുഗ്രഹിച്ചു. 8–ാം തീയതി വന്ദ്യപിതാവ് ആശുപത്രിയിലേക്കു പോകുന്നതിനുമുമ്പ് എന്നോടു സംസാരിച്ചപ്പോഠം, മോതിരം, കുരിശ് മുതലായ വിലപിടിപ്പുള്ള സാധനങ്ങഠം അരമനയിൽ സൂക്ഷിക്കണം; അത് അതിരൂപതയുടെ സ്വന്തമാണ് എന്നു പറഞ്ഞു. സ്വന്തമായിട്ടുള്ളതൊക്കെയും പാവപ്പെട്ടവർക്കുള്ളതാണ്, പ്രത്യേകിച്ച് അധ:കൃതർക്ക്.

മാർ ഈവാനിയോസ് പിതാവിനോടുള്ള സ്നേഹവും ബഹുമാനവും ഓരോ ചലനത്തിലും വ്യക്തമായിരുന്നു. അമേരിക്കയ്ക്കു പോയപ്പോഴും, വന്നപ്പോഴും, പിന്നീട് അല്പം ആശ്വാസം തോന്നിയ അവസരത്തിലും വന്ദ്യപിതാവിൻെറ കബറിങ്കൽ പ്രാർത്ഥിച്ചിരുന്നു.

വൈദികരുടെ വിശുദ്ധ ജീവിതത്തെക്കുറിച്ചും പ്രയോജനകരമായ പ്രവർത്തനത്തെക്കുറിച്ചും ഉള്ള ചിന്ത വന്ദ്യപിതാവിൽ സജീവമായിരുന്നു. അവരെ കഴിവുററവരാക്കുന്നതിന് ഉന്നത

www.malankaralibrary.com



വിദ്യാഭ്യാസം നൽകണമെന്നു നിർദ്ദേശിച്ചിട്ടുണ്ട്. വൈദികർ നമ്മുടെ ആളുകളുടെ ഉന്നമനത്തിനുവേണ്ടി പദ്ധതികൾ തയ്യാറാക്കണം. രാഷ്ട്രീയക്കാർ പരസ്പരം കലഹിച്ച് രാജ്യനന്മയ്ക്കായി ഒന്നും ചെയ്യുന്നില്ല. നല്ല രാഷ്ട്രീയ പ്രവർത്തകരെവാർത്തെടുക്കണം. ഒക്ടോബർ 9-ാം തീയതി, മരണത്തിന്റെ തലേദിവസം അഭിവന്ദ്യ ലോറൻസ് പിതാവിനെ വിളിച്ച് പലകാര്യങ്ങൾ കുറിപ്പിച്ചതിൽ പ്രധാന വിഷയവും ഇതായിരുന്നു.

വന്ദ്യപിതാവ് ആരോടെങ്കിലും കർശനമായി പെരുമാറിയിട്ടുണ്ടെങ്കിൽ അത് അവരുടെ നന്മയ്ക്കുവേണ്ടിയാണെന്നും, കരുതൽ കുറവുകൊണ്ടല്ലായെന്നും പറഞ്ഞു. സ്നേഹകുറവായി ആരോടെങ്കിലും പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അതിനെല്ലാം ക്ഷമ ചോദിക്കുന്നു. വന്ദ്യപിതാക്കന്മാരോടു ക്ഷമ ചോദിക്കുന്നു; വൈദികരോടു ക്ഷമ ചോദിക്കുന്നു; ആശ്രമസ്ഥരോടു ക്ഷമ ചോദിക്കുന്നു എന്നു പറഞ്ഞു. ആരാധന എത്രയും ഭംഗിയാക്കുന്നതിന് എല്ലാവരും ഒത്തുശ്രമിക്കണം എന്നു നിർദ്ദേശിച്ചു.

സന്യാസികൾ കഴിവുററവരാകണം, സഭാ പ്രവർത്തനത്തിൽ വൈദികരോടും മെത്രാന്മാരോടും ചേർന്ന് സഭയുടെ വളർച്ചയ്ക്കായി അദ്ധ്വാനിക്കണം. സഭയ്ക്കു പ്രയോജനകരമാകാൻ അവർ നല്ലതുപോലെ പഠിക്കണം. സെമിനാരിക്കാർക്ക നല്ലവിദ്യാഭ്യാസവും പരിശീലനവും നൽകണം, എന്നിങ്ങനെപലകാര്യങ്ങൾ അവസാന സന്ദേശത്തിൽ നൽകുകയുണ്ടായി.

തന്റെ യാത്രയുടെ അന്ത്യത്തിൽ എത്തി എന്നു പിതാവ് പറയുമായിരുന്നു. ഒരദ്ധ്യായം അവസാനിക്കുന്നു. വേറൊരദ്ധ്യായം ആരംഭിക്കുന്നു. സ്വർഗ്ഗത്തിൽ ചെന്നാലും നമുക്കും ധാരാളം പ്രവർത്തിക്കുവാൻ സാധിക്കും എന്ന് വന്ദ്യപിതാവ് പറഞ്ഞു. സന്തോഷത്തോടും തൃപ്തിയോടും ആയിരുന്നു ഇതൊക്കെ പറഞ്ഞിരുന്നത്, മൂന്നുമാസത്തെ അടുത്ത ഒരുക്കം ചെയ്യുന്നതിനു സ്വർഗ്ഗസ്ഥപിതാവ് വിശ്രമമറിയാഞ്ഞ പിതാവിന് അനുവദിച്ചുകൊടുത്ത വിശ്രമ സമയമായിരുന്നു. അത് നന്നായി പ്രയോജനപ്പെടുത്തുകയും ചെയ്തു.

സ്വന്തം രോഗത്തെക്കാൾ, രോഗശുശ്രൂഷയിൽ ഏർപ്പെട്ടിരുന്നവരുടെ ബുദ്ധിമുട്ടുകളാണ് വന്ദ്യപിതാവിനെ അലട്ടിയിരുന്നത്. ''നിങ്ങളുടെ സഹായം എനിക്ക് ആവശ്യമുണ്ട്'' എന്നു സഹോദരങ്ങളോടും

www.malankaralibrary.com



മക്കളോടും പറഞ്ഞിരുന്നു. അവസാനം ആശുപത്രിയിലേക്കു പോകുമ്പോൾ ''എനിക്ക് നിങ്ങൾ ചെയ്ത്തു തന്നെ എല്ലാ ഉപകാരങ്ങൾക്കും നന്ദി'' എന്നും പറഞ്ഞു.

ബോംബെയിൽ നിന്നും പിതാവിനെ ശുശ്രൂഷിക്കുവാനായി വന്ന് മൂന്നു മാസം താമസിച്ച ശ്രീ. ആൻറണി പവ്വത്തിലിനോട്ട് പ്രത്യേക നന്ദി പറഞ്ഞു. ''ആൻറണിയുടെ കുടുംബത്തെയും കുഞ്ഞുങ്ങളെയും ദൈവം അനുഗ്രഹിക്കട്ടെ. ഞാൻ നിങ്ങളുടെ കൂടെ ഉണ്ടായിരിക്കും'' എന്നു പറഞ്ഞു. അതുപോലെ ശുശ്രൂഷിക്കുകയും കാര്യങ്ങൾ ക്രമീകരിക്കുകയും ചെയ്ത പിതാക്കന്മാരോടും വൈദികരോടും നന്ദി പറഞ്ഞു. ബ. ജോർജ് ജോണച്ചൻ ആരോഗ്യം പരിഗണിക്കാതെ അലഞ്ഞു നടന്നു ശുശ്രൂഷാ കാര്യങ്ങൾ ചെയ്യുമ്പോൾ വലിയ വേദന പിതാവിൻെറ മനസ്സിൽ ഉണ്ടായിരുന്നു. അച്ചന് വിശ്രമവും ചികിത്സയും നല്കണമെന്ന് ഡോക്ടേഴ്സിനു നിർദ്ദേശവും കൊടുത്തു.

''ഈ ഡോക്ടേഴ്സ് എത്ര നല്ലവരാണ്. വിശ്രമമില്ലാതെ ബദ്ധപ്പെടുന്നു; എത്ര അർപ്പണബോധത്തോടെയാണ് അവർ പ്രവർത്തിക്കുന്നത്. അവരുടെ മാതൃക നമ്മുടെ വൈദികർ കണ്ടു പഠിക്കണം'' എന്നാണ് ഡോക്ടേഴ്സിനെ കുറിച്ചുള്ള പരാമർശം.

ശുശ്രൂഷിച്ച സ്റ്റീഫൻ കുടുംബത്തോടുള്ള കടപ്പാടും അവർ കാണിച്ച ത്യാഗമനഃസ്ഥിതിയും പല പ്രാവശ്യം പ്രശംസിച്ചു.

ചൊല്ലിക്കൊടുത്ത പ്രാർത്ഥനകൾ ഏററു ചൊല്ലി പ്രാർത്ഥനയുടെ മനുഷ്യനായ ആ താപസ്സൻ നിത്യ സമ്മാനത്തിനായി യാത്രയായി.

www.malankaralibrary.com

വേർപാടിൽ ദുഃഖിക്കുന്ന വൈദികഗണം





അനന്തപുരിയോട് അന്ത്യയാത്ര ചോദിക്കുന്നു


www.malankaralibrary.com

# താപസശ്രേഷ്ഠാ സമാധാനത്താലെ പോവുക






www.malankaralibrary.com



**സഹോദരൻ ഫാ. ഇഗ്നേഷ്യസ്**
**സഹബധാനിയനുമൊത്ത്**

www.malankaralibrary.com



നിത്യഭവനത്തിലേയ്ക്കുള്ള യാത്ര


www.malankaralibrary.com



—പൗരസ്ത്യസഭാ ഭാസുരനും
—സഭൈക്യ പ്രവാചകനും
—വിദ്യാഭ്യാസ വിചക്ഷണനും
—തപോധനനും, സന്യാസപിതാവും
—പുണ്യശ്ലോകനുമായ മാർ ഗ്രിഗോറിയോസ് പിതാവിന്
ബഥനിയുടെ ആദരാഞ്ജലികൾ

www.malankaralibrary.com

# തപശക്തിയിൽ ജ്വലിച്ചുനിന്ന ബനഡിക്ട് മാർ ഗ്രിഗോറിയോസ്



കാഷായ വേഷധാരിയായ അജപാലക ശ്രേഷ്ഠൻ; തപോനിഷ്ഠനായ പുണ്യാത്മാവ്; മാതൃകായോഗ്യനായ ശ്രേഷ്ഠ പുരോഹിതൻ; ബഥനിയുടെ അരുമസുതനും മലങ്കര സഭയുടെ മെത്രാപ്പോലീത്തയുമായിരുന്ന ബനഡിക്ട് മാർ ഗ്രിഗോറിയോസ് കാലയവനികയ്ക്കുള്ളിൽ മറഞ്ഞെങ്കിലും പതിനായിരങ്ങളുടെ മനസ്സിൽ സജീവ സാന്നിദ്ധ്യമായി നിലകൊള്ളുന്നു.

1916 ഫെബ്രുവരി 1-ാം തീയതി കല്ലൂപ്പാറ എന്ന കൊച്ചു ഗ്രാമത്തിൽ ജനിച്ചു. 1932-ൽ കത്തോലിക്കാ വിശ്വാസം സ്വീകരിച്ചു ബഥനിയിൽ ചേർന്നു. 1933-ൽ പരിശീലനത്തിനായി നാലാഞ്ചിറ ബഥനി ആശ്രമത്തിലേക്കയയ്ക്കപ്പെട്ടു. നവസന്യാസ പരിശീലനത്തിനുശേഷം 1935 ആഗസ്റ്റ് 15-നു വ്രതവാഗ്ദാനം നടത്തി 'ആശീർവദിക്കപ്പെട്ടവൻ' എന്നർത്ഥമുള്ള ബനഡിക്ട് എന്ന പുതിയ നാമം സ്വീകരിച്ചു. 1941 ജനുവരി 7-നു നിത്യവ്രതം ചെയ്തു. 1944 ആഗസ്റ്റ് 24-നു പുരോഹിതനായി അഭിഷിക്തനായി. 1953-ൽ മെത്രാനായി വാഴിക്കപ്പെട്ടു; 'ഉണർന്നിരിക്കുന്നവൻ' എന്നർത്ഥമുള്ള ഗ്രിഗോറിയോസ് എന്ന നാമം കൂടി സ്വീകരിച്ചു. ബഥനിയിൽ അഭ്യസിച്ച ജീവിതശൈലിയും ക്രമങ്ങളും മെത്രാൻ പദവിയെ കൂടുതൽ ജാജ്വല്യമാക്കി. ലാളിത്യവും വിനയവും ബഥനിയുടെ പരിശീലനക്കളരിയിൽ അഭ്യസിച്ച സുകൃതങ്ങളാണ്. സന്യാസ നിഷ്ഠയോടെ 59 വർഷം ജീവിച്ചു. ആ ധന്യജീവിതം 1994 ഒക്ടോബർ 10-ാംതീയതി നാഥൻെറ കൈകളിൽ ഏല്പിക്കപ്പെട്ടു. ആ പുണ്യാത്മാവിൻെറ പാവന സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.



---

ഫാ. ജോൺ ഇലവിനാക്കുഴിയിൽ ഒ.ഐ.സി.
വൊക്കേഷൻ പ്രൊമോട്ടർ
ബഥനി ആശ്രമം, തിരുവല്ല - 689 101